# ഇസ്‌ലാമും
## 'ജമാഅത്തെ-ഇസ്‌ലാമി'യും

മൗലവി മുഹമ്മദ് അബുൽവഫാ

Scanned with CamScanner

BASHEER AHMED.
MANJESHWAR

# ഇസ്ലാമും
# 'ജമാഅത്തെ-ഇസ്ലാമി'യും

മൗലവി മുഹമ്മദ് അബുൽവഫാ

പ്രസാധകർ
അഹ്മദിയ്യാ മുസ്ലിം സംസ്ഥാന സമിതി
കോഴിക്കോട്.

CS Scanned with CamScanner

(Malayalam)
**ISLAMUM JAMA'ATHE ISLAMIYUM**

By
**MOULAVI MUHAMMAD ABULWAFA**

Published by:
**Publication Department,**
**Ahmadiya Muslim State Committee,**
G.H Road, Calicut-1.

Typeset :
**CODAPSCAN,** Kannur-2. Ph :66097

Printed at :
**BRB Offset Printers & Publishers**
Chowa, Kannur-6. Ph :. 69995

Commercial Details :
First Edition : 1961
Second Edition : 1995
Copies : 3000
Price : 12/-

KAMP/522/95/3000

Scanned with CamScanner

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ

# അവതാരിക

ആധുനികകാലഘട്ടത്തിൽ യഥാർത്ഥഇസ്ലാമിക സംഘടനയെന്ന അവകാശവാദവുമായി പ്രചരണ കോലാഹലങ്ങൾ കൊണ്ടും ശബ്ദഘോഷങ്ങൾകൊണ്ടും ബഹുജനശ്രദ്ധ പിടിച്ചുപറ്റാൻ ശ്രമിക്കുന്ന ഒരു പ്രസ്ഥാനമാണ് 'ജമാഅത്തെ ഇസ്ലാമി'. ഓരേ അവസരത്തിൽ ശാന്തിയുടെയും സമാധാനത്തിൻെറയും മാനവികതയുടെയും സന്ദേശവാഹകരായി നടിക്കുകയും അതേ അവസരത്തിൽ തന്നെ അതിന്ന് വിരുദ്ധമായ തന്ത്രങ്ങൾ പയറ്റുകയും ചെയ്യുന്ന 'ഇരട്ടമുഖം' ഈ പ്രസ്ഥാനം സ്വീകരിച്ചതായി ഇതഃപര്യന്തമുള്ള ഇതിൻെറ ചരിത്രത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഏകദൈവവിശ്വാസംകൊണ്ട് ദീപ്തമാവുകയും ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകവഴി ധന്യമാവുകയും ചെയ്ത യഥാർത്ഥ ഇസ്ലാമിക മാർഗ്ഗത്തിൽനിന്നും കാപട്യവും വഞ്ചനയും മാറിമാറി പ്രയോഗവൽക്കരിച്ച 'ജമാഅത്തെ ഇസ്ലാമി' എത്രയോ അകലെയാണെന്ന് ആ പ്രസ്ഥാനത്തെക്കുറിച്ചുള്ള സമഗ്രപഠനത്തിൽനിന്നും വ്യക്തമാവും. ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനായ ജനാബ് അബുൽ അഅ്ലാ മൌദൂദിയുടെ കൃതികളിൽനിന്നും ആ പ്രസ്ഥാനത്തിൻെറ യഥാർത്ഥ ചിത്രം നമുക്ക് ലഭിക്കും. 'മുർത്തദ്ദിനെ കൊല്ലണമെന്നും, വാൾ കൊണ്ട് ജിഹാദ് നടത്തണമെന്നും, ഇസ്ലാമികമല്ലാത്ത ഭരണങ്ങളോട് കലാപം ചെയ്യണമെന്നുമൊക്കെ അസഹിഷ്ണുവിനെപ്പോലെ വിളിച്ചുപറയുന്ന മൌദൂദി സാഹിബിൻെറ വഴി സമത്വസുന്ദരമായ ഇസ്ലാമിൻെറ സ്നേഹപാതയുമായി കൂടിച്ചേരുകയില്ല. ഇസ്ലാം മതത്തിൻെറ അടിസ്ഥാനതത്വങ്ങളിൽനിന്നു 'ജമാഅത്തെ ഇസ്ലാമി' എത്രത്തോളം വ്യതിചലിച്ചിരിക്കുന്നുവെന്നു ബോധ്യമാക്കാനും ഈ പ്രസ്ഥാനത്തിൻെറ ദ്വന്ദമുഖം ഇസ്ലാം മതത്തിന് കളങ്കം വരുത്തിയത് വ്യക്തമാക്കാനും 'ഇസ്ലാമും ജമാഅത്തെ ഇസ്ലാമിയും എന്ന ഈ ഗ്രന്ഥം ഉപകരിക്കപ്പെട്ടും.

ഏതെങ്കിലും ഒരു പ്രസ്ഥാനത്തെ അധിക്ഷേപിക്കുക എന്നത് ഞങ്ങളുടെ മാർഗ്ഗമല്ല. എവിടെയെങ്കിലും നന്മയുടെ ഒരു നറുമലരെങ്കിലും വിരിഞ്ഞുകാണുമ്പോൾ ഞങ്ങൾ ആഹ്ലാദിക്കുകയും ചെയ്യുന്നു. എന്നാൽ പുറത്തു പുഞ്ചി

CS Scanned with CamScanner

രിയും അകത്ത് വിഷവുമായി അമ്മാനമാടുന്ന 'രാക്ഷസീയത' ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലെറിയപ്പെടേണ്ടതുണ്ട്. പാക്കിസ്ഥാനിലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിലൂടെ മനുഷ്യമനസ്സാക്ഷിയെ നോവിക്കുന്ന ക്രൂരതകൾ കാട്ടുകയും ഇന്ത്യയിൽ വർഗ്ഗീയവാദം പലപ്പോഴായി ശക്തമായി മുഴക്കുന്നുവെന്ന് മതേതര ശക്തികളിൽ പലരും ആശങ്കയോടെ ചൂണ്ടിക്കാണിക്കുകയും ചെയ്ത 'ജമാഅത്തെ ഇസ്ലാമി' ലോകത്തെവിടെയെങ്കിലും മനുഷ്യൻ വേദനിക്കുമ്പോൾ തങ്ങളുടെ പുറമാണ് നോവുന്നതെന്ന് നടിക്കാൻ വ്യഗ്രത കാട്ടുന്നത് ആത്മാർത്ഥതയോടെയല്ലെന്ന് തീർച്ചയാണ്. ഈ കാപട്യമാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്. ജമാഅത്തെ ഇസ്ലാമിയുടെ പ്രവർത്തനത്തെ ആശങ്കയോടെ വീക്ഷിച്ചവരിൽ ജവഹർലാൽ നെഹ്റു അടക്കമുള്ള മഹാപ്രതിഭകൾ ഉൾപ്പെടുന്നു. നമ്മുടെ ഈ കേരളത്തിൽ അടുത്തകാലത്തായി ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗ് ഇവരുടെ പ്രവർത്തനത്തെ അതിനിശിതമായി വിമർശിക്കുകയുണ്ടായി. 'ജമാഅത്തെ ഇസ്ലാമി'യുടെ യഥാർത്ഥ രൂപം അവരുടെ തന്നെ വാക്കുകളിലൂടെയും പ്രവർത്തനചരിത്രത്തിലൂടെയും ഈ പുസ്തകത്തിൽ വ്യക്തമാക്കുന്നു.

തങ്ങൾ തുടർന്നുകൊണ്ടിരിക്കുന്ന വഞ്ചനാത്മകമായ കപടമാർഗ്ഗത്തിൽനിന്ന് പിന്തിരിയാനും യഥാർത്ഥ ഇസ്ലാമിക സന്ദേശത്തെ ഹൃദയത്തിൽ ഉൾക്കൊള്ളാനും ജമാഅത്തെ ഇസ്ലാമിക്ക് ഇനിയുള്ള കാലങ്ങളിൽ സാധിക്കുമെങ്കിൽ അതേറെ സ്വാഗതാർഹമായിരിക്കും അതിന്നുള്ള പ്രേരണയായി ഈ ഗ്രന്ഥം തീരുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ പുസ്തകം പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

സിക്രട്ടറി
പ്രസിദ്ധീകരണവിഭാഗം
അഹ്മദിയ്യാ മുസ്ലിം സംസ്ഥാന സമിതി

കോഴിക്കോട്
21/1/1995

Scanned with CamScanner

# ഇസ്ലാമും ജമാഅത്തെ ഇസ്ലാമിയും

ഇസ്ലാമികമല്ലാത്ത ഒരു ഭരണത്തോടും കൂറു പുലർത്താൻ മുസ്ലിംകൾക്കു പാടില്ലെന്നും അത്തരം ഭരണകൂടങ്ങളെ സർവ്വശക്തിയുമുപയോഗിച്ച് നശിപ്പിക്കുകയും തൽസ്ഥാനത്ത് ഇസ്ലാമികഭരണം സ്ഥാപിക്കുകയും ചെയ്യേണ്ടത് മുസ്ലിംകളുടെ പരമപ്രധാനമായ കർത്തവ്യമാണെന്നും ഉള്ള ഒരു നവീന പ്രത്യയശാസ്ത്രം ഏതാനും കൊല്ലങ്ങളായി മുസ്ലിംകളിലെ ഒരു വിഭാഗത്തിൽ ഉടലെടുത്തിരിക്കുകയാണല്ലോ. നിലവിലുള്ള ഭരണങ്ങളിൽ ഉദ്യോഗം വഹിക്കുക, തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിൽക്കുക, വോട്ടുചെയ്യുക, ഗവൺമെണ്ടിന്റെ നിയമങ്ങൾ അനുസരിക്കുക ആദിയായവയെല്ലാം ഇസ്ലാമിന്റെ അടിസ്ഥാന തത്വമായ തൌഹീദി (ഏകദൈവ വിശ്വാസത്തി) നു തന്നെ കടകവിരുദ്ധവും 'ശിർക്കും' 'താഗൂത്തി' നെ (ദുർദ്ദേവതയെ) ആരാധിക്കലുമാണെന്നാണ് ഇവർ സിദ്ധാന്തിക്കുന്നത്. പ്രവാചകൻമാരുടെ ആഗമനത്തിന്റെ പരമോദ്ദേശം തന്നെ ഇതര ഭരണങ്ങളെല്ലാം നശിപ്പിച്ച് "ദൈവികഭരണം" സ്ഥാപിക്കലാണെന്നും ഇവർ പറയുന്നു. 'ദീൻ' (മതം) എന്നതിന്റെ വിവക്ഷ സ്റ്റെയിറ്റ് (രാഷ്ട്രം) എന്നാണെന്നും ആകയാൽ ഇസ്ലാംദീൻ എന്നതിന്നു ഇസ്ലാമിക രാഷ്ട്രം എന്നാണ് വിവക്ഷയെന്നും ഇസ്ലാമേതര ഭരണത്തെ അനുസരിക്കുന്നത് ഇസ്ലാമല്ലാത്ത ദീനിനെ അനുസരിക്കലാണെന്നും ഇവർ സമർത്ഥിക്കുന്നു. നമ്മുടെ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഈ പ്രസ്ഥാനത്തിന്റെ ജനയി

CS Scanned with CamScanner

താവ് ജ: അബുൽ അഅ്ലാ മൗദൂദി ആണ്. ഈ ആദർശമനുസരിച്ച്, പ്രസ്തുത ലക്ഷ്യപ്രാപ്തിക്കായി നിലകൊള്ളുന്ന "ജമാഅത്തെ ഇസ്ലാമി" എന്ന സംഘടനയുടെ സ്ഥാപകനും അദ്ദേഹം തന്നെയാണ്. അതുകൊണ്ടാണ്, ഈ ആദർശക്കാരെ മൗദൂദികൾ എന്നും ഈ ചിന്താഗതിയെ മൗദൂദിസം എന്നും പറഞ്ഞുവരുന്നത്.

മേലുദ്ധരിച്ച സംഗതികൾ "ജമാഅത്തെ ഇസ്ലാമി" സംഘത്തിൻെറ ആദർശസിദ്ധാന്തങ്ങളുടെ സംഗ്രഹമാണെന്ന് അതിൻെറ പ്രസിദ്ധീകരണങ്ങൾ വായിച്ചിട്ടുള്ളവർക്കറിയാം. ജ: അബുൽ അഅ്ലാ മൗദൂദി സാഹിബ് എഴുതിയതും "കേരള ജമാഅത്തെ ഇസ്ലാമി" മലയാളത്തിൽ പ്രസിദ്ധീകരിച്ചതുമായ 'ഖുത്ത്ബാത്ത്' എന്ന പുസ്തകത്തിലെ അവസാനത്തെ രണ്ടദ്ധ്യായങ്ങൾ വായിക്കുന്നതായാൽ മേൽ സംഗതി വ്യക്തമാകുന്നതാണ്.

ഈ മൗദൂദി ആദർശക്കാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള ഒരു ഭരണവും ഇന്ന് ലോകത്ത് നിലവിലില്ലെന്ന വസ്തുത ഇവർതന്നെ സമ്മതിക്കുന്നു. അറേബ്യയിലെ സഊദിഭരണംപോലും ഇസ്ലാമികമല്ലെന്നാണ് ഇവർ പറയുന്നത്. കാരണം, അതു ഖിലാഫത്ത് വ്യവസ്ഥിതിയിൽ അധിഷ്ഠിതമല്ല. ഇന്നു നിലവിലുള്ള ഭരണത്തിങ്കീഴിൽ തങ്ങൾ കഴിച്ചുകൂട്ടുന്നത് അങ്ങേയറ്റത്തെ വെറുപ്പോടെയും നിർബ്ബന്ധിതാവസ്ഥയിലുമാണെന്നാണ് ഇവർ പറഞ്ഞൊഴിയുന്നത്.

എന്നാൽ, മൗദൂദികളൊഴിച്ച് ഇതരഭൂരിപക്ഷ മുസ്ലിംകൾ ഈ നൂതനസിദ്ധാന്തം അംഗീകരിക്കുന്നില്ലെന്നത് ആശ്വാസകരം തന്നെ. ഇവരുടെ ഈ മതരാഷ്ട്രതത്വത്തിന്നു ഇസ്ലാമികദൃഷ്ട്യാ യാതൊരു ന്യായീകരണവുമില്ലെന്നത് ഒരു പരമാർത്ഥം മാത്രമാണ്. ഈ യാഥാർ

Scanned with CamScanner

ത്ഥ്യം തെളിയിക്കാനായി ചില വസ്തുതകൾ മുസ്ലിം ബഹുജനസമക്ഷം അവതിരിപ്പിക്കുകയാണ് എന്റെ ഈ ലേഖനോദ്ദേശം.

(1) ഒരു ഭരണം മതേതരമാണെന്ന കാരണത്താൽ മാത്രം അതിനെ നശിപ്പിക്കണമെന്നോ അതിനോട് കൂറ് പുലർത്തരുതെന്നോ പ്രവാചകന്മാരിലാരും തന്നെ പ്രബോധിച്ചിട്ടില്ല. അവരിൽ ആരുടെയും മാതൃക അതിലേയ്ക്ക് മാർഗ്ഗദർശനം ചെയ്യുന്നുമില്ല. നേരെ മറിച്ച് ഖുർആനിൽ പ്രസ്താവിക്കപ്പെട്ട പ്രവാചകന്മാരിൽ പലരും അവരുടെ ആയുഷ്ക്കാലത്തിന്റെ ഒരു വലിയ ഭാഗം മതേതര ഭരണത്തിൽ കഴിച്ചുകൂടിയവരായിരുന്നുവെന്നു ചരിത്രം പിഠപ്പിക്കുന്നു. ചില പ്രവാചകന്മാർ ജീവിതാന്ത്യംവരെയും അത്തരം ഭരണങ്ങളിൽ നിവസിച്ചവരാണ്. സകരിയ്യാ(അ) യഹ്യാ(അ) ഈസാ(അ) ആദിയായ നബിമാരുടെ ജീവിതം ഇതിലേയ്ക്കു മതിയായ സാക്ഷ്യമാണ്. അവരുടെ നിയോഗോദ്ദേശം മതരാഷ്ട്രം സ്ഥാപിക്കുകയായിരുന്നുവെങ്കിൽ കുറഞ്ഞപക്ഷം അവരുടെ ജീവിതാവസാനമെങ്കിലും അതു സാധിക്കേണ്ടതായിരുന്നു. എന്നാൽ അതുണ്ടായില്ലെന്നതാണ് പരമാർത്ഥം. അപ്പോൾ അവർ നിർബ്ബന്ധിതാവസ്ഥയിൽ പന്നിമാംസം ഭുജിക്കുന്നത് പോലെയാണോ തങ്ങളുടെ മുഴുവൻ ജീവിതവും കഴിച്ചുകൂട്ടിയത്? കുറഞ്ഞപക്ഷം അവർ ഹിജ്റത്ത് ചെയ്യേണ്ടതായിരുന്നില്ലേ?

(2) യുസുഫ്നബി (അ) ഒരു ഭൗതികഭരണത്തോടു കൂറ് പുലർത്തിയെന്ന് മാത്രമല്ല ആ ഭരണത്തിൽ പ്രധാനമായ ഒരു ഉദ്യോഗം-മന്ത്രിപദം-അലങ്കരിക്കുകകൂടിചെയ്തു. അദ്ദേഹം മിസ്രിലെ രാജാവിൻെറ നിയമങ്ങൾക്കു വിധേയനായും കൊണ്ടാണ് പ്രസ്തുതപദവി

CS Scanned with CamScanner

യിൽ ഇരുന്നതെന്നു പറയേണ്ടതില്ലല്ലോ. വിദേശത്തുനിന്നു വന്ന തൻെറ അനുജനെ മിസ്രിൽ താമസിപ്പിക്കുന്നതിന്നു നിലവിലുള്ള ചട്ടമനുസരിച്ച് നിയമസാധുത്വം അദ്ദേഹത്തിന്നാവശ്യമായിവന്നു. പിന്നീട് അദ്ദേഹത്തിന്റെ പിതാവായ യാക്കൂബ്നബിയും അവിടെവന്നു താമസമാക്കി. ഈ വസ്തുത ഖുർആൻ നമ്മെ പഠിപ്പിക്കുന്നു (12:55-57)

(3) ഭൗതികഭരണത്തെ അനുസരിക്കൽ 'താഗൂത്തി'നെ (ദുർദ്ദേവതയെ) പൂജിക്കലും ശിർക്കും (ബഹുദൈവാരാധന) ആണെങ്കിൽ പ്രവാചകനായ ഒരാളും അദ്ദേഹത്തിൻെറ ദൌത്യത്തിന്നു മുമ്പ്പോലും അതു ചെയ്തെന്നു വിചാരിക്കാൻ നിവൃത്തിയില്ല. നബിയായ ഒരാളും അവരുടെ ദൌത്യത്തിന്നു മുമ്പുപോലും വിഗ്രഹാരാധന ചെയ്തിട്ടില്ലെന്ന വസ്തുത സർവ്വസമ്മതമാണല്ലോ. മത്രമല്ല പ്രവാചകന്മാർ എല്ലാ പാപങ്ങളിൽനിന്നും പരിശുദ്ധരും സുരക്ഷിതരുമാണെന്നാണ് ഇസ്ലാമിക വിശ്വാസം. ആ സ്ഥിതിക്കു ബഹുദൈവാരാധനയ്ക്കു തുല്ല്യമായ ഒരു തെറ്റ് അവരിൽനിന്നു ഒരിക്കലും സംഭവ്യമല്ല. എന്നാൽ, മൌദൂദികളുടെ സിദ്ധാന്തപ്രകാരം ചില പ്രവാചകന്മാർ മരണംവരെയും, ചിലർ ജീവിതത്തിൽ കറെക്കാലവും ആ 'ശിർക്ക്' ചെയ്തെന്നു പറയേണ്ടിവരും. വിശിഷ്യ മുഹമ്മദ്നബി(സ) തന്നെയും തൻെറ അമ്പത്തിമൂന്നു വയസ്സുവരെ 'താഗൂത്തി'നെ പൂജിച്ചുവെന്ന് പറയേണ്ടിവരും (നഊദുബില്ലാഹ്) നബി തിരുമേനിയ്ക്കു ഭരണംകിട്ടിയതു മദീനയിൽ വന്നതിന്നു ശേഷം മാത്രമാണല്ലോ?

(4) നബിമാരുടെ ആഗമനോദ്ദേശം ജനഹൃദയങ്ങളിൽ സത്യവിശ്വാസവും ഭക്തിയും ഉണ്ടാക്കുകയും

Scanned with CamScanner

മനുഷ്യരിൽ ധാർമ്മികബോധവും സാത്വികതയും വളർത്തുകയുമാണ് സമാധാനപരമായ പ്രബോധനങ്ങളും യുക്ത്യാധിഷ്ടിതമായ ചർച്ചകളും മുഖേനയാണ് അതു കൈവരുത്തേണ്ടത്. ഖുർആൻ പറയുന്നു. "യുക്ത്യാധിഷ്ഠിതമായ തത്വജ്ഞാനവും സദുപദേശവും മുഖേന നീ നിൻെറ നാഥൻെറ മാർഗ്ഗത്തിലേക്കു (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്തമമായ രീതിയിൽ അവരോടു വാദപ്രതിവാദവും ചെയ്യുക" (16:126). മതസ്വാതന്ത്ര്യത്തിൽ കൈകടത്താത്ത ഒരു ഭൌതിക ഭരണത്തിൽ ഇതു സാദ്ധ്യമാകുമെന്നു പറയേണ്ടതില്ലല്ലോ. നേരേമറിച്ചു, പ്രസ്തുത മാർഗ്ഗത്തിൽ കൂടിയല്ലാതെ സ്ഥാപിതമായ ഒരു മതാധിഷ്ഠത ഭരണത്തിലായാൽത്തന്നെയും ബലപ്രയോഗം കൊണ്ടുമാത്രം ഹൃദയങ്ങളിൽ വിശ്വാസവും ഭക്തിയും ധാർമ്മികസാന്മാർഗ്ഗിക ബോധങ്ങളും ഉണ്ടാക്കുക സാദ്ധ്യമല്ലെന്നു വ്യക്തമാണ്. അത്രയുമല്ല, അത്തരം ബലപ്രയോഗം വിപരീതഫലമായിരിക്കും ഉളവാക്കുക ഏറിയാൽ, അതു കുറെ കപടവിശ്വാസികളെ സൃഷ്ടിച്ചെന്നു വരാമെന്നു മാത്രം. അപ്പോൾ അധികാരവും ബലപ്രയോഗവുമല്ല, പ്രബോധനവും പ്രചരണവുമാണ് ആവശ്യമെന്നു തെളിയുന്നു. അതുകൊണ്ടുതന്നെയാണ് ഖുർആൻ ഇപ്രകാരം പറയുന്നത്: "പ്രബോധനം ചെയ്യുക, നീ ഒരു പ്രബോധകൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല." (89:22) "നീ അവരെ ബലപ്രയോഗംകൊണ്ടു. കീഴടക്കുന്നവനല്ല" (89:23) "ജനങ്ങൾ വിശ്വാസികളാകാനായി നീ അവരെ നിർബ്ബന്ധിക്കുകയോ?" (10:100) "മതത്തിൽ യാതൊരു ബലപ്രയോഗവുമില്ല." (2:257)

(5) ഖുർആനിൽ പ്രസ്താവിക്കപ്പെട്ട പ്രവാചക

Scanned with CamScanner

ന്മാരിൽ ഒന്നു രണ്ടു പേർ മാത്രമേ ജീവിതകാലം മുഴുവനും മതാധിഷ്ഠിത ഭരണങ്ങൾ നടത്തിയിട്ടുള്ളു. മറ്റു പ്രവാചകന്മാരുടെ നില അതായിരുന്നില്ല. അവരിൽ അധികപേർക്കും മരണം വരെ ഭരണം ലഭിച്ചതായി അറിയപ്പെടുന്നില്ല. ഏതാനും നബിമാർക്ക് മാത്രമാണ് ദൌത്യം ലഭിച്ചിട്ടു കുറെക്കാലം കഴിഞ്ഞതിന്നുശേഷം ചില പരിമിതമായ പ്രദേശങ്ങളിൽ അധികാരം നടത്തുവാൻ സാധിച്ചിട്ടുള്ളത്. പക്ഷെ, അതു അവരുടെ പ്രസ്ഥാനത്തിൻെറ പരമോദ്ദേശമായി പ്രഖ്യാപിക്കപ്പെട്ടിരുന്നില്ലെന്നത് ഒരു പരമാർത്ഥം മാത്രമാണ്. അവരുടെ ആദ്ധ്യാത്മിക നേതൃത്വം സ്വീകരിച്ച ഒരു ജനസഞ്ചയം ഉണ്ടായിതീർന്നപ്പോൾ സ്വാഭാവികമായിത്തന്നെ അവരുടെ ഭൌതികനേതൃത്വവും അവർക്ക് കൈവന്നു എന്നേയുള്ളൂ. അല്ലാതെ തങ്ങളുടെ ആഗമനത്തിൻെറ പരമപ്രധാനമായ ലക്ഷ്യം ഭരണം സ്ഥാപിക്കലാണെന്നു ഒരു പ്രവാചകനും സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല. അങ്ങിനെയായിരുന്നെങ്കിൽ, ഭൂലോകത്തുള്ള ഭരണങ്ങളത്രയും പ്രവാചകന്മാർക്കധീനമാകേണ്ടിയിരുന്നു. കുറഞ്ഞപക്ഷം ലോകത്തുവെച്ചു ഏറ്റവും വലിയ ഭരണകൂടങ്ങൾ സ്ഥാപിച്ചവർ അവരായിരിക്കേണ്ടതാണ്. എന്നാൽ വസ്തുത നേരെ വിപരീതമാണല്ലൊ? ലെനിനോ, മാവോസെതുങ്ങോ സ്ഥാപിച്ചതുപോലുള്ളത്ര വിസ്തൃതമായ ഒരു ഭരണമെങ്കിലും ഒരു പ്രവാചകനും തൻെറ ജീവിത കാലത്ത് സ്ഥാപിച്ചതായി അറിയപ്പെടുന്നില്ല.

(6) മൌദൂദി ആദർശം സ്വീകരിക്കുന്നപക്ഷം പ്രവാചകനിയോഗം അതിൻെറ ലക്ഷ്യപ്രാപ്തിയിൽ പരാജയപ്പെട്ടെന്നു പറയേണ്ടിവരും? അതു ദൈവദൂഷണമാണല്ലൊ. എന്തെന്നാൽ ദൈവികരാഷ്ട്രം സ്ഥാപിക്കലാ

Scanned with CamScanner

ണ് പ്രവാചകന്മരുടെ ആഗമനോദ്ദേശമെങ്കിൽ അല്ലാഹു അവർക്കു അതു സാധിപ്പിച്ചു കൊടുക്കേണ്ടതായിരുന്നു. അതായത്, ഏതേത് പ്രവാചകന്മാർ ഏതേതു നാടുകളിൽ നിയുക്തരായോ ആ നാട്ടിൻെറ ആധിപത്യം അവർക്കു ലഭിച്ചിരിക്കേണ്ടതാണ്. പ്രവാചകന്മാർ അവരുടെ ലക്ഷ്യപ്രാപ്തിയിൽ പരാജയപ്പെട്ടെന്നു ഒരു മുസ്ലിമിന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. എന്തെന്നാൽ ഖുർആൻ പറയുന്നു: "താനും തൻെറ പ്രവാചകന്മാരും തീർച്ചയായും ജയിക്കുമെന്നു അല്ലാഹു ഖണ്ഡിതമായി തീരുമാനിച്ചിരിക്കുന്നു; നിശ്ചയമായും അല്ലാഹു സർവ്വശക്തനും പ്രതാപവാനുമാണ്."(58:22) "തീർച്ചയായും നാം നമ്മുടെ പ്രവാചകന്മാരെയും വിശ്വസിച്ചവരെയും ഈ ലോകത്തു വെച്ചും സാക്ഷികൾ എഴുന്നേൽക്കുന്ന നാളിലും സഹായിക്കുന്നതാകുന്നു." ഇത്രയും ഉറപ്പായി നൽകിയ തൻെറ വാഗ്ദത്തം അല്ലാഹു ലംഘിച്ചുവെന്നോ അഥവാ, അല്ലാഹുവിന്ന് അതു നിറവേറ്റാൻ സാദ്ധ്യമായില്ലെന്നോ പറയാവതല്ലല്ലോ.

പ്രവാചകൻമാരുടെ ആഗമനലക്ഷ്യം ഭരണം സ്ഥാപിക്കലായിരുന്നു എങ്കിൽ, അല്ലാഹു എല്ലാ പ്രവാചകൻമാർക്കും അതു സാധിപ്പിച്ചു കൊടുക്കേണ്ടതായിരിക്കുന്നു. പക്ഷേ, അതുണ്ടായില്ല. എന്തിനേറെ പറയണം; നമ്മുടെ മുഹമ്മദ് റസൂലുല്ലാഹി(സ) തിരുമേനി മുഴുവൻ ലോകത്തിനും ലോകാവസാനം വരെയ്ക്കുമുള്ള പ്രവാചകനാണല്ലോ. ആ സ്ഥിതിക്കു തിരുനബിയുടെ നിയോഗോദ്ദേശം തൻെറ ജനതയുടെ മേൽ ഭൌതികഭരണം നടത്തുക എന്നതായിരുന്നുവെങ്കിൽ, തിരുമേനിക്ക് സുശക്തമായ ലോകാധിപത്യം കൈവന്നിരിക്കണം. മാത്രമല്ല, അതു തിരുനബിയുടെ കാലം മുതൽ

Scanned with CamScanner

ലോകാവസാനം വരെ നിലനിൽക്കുകയും വേണം. എന്നാൽ തിരുനബിയുടെ ജീവകാലത്ത് അതു സാധിച്ചില്ലെന്നു മാത്രമല്ല, അനുയായികളിലും ഇതേവരെയും ആ ലക്ഷ്യം സാധിതപ്രായമായിട്ടില്ല. അപ്പോൾ നബിതിരുമേനിയുടെ നിയോഗോദ്ദേശം പരാജയമടഞ്ഞുവെന്നോ അഥവാ അല്ലാഹു അവൻെറ ദൂതൻമാരെ സഹായിക്കുന്നതിലും വിജയിപ്പിക്കുന്നതിലും പരാജയപ്പെട്ടുവെന്നോ മൌദൂദികൾ പറയുമോ?

(7) പ്രവാചകൻമാരുടെ പ്രധാന കർത്തവ്യം ഭരണം സ്ഥാപിക്കുകയല്ല, അല്ലാഹുവിൻെറ പക്കൽ നിന്നുള്ള സത്യ സന്ദേശം സമാധാന മാർഗ്ഗേണ പ്രബോധിക്കുക, മാത്രമാണ്. ഖുർആൻ പറയുന്നു: "(ദൈവസന്ദേശം) എത്തിക്കുകയല്ലാതെ നിനക്ക് യാതൊരു കടപ്പാടുമില്ല."(3:21) "പ്രബോധനം ചെയ്യുക" നിശ്ചയമായും നീ ഒരു പ്രബോധകൻ മാത്രമാണ്."(89:22) "വ്യക്തമായ തരത്തിലുള്ള പ്രബോധനമല്ലാതെ ഞങ്ങൾക്കു യാതൊരു ബാധ്യതയുമില്ല."(36:18) "ഇഷ്ടമുള്ളവർ വിശ്വസിച്ചുകൊള്ളട്ടെ; അവിശ്വസിക്കുവാൻ ഉദ്ദേശിക്കുന്നവർ നിരാകരിക്കുകയും ചെയ്തുകൊള്ളട്ടെ." (18:30)

പ്രവാചകലോകത്തിൻെറ ചരിത്രം നമ്മെ പഠിപ്പിക്കുന്നതും ഈ യാഥാർത്ഥ്യം തന്നെയാണ്. "(ഖൂലാ ലഹു ഖൌലൻ ലയ്യിനൻ)" "നിങ്ങൾ രണ്ടുപേരും അവനോട് (ഫിർഔനോട്) സൗമ്യമായ വാക്കു പറയുക" എന്നാണ് അല്ലാഹു മൂസാനബി(അ)യോടും ഹാറൂൻനബി(അ)യോടും കൽപ്പിച്ചത്. ആ അദ്ധ്യാപനമനുസരിച്ച് അവർ സമാധാനപരമായി പ്രബോധനം ചെയ്തു. ഇഷ്ടമുള്ളവർ വിശ്വസിച്ചു. ഇഷ്ടമില്ലാത്തവർ അവിശ്വസിച്ചു. എല്ലാപ്രവാചകൻമാരുടെയും സ്ഥിതി ഇത് തന്നെ

Scanned with CamScanner

യാണ്. നമ്മുടെ മുഹമ്മദ് നബി(സ) ഭൂജാതനായിട്ട് ആയിരത്തി നാനൂറിൽപരം കൊല്ലങ്ങളായി. ഭൂഗോള നിവാസികളിൽ അധികവും ഇന്നും തിരുനബിയെ വിശ്വസിക്കാത്തവരാണ്. അതിനു തിരുമേനി(സ) ഉത്തരവാദിയല്ല. കാരണം അദ്ദേഹത്തിന്റെ കർത്തവ്യം തന്റെ ദൗത്യം പ്രബോധനം ചെയ്യുക എന്നതു മാത്രമായിരുന്നു. അതു അദ്ദേഹം നിർവ്വഹിക്കുകയും ചെയ്തു. ഇഷ്ടമുള്ളവർ വിശ്വസിക്കുകയും ഇഷ്ടമില്ലാത്തവർ അവിശ്വസിക്കുകയും ചെയ്തു. ഈ യാഥാർത്ഥ്യം മനസിലാക്കുന്ന പക്ഷം നബിമാർ പരാജയപ്പെട്ടുവെന്ന് പറയാൻ നമ്മൾ നിർബന്ധിതരാവുന്നില്ല. എന്നാൽ മൗദൂദികൾക്ക് അവർ സ്വീകരിച്ച മേൽപറഞ്ഞ സിദ്ധാന്ത പ്രകാരം നബിമാർ പരാജയപ്പെട്ടുവെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല.

(8) 'ദീൻ' എന്ന വാക്കിന്റെ വിവക്ഷ 'സ്റ്റെയിറ്റ്' (രാഷ്ട്രം) എന്നാണെന്ന് മൗദൂദി സാഹിബ് തന്നെ തന്റെ 'ഖുത്ത് ബാത്ത്' എന്ന പുസ്തകത്തിൽ സമർത്ഥിക്കുന്നു. (ഖുത്ത് ബാത്ത് മലയാള പരിഭാഷ 1-ാം പതിപ്പ് ഭാ. 411). അപ്പോൾ, വിശുദ്ധഖുർ ആനിലെ "അവനത്രെ തന്റെ ദൂതനെ നേർമാർഗ്ഗത്തോടും സത്യമതത്തോടും കൂടി നിയോഗിച്ചിട്ടുള്ളവൻ, അങ്ങിനെ മറ്റെല്ലാ മതങ്ങളുടെയും മേൽ വിജയിപ്പിക്കുന്നതിനുവേണ്ടി" (61:10) എന്ന ഖുർആൻ വാക്യത്തിന്ന് മൌദൂദികളുടെ ഭാഷയിൽ ഇങ്ങിനെ അർത്ഥം പറയേണ്ടിവരും:- "അവനത്രേ തന്റെ റസൂലിനെ നേർമാർഗ്ഗത്തോടും 'സത്യരാഷ്ട്രത്തോടും കൂടി നിയോഗിച്ചവൻ. അദ്ദേഹം അതിനെ സത്യരാഷ്ട്രത്തെ മറ്റു സമസ്ത രാഷ്ട്രങ്ങളുടെ മേലും വിജയിപ്പിക്കാനായി" ഈ അർത്ഥവിവക്ഷയുടെ പരിണിതി എന്തായിരിക്കുമെന്ന് അവർതന്നെ നമുക്ക്

Scanned with CamScanner

പറഞ്ഞുതരേണ്ടിയിരിക്കുന്നു. നബി(സ) തിരുമേനി കൊണ്ടുവന്ന ആ 'സത്യരാഷ്ട്രം' ഏതാണ്? നബി(സ) തിരുമേനി മദീനായിൽ ചെന്നതിന്നു ശേഷം അവിടെ ഒരു ഭരണം സ്ഥാപിതമായെന്നതു വാസ്തവം തന്നെ. എന്നാൽ ആ രാഷ്ട്രം ലോകത്തുള്ള മറ്റെല്ലാ രാഷ്ട്രങ്ങളെയും ജയിച്ചടക്കിയോ? ഇല്ലെന്നതല്ലേ പരമാർത്ഥം? നബി(സ) തിരുമേനിക്ക് ലഭിച്ച ഭരണം ഒരു ചെറിയ ഭൂവിഭാഗത്തിനു മാത്രമായിരുന്നുവല്ലോ നബി(സ) തിരുമേനിയുടെ വിയോഗാനന്തരം അതു കുറെ വ്യാപിച്ചിരുന്നെങ്കിലും പിന്നീട് ആ വ്യാപ്തി നിലച്ചുപോയെന്നു മാത്രമല്ല. അതിൻെറ സ്വഭാവം തന്നെ മാറിപ്പോയി. അതായത് നബിയുടെ വഫാത്തിനുശേഷം ഏതാണ്ട് മുപ്പതുകൊല്ലമായപ്പോഴേയ്ക്കും യഥാർത്ഥ ഖിലാഫത്ത് ഭരണം അവസാനിച്ചു. തൽസ്ഥാനത്ത് ഏകാധിപത്യ രാജവാഴ്ചയാണ് സ്ഥാനംപിടിച്ചത്. മൌദൂദികളുടെ ഭാഷയിൽ പറഞ്ഞാൽ, ഇസ്ലാമിക ഭരണത്തിൽനിന്നും ഒരു അനിസ്ലാമിക താഗൂത്തിഭരണമാണ് ഉടലെടുത്തത്. ഈ വസ്തുത മൌദൂദികളും സമ്മതിക്കുന്നുണ്ടല്ലോ. അപ്പോൾ, അവരുടെ ഭാഷയിൽ ഇങ്ങിനെ പറയണം: മുഹമ്മദ്നബി (സ) ദൌത്യത്തിന്നുമുമ്പ് 40 കൊല്ലക്കാലവും ദൌത്യത്തിനു ശേഷം 13 കൊല്ലക്കാലവും താഗൂത്തിനെ ആരാധിച്ചുപോന്നു. പിന്നീട് മദീനയിൽവന്നതിന്നുശേഷം അവിടെ ഒരു 'സത്യരാഷ്ട്രം' (ദീനുൽഹഖ്) അഥവാ ഹുക്കൂമത്തെ ഇലാഹിയ്യാ സ്ഥാപിതമായി പക്ഷെ ഇതര രാഷ്ട്രങ്ങളെയെല്ലാം അതു ജയിച്ചടക്കുമെന്ന അല്ലാഹുവിൻെറ വചനം നിറവേറിയില്ല. (നഊദുബില്ലാഹ്) മാത്രമല്ല, ആ രാഷ്ട്രം തന്നെയും നബിതിരുമേനിയുടെ വിയോഗത്തിന്നുശേഷം 30 കൊല്ലമായപ്പോഴേയ്ക്കും താഗൂത്തിനു കീഴ്പെട്ടുപോയി. പിന്നീട് പ

CS Scanned with CamScanner

തിമൂന്നര നൂറ്റാണ്ടു കഴിഞ്ഞിട്ടും ആ ദീനുൽഹക്ക് (സത്യ രാഷ്ട്രം) നഷ്ടപ്പെട്ട മുസ്ലിംകൾക്കു അതിനെ പുനഃസ്ഥാപിക്കാൻ കഴിഞ്ഞില്ല. അങ്ങിനെ മുസ്ലിംകൾ 14 നൂറ്റണ്ടുകളായി താഗൂത്തി ഭരണങ്ങളെ അനുസരിച്ചുകൊണ്ടേ വന്നു. കഷ്ടം! എന്നാൽ, ഈ ദുസ്ഥിതിയിൽനിന്നു മുസ്ലിംസമുദായത്തെ മോചിപ്പിക്കാനും നബിയുടെ ആഗമനോദ്ദേശം പൂർത്തിയാക്കാനുമായി മൌദൂദി സാഹിബിന്നു ബോധോദയമുണ്ടായത് മഹാ ഭാഗ്യം തന്നെ! പക്ഷെ, പാക്കിസ്ഥാനിൽ അയ്യൂബ്ഖാൻെറ ഭരണം അദ്ദേഹത്തെ തൻെറ ആ "ദീനുൽഹഖ്" സ്ഥാപിക്കാൻ വിട്ടില്ല. മൌദൂദി സാഹബിൻെറ 'ജമാഅത്തെ ഇസ്ലാമി' എന്ന സംഘടനയെ അദ്ദേഹം പാക്കിസ്ഥാനിൽ നിയമവിരുദ്ധമാക്കുകയും അതിൻെറ പ്രവർത്തനം തടയുകയും ചെയ്തിരിക്കയാണ്!!

(9) ഇസ്ലാമിക ഭരണത്തിൻകീഴിലല്ലാതെ ഒരാൾക്ക് പൂർണ്ണ മുസ്ലിമാകാൻ സാദ്ധ്യമല്ലെന്നാണല്ലോ മൌദൂദികളുടെ വാദം. എന്നാൽ, ഇവിടെ നാം ഒന്നു ചിന്തിക്കേണ്ടതുണ്ട്. ഒരു സ്ഥലത്ത് മുസ്ലിമായി ജീവിക്കാൻ സാദ്ധ്യമല്ലാതെ വരുന്നപക്ഷം ആ സ്ഥലം മാറി മറ്റൊരുസ്ഥലത്തേയ്ക്ക് 'ഹിജ്റത്ത്' ചെയ്യണമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്! മാത്രമല്ല, അങ്ങിനെ ഹിജറത്ത് ചെയ്യാതെ പ്രതികൂല പരിതസ്ഥിതിയ്ക്ക് വഴങ്ങി വീഴ്ചകൾ വരുത്തിയവരോട് അവരുടെ മരണവേളയിൽ മലക്കുകൾ അവരുടെ പാപകരമായ ജീവിതത്തെകുറിച്ച് ചോദ്യം ചെയ്യുമെന്നും, അപ്പോൾ, അവർ തങ്ങൾക്ക് സ്വദേശത്ത് മതസ്വാതന്ത്ര്യം അനുവദിക്കപ്പെടാത്തതുകൊണ്ട് നിബ്ബന്ധിതാവസ്ഥയിൽ ബലഹീനത കാരണം വീഴ്ചകൾ വന്നുപോയതാണെന്നു ഉത്തരം പറയുമെന്നും

Scanned with CamScanner

അതിന്നു മറുപടിയായി മലക്കുകൾ - "അലംതകുൻ അറ്ളുല്ലാഹി വാസിഅത്തൻ ഫ തുഹാജിറൂ ഫീഹാ" "അല്ലാഹുവിൻെറ ഭൂമി വിശാലമായിരുന്നില്ലേ? നിങ്ങൾക്ക് അതിൽ ഹിജ്റത്ത് ചെയ്യാമായിരുന്നല്ലോ". (4:98) എന്നു ചോദിക്കുമെന്നും ഖുർആൻ പറയുന്നു. ഇവിടെ നാം ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഇസ്ലാമിക ഭരണം നടത്തുകയെന്നത് ദീനിൻെറ ഒഴിച്ചുകൂടാത്ത ഘടകമാണെന്നു വരുമ്പോൾ മതസ്വാതന്ത്ര്യത്തിൻെറ പരിധിയിൽ ഇസ്ലാമിക ഭരണം നടത്താനുള്ള സ്വാതന്ത്ര്യവും ഉൾപ്പെടുമല്ലോ. അതായത് മൗദൂദി ഭാഷയിൽ പരിപൂർണ്ണ ഇസ്ലാമിക ജീവിത പദ്ധതി നടപ്പിൽ വരുത്തണം. ആ സ്വാതന്ത്ര്യമില്ലാത്തേടത്ത് ജനങ്ങൾ താഗൂത്തിനെ അനുസരിക്കാനും ശിർക്കുചെയ്യാനും നിർബ്ബന്ധിതരായിത്തീരുന്നുവെന്നാണ് മൗദൂദി സിദ്ധാന്തം എന്നാൽ, മേൽപ്രസ്താവിച്ച ഖുർആനിക അദ്ധ്യാപനമനുസരിച്ച് മതസ്വാതന്ത്ര്യമനുവദിക്കപ്പെടാത്ത നാട്ടിലെ മുസ്ലിംകൾ, അഥവാ, മുസ്ലിമാകാനുദ്ദേശിക്കുന്നവർ സ്ഥലം മാറി ഇതരദേശത്തേയ്ക്ക് പോകേണ്ടതാണ്. അങ്ങിനെ പോകുന്നവർക്ക് മതിയായത്ര സ്ഥലം ഭൂമിയിൽ ഉണ്ടായിരിക്കുകയും വേണം. കാരണം, അല്ലാഹുവിൻെറ ഭൂമി വിശാലമായിരുന്നില്ലേ? എന്നു മലക്കുകൾ ചോദിക്കുമെന്നാണ് അല്ലാഹു പറയുന്നത്. അപ്പോൾ, തങ്ങൾ 'പന്നിമാംസം' തിന്നുന്നതുപോലെ മനം വെറുത്തുകൊണ്ടു നിർബ്ബന്ധിതാവസ്ഥയിൽ കഴിഞ്ഞുകൂടുകയാണെന്ന ഒഴികഴിവു വിലപ്പോകുകയില്ല. എന്തെന്നാൽ ആ 'പന്നിമാംസം' കഴിക്കാതെ സ്ഥലം വിടണമെന്നാണ് അല്ലാഹു പറയുന്നത്. അങ്ങിനെ 'ഹിജ്റത്ത്' ചെയ്യുന്നവർക്ക് ഭൂമിയിൽ വിശാലമായ സ്ഥലമുണ്ടായിരിക്കുമെന്നും അല്ലാഹു പറയുന്നു.

Scanned with CamScanner

എന്നാൽ നമുക്കു ചോദിക്കുവാനുള്ളത് ഇതാണ്. ഇന്നു ഇവർ എവിടെ ഹിജറത്ത് ചെയ്തുപോകും? ഇന്നു നിലവിലുള്ള സമസ്തഭരണങ്ങളും 'താഗൂത്തി' യാണെന്നല്ലെ ഇവർ പറയുന്നത്? അപ്പോൾ 'അല്ലാഹു വിൻെറ ഭൂമി വിശാലമായിരുന്നില്ലെ' എന്ന ഖുർആനിക വചനം തെറ്റാണെന്ന് ഇവർ പറയേണ്ടിവരും. അല്ലെ ങ്കിൽ, ആ വചനം ഇപ്പോൾ പ്രായോഗികമല്ലെന്നു പറയ ണം. എന്നാൽ അതിലും എളുപ്പം തങ്ങൾക്ക് തെറ്റ് പിണ ഞ്ഞിരിക്കയാണെന്നു മൌദൂദികൾ തന്നെ ഏറ്റുപറ യുകയാണല്ലോ!

ഖുർആനിൽ വിശ്വസിക്കുന്ന ഒരാൾക്കും അതി ലെ ഒരു വചനമെങ്കിലും സാർത്ഥകമല്ലെന്നു പറയുക സാദ്ധ്യമല്ല. ഒരിടത്ത് മതസ്വാതന്ത്ര്യമില്ലാതെ വരു മ്പോൾ ആ സ്വാതന്ത്ര്യം അനുവദിക്കപ്പെടുന്ന ഇതരദേശ ങ്ങളിലേക്കു പോയിക്കൊള്ളണമെന്നും അങ്ങിനെ പോ കാനുദ്ദേശിക്കുന്നവർക്കു വിശാലമായ ഈ ഭൂമിയിൽ ധാരാളം സ്ഥലമുണ്ടായിരിക്കുമെന്നുള്ള പ്രസ്തുത ഖുർആനികാദ്ധ്യാപനം മുമ്പെന്നപോലെ ഇന്നും എ ന്നും പ്രായോഗികമാണെന്നും മൌദൂദികളൊഴിച്ചുള്ള എല്ലാ മുസ്ലിംകളും ദൃഢമായി വിശ്വസിക്കുന്നു. ദീൻ എന്ന വാക്കിന്ന് രാഷ്ട്രം എന്നു അവർ വ്യാഖ്യാനിക്കുക യോ മതേതര ഭരണത്തോടു കൂറു പുലർത്തുന്നത് ശിർ ക്കാണെന്നു സിദ്ധാന്തിക്കുകയോ ചെയ്യാത്ത കാലം വരെ അവർക്കങ്ങിനെ വിശ്വസിക്കാൻ കഴിയും. എ ന്നാൽ, മൌദൂദികൾക്കതു സാദ്ധ്യമല്ല. കാരണം അവരു ടെ പക്കൽ ഭരണാധികാരം മതത്തിൻെറ അവിഭാ ജ്യഘടകമത്രെ.

(10) നബി (സ) യുടെ കാലത്തു മക്കയിൽ മത

Scanned with CamScanner

സ്വാതന്ത്ര്യമില്ലാതിരുന്നപ്പോൾ തിരുസഹചരർ അബിസീനിയ്യിലേയ്ക്കു 'ഹിജ്റത്ത്'ചെയ്യാൻ നിർബ്ബന്ധിതരായി. അവിടെ ഭരിക്കുന്നത് മതസ്വാന്ത്ര്യമനുവദിക്കുന്ന നീതിമാനായ ഒരു രാജാവാണെന്നും അവിടെച്ചെന്ന് തങ്ങളുടെ ദീനിനെ സംരക്ഷിച്ച് കൊള്ളേണമെന്നും നബി(സ) കല്പിച്ചതനുസരിച്ചായിരുന്നു അവർ പ്രവാസത്തിന്നുപോയത്. അങ്ങനെ അവർ അബിസീനിയയിൽ ക്രിസ്തീയരാജാവായ നജ്ജാശിയുടെ കൂറുള്ള പ്രജകളായി സ്വൈര്യജീവിതം നയിച്ചു. അവിടെ ഭരണത്തെ അട്ടിമറിക്കുന്നതിനു അവർ ശ്രമിച്ചില്ലെന്നു മാത്രമല്ല, നജ്ജാശി രാജാവിൻെറ നേരെ പടയെടുത്ത ശത്രുക്കളോട് യുദ്ധം ചെയ്യാൻ പോലും അവർ സന്നദ്ധരായി (തഫ്സീറുബ്നു കസീർ നോക്കുക) അത്രയുമല്ല, യുദ്ധത്തിൽ നജ്ജാശിയുടെ വിജയത്തിനായി അവർ പ്രാർത്ഥിക്കുകയും വിജയലബ്ധിയിൽ അത്യന്തം സന്തോഷം കൊള്ളുകയും കൂടിചെയ്തു. (താരീഖുൽകാമിൽ).

മൗദൂദി സാഹിബിൻെറ സിദ്ധാന്തം ശരിയാണെന്നു വരികിൽ മേല്പറഞ്ഞ സഹാബാക്കൾ അബിസീനിയായിൽ പോയത് ശരിയല്ലെന്ന് പറയേണ്ടിവരും. അല്ലെങ്കിൽ, അവർ അവിടെചെന്ന് നജ്ജാസിയോട് പടയ്ക്കൊരുങ്ങേണ്ടതായിരുന്നു. കുറഞ്ഞപക്ഷം, രഹസ്യമായിട്ടെങ്കിലും ഭരണത്തെ നശിപ്പിക്കാൻ ശ്രമിക്കേണ്ടതായിരുന്നു.

(11) പ്രവാചകൻമാരെയും അവരുടെ പ്രഥമാനുയായികളെയും അതതുകാലത്തെ എതിരാളികളായ ഭൂരിപക്ഷജനം മർദ്ദിച്ചുകൊണ്ടിരുന്നിട്ടുണ്ടല്ലോ. ആ വിരോധികൾക്ക് പ്രവാചകൻമാരെക്കുറിച്ചുണ്ടായിരുന്ന ആക്ഷേപം അവർ നിലവിലിരുന്ന ഭരണത്തെ അട്ടിമറിക്കു

CS Scanned with CamScanner

വാൻ ശ്രമിക്കുന്നുവെന്നതായിരുന്നില്ല; മറിച്ച്, തങ്ങളുടെ പൂജ്യപൂർവ്വികൻമാരിൽനിന്ന് പരമ്പരാഗതമായി ലഭിച്ച വിശ്വാസാചാരങ്ങളെ ഖണ്ഡിക്കുകയും പുതിയ വിശ്വാസങ്ങൾ പ്രബോധിക്കുകയും ചെയ്തുവെന്നതായിരുന്നു. നമ്മുടെ മുഹമ്മദുനബി (സ) യേയും ഇബ്രാഹിം (അ), മൂസാ (അ) ഈസാ (അ) ആദിയായ പ്രവാചകൻമാരെയും ശത്രുക്കൾ ഉപദ്രവിച്ചതും സ്വന്തം നാടുവിട്ടുപോവാൻ നിർബന്ധിതരാക്കിയതും ഇതേ കാരണത്താലാണെന്നു ചരിത്രം സാക്ഷികരിക്കുന്നു. ഖുർആൻ ഈ സംഗതി ധാരാളം വ്യക്തമാക്കിത്തരുന്നുണ്ട്. ഉദാഹരണാർത്ഥം ഖുർആന്റെ ചില പ്രസ്താവനകൾ താഴെ ഉദ്ധരിച്ചുകൊള്ളാം:-

(a) മൂസാനബി (അ) യെ എതിർക്കാനായി ഫിർഔൻ ക്ഷണിച്ചുവരുത്തിയ മാരണക്കാർ (സഹറത്ത്), മൂസാനബി (അ) കാണിച്ചുകൊടുത്ത അത്ഭുതദൃഷ്ടാന്തം കണ്ട് മാനസാന്തരപ്പെട്ട് അദ്ദേഹത്തിൽ വിശ്വസിക്കുകയുണ്ടായി. അപ്പോൾ രോഷാകുലനായ ഫിർഔൻ, 'എന്റെ അനുമതികൂടാതെ നിങ്ങൾ അവനിൽ വിശ്വസിച്ചുവോ, ഞാൻ നിങ്ങളുടെ കൈകാലുകൾ ഛേദിച്ച് നിങ്ങളെ കുരിശിൽ തറച്ച് കൊന്നുകളയും' എന്നു പറഞ്ഞു. അതിനു ആ പുതുവിശ്വാസികളുടെ മറുപടി ഇതായിരുന്നു:- "ഒമാതൻ ഖിമു മിന്നാഇല്ലാ അൻ ആമന്നാബി ആയ'ത്തിറബ്ബിനാലമ്മാ ജാ അഅ്നാ" "ഞങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്കു വന്നപ്പോൾ ഞങ്ങളവയിൽ വിശ്വസിച്ചു എന്നതല്ലാതെ മറ്റൊന്നും നീ ഞങ്ങളിൽ ആക്ഷേപമായി കാണുന്നില്ല." (7:127). അതായത്, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ബോദ്ധ്യമായപ്പോൾ ഞങ്ങൾ വിശ്വസിച്ചു

Scanned with CamScanner

വെന്നതുമാത്രമാണല്ലോ ഞങ്ങളുടെ കുറ്റം. ഇതല്ലാതെ ഒരു കുറ്റവും ഞങ്ങൾ ചെയ്തിട്ടില്ലെന്നു നിങ്ങൾതന്നേ സമ്മതിക്കുന്നു. ആ സ്ഥിതിക്ക് ഞങ്ങളെ ശിക്ഷിക്കാൻ നിങ്ങൾക്കു എന്തവകാശമാണുള്ളത്? എന്നിങ്ങിനെയുള്ള ന്യായവാദംകൊണ്ടു ആ മർദ്ദിതർ തങ്ങളുടെ ശത്രുപക്ഷത്തിൻെറ നീതിബോധത്തെ ചോദ്യംചെയ്യുകയാണ്. മൂസാനബി (അ) ൻെറ ദൌത്യോദ്ദേശം നിലവിലിരുന്ന ഭരണത്തെ തകിടംമറിച്ചു ഒരു പുതിയ ഭരണക്രമം സ്ഥാപിക്കുകയായിരുന്നെങ്കിൽ ഈ ന്യായം വിലപ്പോകുമായിരുന്നില്ല. രാജ്യദ്രോഹികളെ ശിക്ഷക്കാൻ ഏതൊരു ഗവർമ്മെണ്ടിന്നും നിയമപരമായും ധാർമ്മികമായും അവകാശമുള്ളതാണല്ലൊ.

(b) ഖുർആനിൽ സൂറത്തുൽബുറൂജിൽ വിവരിച്ചിട്ടുള്ള "അസ്ഹാബുൽഉഖ്ദൂദി" ൻെറ സംഭവമൊന്നു വായിച്ചുനോക്കുക. സത്യവിശ്വാസം സ്വീകരിച്ച നിസ്സഹായരായ ചിലരെ നാട്ടിലെ പ്രബലന്മാർ പിടികൂടി ജ്വലിക്കുന്ന അഗ്നികുണ്ഡത്തിലിട്ടു ദഹിപ്പിച്ചുകളഞ്ഞു. ഈ സംഭവം വിവരിച്ചുകൊണ്ടു അല്ലാഹു പറയുന്നു:- "അവർ അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്നതല്ലാതെ മറ്റൊന്നും അവരിൽ കുററമായി അവർ (ശത്രുക്കൾ) ഗണിച്ചിരുന്നില്ല" (85:9). ഇവിടെയും മർദ്ദിതരായ ആ സത്യവിശ്വാസികൾ ഭരണകാര്യത്തിൽ കൈകടത്തുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്തിരുന്നില്ലെന്നതു വ്യക്തമാണ്. അവർ ഒരു രാജ്യദ്രോഹപ്രസ്ഥാനമാണ് നയിച്ചിരുന്നത് എങ്കിൽ ഭരണകൂടത്തിന് അവരെ ശിക്ഷിക്കാൻ അവകാശമുണ്ടായിരുന്നു. എന്നാൽ അത്തരം കാരണമൊന്നും അവിടെ ഉണ്ടായിരുന്നില്ലെന്നാണ് അല്ലാഹു ഈ വചനം കൊണ്ടു വ്യക്തമാക്കി

Scanned with CamScanner

ത്തരുന്നത്.

(c)നബി (സ) യേയും തിരുസഹാബാക്കളെയും നാടു വിട്ടു പോകാൻ നിർബന്ധിതരാക്കിത്തീർത്ത ശത്രുക്കളെപ്പറ്റി ഖുർആൻ പറയുന്നു. "ഇല്ലദീന ഉഹ്‌രിജൂമിൻ ദിയാരിഹിം ബിഗൈരിഹഖ്ഖിം ഇല്ലാ അയ്യഖുലുറബ്ബുനല്ലാ" "തങ്ങളുടെ നാഥൻ അല്ലാഹുവാണെന്നു പറഞ്ഞതൊഴികെ മറ്റു യാതൊരു ന്യായീകരണവുമില്ലാതെ, സ്വന്തം വീടുകളിൽനിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ" (22:44) അതായത്, നബി(അ)യേയും അനുയായികളേയും നാട്ടിൽനിന്ന് പുറത്താക്കിയതിന്ന് നീതിയുടെ വീക്ഷണത്തിൽ യാതൊരു സാധുതയുമുണ്ടായിരുന്നില്ല. അന്നു മക്കയിൽ അവിടത്തെ സമ്പ്രദായമനുസരിച്ച് ഒരു ഭരണം-ഒരു തരത്തിലുള്ള ജനായത്തഭരണം-ഉണ്ടായിരുന്നുവെന്ന് ചരിത്രം മനസ്സിലാക്കിത്തരുന്നു. നബി (സ) ആ ഭരണത്തിന്നു എതിരു പ്രവർത്തിച്ചിരുന്നില്ല. പ്രവർത്തിച്ചിരുന്നുവെങ്കിൽ ഖുർആൻ മേൽപ്രകാരം പറയുമായിരുന്നില്ല. അത്രയുമല്ല "വേണമെങ്കിൽ ഞങ്ങൾ നിന്നെ രാജാവാക്കി അഭിഷേകം ചെയ്തുകൊള്ളാം; നിൻെറ ഈ പുതിയ വിശ്വാസം പ്രബോധിക്കാതിരുന്നാൽ മാത്രം മതി.' എന്നു പോലും മക്കയിലെ ശത്രുക്കൾ തിരുനബി(സ) യോടു പറഞ്ഞുനോക്കിയിരുന്നുവല്ലോ. ശത്രുക്കൾക്ക് നബിയുടെ നേരെ ഉണ്ടായിരുന്ന ആക്ഷേപം അദ്ദേഹം ഭരണം കൈക്കലാക്കാൻ 'ശ്രമിച്ചുവെന്നല്ലെന്നും നബി അതിനാഗ്രഹിക്കുകപോലുമുണ്ടായിട്ടില്ലെന്നും ഈ ചരിത്ര വസ്തുത തെളിയിക്കുന്നു.

(d) മൂസാനബി(അ)യെ ഫിർഔനും കൂട്ടുകാരും കൊല്ലാനുദ്യമിച്ചപ്പോൾ, അതുവരെ സ്വന്തം വിശ്വാസം പരസ്യപ്പെടുത്തിയിട്ടില്ലാത്ത ഒരാൾ ചോദിക്കുകയു

Scanned with CamScanner

ണ്ടായി :- 40:27 "തൻെറ നാഥൻ അല്ലാഹുവാണെന്നു പറഞ്ഞ കാരണത്താൽ നിങ്ങൾ ഒരാളെ കൊലപ്പെടുത്തുകയോ?" (40:29) അതായത്, ലോകനീതിയുടെ ദൃഷ്ടിയിൽ നിങ്ങളുടെ ഈ പ്രവൃത്തി സാധൂകരിക്കപ്പെടാവുന്നതല്ല. എന്തെന്നാൽ വധശിക്ഷയ്ക്കു വിധിക്കപ്പെടാനുള്ള കുറ്റമൊന്നും ഇവിടെ നടക്കുകയുണ്ടായിട്ടില്ല. നിങ്ങൾക്കു പറ്റാത്ത ഒരു വിശ്വാസത്തെ പ്രബോധിച്ചുവെന്നത് ഒരു കുറ്റമല്ല എന്നു താല്പര്യം. മൂസാനബി (അ) അന്നു നിലവിലിരുന്ന ഭരണത്തെ മാറ്റിമറിക്കുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഈ ന്യായവാദം ശരിയാകുമായിരുന്നില്ല. രാജ്യദ്രോഹികളെ വധിക്കുകയെന്നത് എന്നും നീതികരിക്കപ്പെട്ടുപോന്ന കാര്യമായിരുന്നുവല്ലോ. രാജ്യദ്രോഹക്കുറ്റത്തിനു പ്രേരകമാകുന്ന പ്രവൃത്തികളും ആ ഇനത്തിൽപ്പെടുന്നതു തന്നെതാണ്. ആകയാൽ, രഹസ്യമായിട്ടുപോലും മൂസാനബി(അ) അത്തരം എതിർ പ്രവർത്തനം നടത്തിയെന്നു വിശ്വസിക്കാൻ നിർവ്വാഹമില്ല.

(12) ഖുലഫാ ഉർറശിദീങ്ങളുടെ ഭരണം അവസാനിച്ചതോടെ യഥാർത്ഥ ഖിലാഫത്ത് ഭരണവും അവസാനിച്ചു. പിന്നീട് നടപ്പിൽവന്നത് ഏകാധിപത്യ വ്യവസ്ഥിതിയാണ്. ഭരണാധികാരികൾ ഖലീഫമാരെന്ന് വിളിക്കപ്പെട്ടിരുന്നുവെങ്കിലും, ഇതര രാജാക്കൻമാരെപ്പോലെ തന്നെ അവരും ബലാൽക്കാരേണയോ പാരമ്പര്യാവകാശക്രമത്തിലോ ആണ് ഭരണാധികാരികളായിത്തീർന്നത്. അതായത്, അവരാരും നബി(സ) യുടെ പിൻതുടർച്ചയിൽ തെരഞ്ഞെടുക്കപ്പെട്ട ഖലീഫയായിരുന്നില്ല. ആകയാൽ, അവർ ഇസ്ലാമികമായ പല നിയമങ്ങളും നടത്തിയിരുന്നുവെങ്കിലും അവരുടെ ഭരണം യഥാർത്ഥ ഇസ്ലാ

Scanned with CamScanner

മിക ഭരണമായിരുന്നില്ല. ഈ യാഥാർത്ഥ്യം മൗദൂദികളും സമ്മതിക്കുന്നതാണല്ലോ.

ഇവിടെ നാമൊരു സംഗതി ചിന്തിക്കേണ്ടതുണ്ട്. പതിമൂന്നു നൂറ്റാണ്ടുകളോളം നിലനിന്ന അത്തരം ഇസ്ലാമികാധിഷ്ഠിതമല്ലാത്ത ഏകാധിപത്യ ഭരണകൂടത്തെ മുസ്ലിംലോകം എങ്ങനെ വെച്ചുപൊറുപ്പിച്ചു.? ഈ കാലങ്ങൾക്കിടയിൽ ഹനഫീ, മാലിക്കി, ശാഫിഈ, ഹമ്പലീ മുതലായ മഹ്ദബുകളുടെ ഇമാമുകളും ബുഖാരി, മുസ്ലിം ആധിയായ ഹദീസ് പണ്ഡിതൻമാരും ഹസ്രത്ത് മുഹ്യിദ്ദീൻ അബ്ദുൽഖാദിർ ജൈലാനി (റ), ഇമാം ഗസ്സാലി(റ), മുതലായ മുജദ്ദിദുമാരും പുണ്യവാളൻമാരും മറ്റു ആയിരക്കണെക്കായ വലിമാരും മഹാപണ്ഡിതൻമാരും മുഫസ്സിറുമാരും എല്ലാം ഉണ്ടായിരുന്നിട്ടും അവരാരും മൗദൂദി സാഹിബ് വിഭാവനം ചെയ്യുന്ന തരത്തിലുള്ള 'ഹുകുമത്തെ ഇലാഹിയ്യ' സ്ഥാപനത്തിന്, അഥവാ, 'ഇഖാമത്തുദ്ദീ'നിന് എന്തുകൊണ്ടു മുൻകൈയെടുത്തു പ്രവർത്തിച്ചില്ല.? അവരെല്ലാവരും "താഗൂത്തി" നെ പൂജിച്ചുകൊണ്ട് "ജാഹിലിയ്യത്തി" ൽ കഴിഞ്ഞുകൂടുകയാണോ ചെയ്തത്?

(13) മുജദ്ദിദുമാരെ സംബന്ധിച്ച് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അവരുടെ ആഗമനം ദൈവികവാഗ്ദാനവും നബി(സ) യുടെ പ്രവചനവുമനുസരിച്ചുള്ളതും ആണ്. നബി(സ) പറയുന്നു:- "നിശ്ചയമായും അല്ലാഹു ഈ സമുദായത്തിനു എല്ലാ നൂറ്റാണ്ടിൻേറയും തലക്കൽ അവർക്കായി അവരുടെ ദീനിനെ പുനരുദ്ധരിക്കുന്ന ആളെ നിയോഗിക്കുന്നതാണ് " (അബൂദാവൂദ്) ഈ ദൈവിക വാഗ്ദാന പ്രകാരം എല്ലാ നൂറ്റാണ്ടിലും മുജദ്ദിദുമാർ വന്നിട്ടുണ്ടെന്നു മൗദൂദി സാഹിബുൾ

Scanned with CamScanner

പ്പെടെ എല്ലാ മുസ്ലിംകളും സമ്മതിക്കുന്നുവല്ലോ. അപ്പോൾ ഇസ്ലാം ദീനിനെ -മൌദൂദിസാഹിബിൻെറ ഭാഷയിൽ 'ഇസ്ലാം രാഷ്ട്ര'ത്തെ പുനരുദ്ധരിക്കാനായി അല്ലാഹു എഴുന്നേൽപ്പിച്ച മുജദ്ദിദുമാർ അവരുടെ കർത്തവ്യം നിർവ്വഹിച്ചില്ലെന്നോ അഥവാ, അല്ലാഹു അവർക്ക് പിന്തുണ നൽകിയില്ലെന്നോ നമുക്കു വിശ്വസിക്കാമോ? അവരെല്ലാവരും അതാതുകാലത്തെ 'താഗൂത്തീ' ഭരണത്തെ നശിപ്പിച്ച് ഇസ്ലാമിക ഭരണം സ്ഥാപിക്കേണ്ടവരായിരുന്നില്ലേ.? കുറഞ്ഞപക്ഷം, അവർ 'ഹിജ്റത്ത്' എങ്കിലും ചെയ്യേണ്ടതായിരുന്നല്ലോ.

(14) നമ്മുടെ ഈ കേരളക്കരയിൽ ഇസ്ലാം മതം പ്രചരിച്ചു തുടങ്ങിയിട്ട് 13 നൂറ്റാണ്ടായി. അറബിദേശത്തു നിന്നും മതപ്രചരണാർത്ഥം ഇവിടെ വന്ന ചില പണ്ഡിതൻമാരുടെ സമാധാനപരമായ തബ്ലീഗ് വഴിയാണ് നമ്മുടെ പൂർവ്വികർ ഇസ്ലാം മതമാശ്ലേഷിച്ചത്. ആ പണ്ഡിതന്മാർ ഇത്തരം മതരാഷ്ട്ര സിദ്ധാന്തം പ്രബോധിച്ചിരുന്നുവോ? അവർ വന്ന കാലത്തും അന്നു മുതൽ ഇന്നുവരേയും കേരളത്തിൽ ഇസ്ലാമിക ഭരണം സ്ഥാപിതമായിട്ടില്ല. അങ്ങനെ ഒരു ചിന്താഗതിപോലും ഇവിടെ ഉടലെടുത്തിരുന്നില്ലെന്നു ചരിത്രം സാക്ഷിക്കുന്നു.

(15) ഇതേപ്രകാരം വടക്കെ ഇന്ത്യയിൽ ഖാജാമുഈനുദ്ദീൻ ചിശ്ത്തി (റ) യെപ്പോലുള്ള മഹാത്മാക്കൾ വന്നു ഇസ്ലാംമതം പ്രബോധിക്കുകയും തൽഫലമായി ലക്ഷക്കണക്കിൽ ആളുകൾ മുസ്ലിംകളാവുകയും ചെയ്തു. അപ്രകാരംതന്നെ ഇന്ത്യയുടെ ഇതരഭാഗങ്ങളിലും സിലോൺ, ഇന്തോനേഷ്യാ, മലായാ, ഫിലിപ്പൈൻസ് മുതലായ രാജ്യങ്ങളിലും ആത്മപ്രബുദ്ധരായ പണ്ഡിതന്മാരുടെ പ്രബോധനങ്ങൾ മുഖേന ഇസ്ലാം കോടിക്ക

Scanned with CamScanner

ണക്കായ ആളുകൾക്കിടയിൽ പ്രചരിക്കുമാറായി. അവരാരും ഈ മതരാഷ്ട്രസിദ്ധാന്തം പ്രബോധിപ്പിച്ചിരുന്നില്ല. അങ്ങനെ ഒരു വാദം അവർക്കുണ്ടായിരുന്നെങ്കിൽ, അവർക്കു മതപ്രചാരം നടത്തുവാൻ കഴിയുമായിരുന്നില്ല. ഇതിൽനിന്നെല്ലാം തെളിയുന്നത് മൗദൂദിസാഹിബിന്റെ ഈ മതരാഷ്ട്രസിദ്ധാന്തം മുസ്ലിംലോകത്തിന്റെ ഏകകണ്ഠ്യേനയുള്ള അഭിപ്രായത്തിനും സർവ്വസമ്മതമായ ഇസ്ലാമിക ജീവിതപാരമ്പര്യത്തിനും വിപരീതമാണെന്നാണ്.

പ്രസ്തുത മഹാന്മാരെല്ലാവരും 'അകത്തു കത്തിയും പുറത്തു പത്തിയും' എന്ന നയം സ്വീകരിച്ച് ബാഹ്യനിലയിൽ മതേതരഭരണത്തെ അനുസരിക്കുകയും ആന്തരമായി അതിനെ നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തവരാണെന്നു വിചാരിക്കുന്നതും കേവലം അബദ്ധമാകുന്നു. എന്തെന്നാൽ അതു കപടനയമാണ്. കാപട്യം മുസ്ലിമിനു ഒരുവിധത്തിലും ആശാസ്യമല്ലല്ലോ.

(16) ഇസ്ലാം ഒരു 'പരിപൂർണ്ണജീവിതപദ്ധതി' യാണെന്നു മൌദൂദികൾ ആവർത്തിച്ചാവർത്തിച്ചു പറയാറുണ്ട്. ഈ ന്യായം ഒരു തെളിവെന്നോണം അവർ എഴുത്തിലും പ്രസംഗത്തിലും ഉന്നയിച്ചുപോരുന്നു. 'ഖുത്തുബാത്ത്' എന്ന പുസ്തകത്തിലും ഈ സംഗതി ഊന്നിപ്പറഞ്ഞിട്ടുണ്ട്. എന്നാൽ ഇസ്ലാം ഒരു പരിപൂർണ്ണജീവിതപദ്ധതിയല്ലെന്ന് ഒരു മുസ്ലീമിനും വാദമില്ല. പക്ഷേ ഈ ന്യായം മൌദൂദിവാദത്തിന്നു എതിരിലുള്ള തെളിവാണെന്നു ചിന്തകന്മാർക്കു മനസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല. എന്തെന്നാൽ, ഒരു കാര്യം ജീവിത പദ്ധതിയായി അംഗികരിക്കപ്പെടുമ്പോൾ അതു പ്രായോഗികമായിരിക്കണമല്ലോ. പ്രായോഗികമല്ലാത്ത ഒരു പദ്ധതി യ

Scanned with CamScanner

ഥാർത്ഥത്തിൽ ജീവിതപദ്ധതിയാവുകയില്ല. മൌദൂദിസാഹിബിൻെറ മതരാഷ്ട്രസിദ്ധാന്തം ഇസ്ലാമികമാണെന്നു സമ്മതിക്കുന്നപക്ഷം ഇസ്ലാം മതം ലോകത്തിനു അപ്രായോഗികമായിട്ടുള്ളതാണെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. എന്തെന്നാൽ, ആ സിദ്ധാന്തപ്രകാരം ഖുലഫാഉർറാശിദീങ്ങളുടെ ഭരണം അവസാനിച്ചതുമുതൽ കഴിഞ്ഞ പതിമൂന്നര നൂറ്റാണ്ടുകളായിട്ട് യാതൊരാൾക്കും യഥാർത്ഥ മുസ്ലിമായി അഥവാ, പൂർണ്ണമുസ്ലിമായി ജീവിക്കുവാൻ സാധിച്ചിട്ടില്ല. ഇന്നും അതിനു സാധ്യമല്ല. ഹിജ്റത്ത് ചെയ്യാൻ സ്ഥലവുമില്ല. കഷ്ടം!

എന്നാൽ ഇസ്ലാം യഥാർത്ഥത്തിൽ ഒരു പരിപൂർണ്ണ ജീവിതപദ്ധതിതന്നെയാണ്. ആകയാൽ, അതു എപ്പോഴും പ്രയോഗക്ഷമമായിരിക്കുന്നതുമാണ്. ഒരു സ്ഥലത്തു അതു പ്രായോഗികമാക്കുന്നതിന്നു തടസ്ഥമുണ്ടാകുന്ന പക്ഷം അതിനെ പ്രയോഗത്തിൽ വരുത്താൻ പറ്റിയ വേറെ സ്ഥലങ്ങൾ ധാരാളമുണ്ടായിരിക്കുമെന്നത് ഒരു വസ്തുത മാത്രമാണ്. വിശുദ്ധ ഖുർആനും ഇതു തന്നെയാണ് നമ്മെ പഠിപ്പിക്കുന്നത്.

(17) മൌദൂദികൾ വിഭാവനം ചെയ്യുന്ന തരത്തിലുള്ള "ഹുക്കുമത്തെ ഇലാഹിയ്യ " എന്ന ദൈവിക ഭരണം ഇന്നു ലോകത്തെവിടേയുമില്ല. ഈ വസ്തുത അവർ തന്നെ സമ്മതിക്കുന്നുമുണ്ട്. അവരുടെ ഇന്ത്യൻ നേതാവിൻെറ പ്രസ്താവന നോക്കുക:- "നാം ആശിക്കുന്ന സത്യവ്യവസ്ഥ ഭൂമുഖത്ത് ഒരു ചാൺ സ്ഥലത്തുപോലും ഇന്നു ഫലത്തിൽ സ്ഥാപിതമായിട്ടില്ലന്നതു ശരിയാണ്. പക്ഷേ നമുക്ക് ഭൂമിയുടെ സ്ഥിതികണ്ട് നിരാശപ്പെടേണ്ടതില്ല ? (പ്രബോധനം പു=7 ല=6) അതായതു, മൌദൂദികളുടെ ഭാഷയിൽ, ഇന്നു ലോകത്ത്

Scanned with CamScanner

നിലവിലുള്ള സമസ്ത ഭരണങ്ങളും 'താഗൂത്തി' (പൈശാചിക) ഭരണങ്ങളാണ്. ആകയാൽ അവയെ അനുസരിക്കുന്നത് 'ശിർക്കും' ബഹുദൈവാരാധനയുമാണെന്ന് അവർ സിദ്ധാന്തിക്കുന്നു. എന്നിട്ടും അവരും മറ്റുള്ളവരെപ്പോലെ ആ 'താഗൂത്തി' ഭരണത്തിനു വഴിപ്പെട്ടു ജീവിക്കുന്നു. അഥവാ വഴിപ്പെടാൻ നിർബന്ധിതരാകുന്നു. ജീവിതത്തിൻെറ ബഹുമുഖമായ വശങ്ങളിൽ അതു കൂടാതെ നിവൃത്തിയില്ലല്ലോ. പക്ഷേ ഒരു വ്യത്യാസമുണ്ട്. മൌദൂദികൾ തങ്ങളുടെ പക്കൽ ഇസ്ലാമിൻെറ അടിസ്ഥാനമായ 'തൌഹീദിനു തന്നെ' കടകവിരുദ്ധമായ ഒരു കൃത്യം ചെയ്യുന്നു. ഇതര മുസ്ലിംകൾ തങ്ങളുടെ പക്കൽ വിഹിതമായ ഒരു കാര്യവും. എന്തെന്നാൽ ഒരു ഭരണം മതേതരമാണെന്ന കാരണത്താൽ മാത്രം വർജ്ജ്യമാണെന്ന നൂതന സിദ്ധാന്തം ഇതര മുസ്ലിംകൾക്കില്ല. അതായതു മൌദൂദികളല്ലാത്ത മുസ്ലിംകൾക്ക് തങ്ങളുടെ ആദർശമനുസരിച്ച് ജീവിക്കാൻ കഴിയുന്നു. പക്ഷേ മൌദൂദികൾക്ക് അവരുടെ സ്വന്തം സിദ്ധാന്തമനുസരിച്ച് ജീവിക്കാൻ സാധിക്കുന്നില്ല. എന്നിട്ടും ഇസ്ലാം പരിപൂർണ്ണ ജീവിതപദ്ധതിയാണെന്നവർ 'പെരുമ്പറയടിക്കുന്നു' അവരുടെ ജീവിതപദ്ധതി അവർക്കു ജീവിക്കാനുള്ള പദ്ധതിയല്ല; മറിച്ച് സ്വപ്നം കാണാനുള്ള പദ്ധതിമാത്രമായിരിക്കുകയാണ്. കഷ്ടം!

(18) മതേതര ഭരണവും ഇസ്ലാമും ഒരു പ്രകാരത്തിലും യോജിച്ചുപോവുകയില്ലെന്നു ജമാഅത്തെ ഇസ്ലാമിയുടെ ഇന്ത്യൻ നേതാവായ മൌലാനാ അബുല്ലൈസ് സാഹിബ് വളരെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. "മതവും ഭൗതിക രാഷ്ട്രവും " എന്ന ശീർഷകത്തിൽ 'പ്രബോധനം' 5-ാം പുസ്തകം 4-ാം ലക്കത്തിൽ മല

Scanned with CamScanner

യാള ഭാഷയിൽ പ്രസിദ്ധമായ മൌലാനയുടെ ലേഖന ത്തിൽ പറയുന്നു:-

"ചുരുക്കത്തിൽ താത്വികമായും കർമ്മ പരമാ യും ദീനും സെക്കുലറിസവും പരസ്പരം വിരുദ്ധങ്ങളാ ണ്.. നേർക്കുനേരെയുള്ള മാർഗ്ഗം, അവ രണ്ടിലേതെങ്കി ലും ഒന്നിനോടുമാത്രം പൂർണ്ണ ബന്ധം സ്ഥാപിച്ചു. മറ്റേ തിനെ സസന്തോഷം സംതൃപ്തിയോടെ യാത്ര അയക്കു കയെന്നതാണ്.... ഒരേ സമയത്ത് രണ്ടുദൈവങ്ങളെ അനുസരിക്കുക സാദ്ധ്യമാകുമെന്നാണവർ വ്യാമോഹി ക്കുന്നത്. ആകാശഭൂമികളുടെ സ്രാഷ്ടാവായതു കാര ണം യഥാർത്ഥവും പരിപൂർണ്ണവുമായ അനുസരണത്തി ന്നർഹനായ ഒരു ദൈവം; സെക്കുലറിസം സൃഷ്ടിച്ചുവി ട്ടതും യാതൊരവകാശവും അർഹതയും കൂടാതെ സാക്ഷാൽ ദൈവത്തിൻെറ സ്ഥാനം കൈക്കലാക്കികൊ ണ്ടിരിക്കുന്നതുമായ മറ്റൊരു ദൈവം! അതെ, അല്ലാഹു വിന്നു വണങ്ങുന്നതോടൊപ്പം അല്ലാഹുവിൻെറ നിർദ്ദേ ശങ്ങളെ തൃണവൽഗണിച്ചുകൊണ്ട് സൃഷ്ടികൾ സ്വ യം നിർമ്മിച്ചുണ്ടാക്കുന്ന നിയമങ്ങളും അനുസരി ക്കുക സാധ്യമാണെന്നവർ ധരിച്ചുവശായിരിക്കുന്നു."

നമുക്ക് മൌലാനായോട് ഒരു ചോദ്യമുണ്ട്. അദ്ദേ ഹവും അനുയായികളും എന്തിനു ഈ "മറ്റൊരു ദൈവ ത്തെയും" അനുസരിച്ചും വണങ്ങിയും കൊണ്ടിരിക്ക ണം? "നേർക്കുനേരെയുള്ള മാർഗ്ഗം" സ്വീകരിച്ചുകൊ ണ്ടു ആ കൃത്രിമദൈവത്തെ "സസന്തോഷം സംതൃപ്തി യോടെ യാത്ര അയക്ക"രുതോ? മതേതര ഭരണത്തെ അനുസരിക്കുകയെന്നുള്ളത് മറ്റൊരു ദൈവത്തെ ആരാ ധിക്കലാണെന്ന് പ്രസ്താവിക്കുന്ന ഈ മൌലാനയും അനുയായികളും ഇന്ത്യൻഭരണത്തെ അനുസരിക്കാതെ യാണോ ഇന്ന് ജീവിക്കുന്നത്? ആവശ്യമായ എല്ലാ ജീവി തതുറകളിലും ഇവർ ഈ ഭരണത്തെ, പ്രവർത്തിയിൽ

Scanned with CamScanner

അനുസരിക്കുന്നുവെന്നുള്ളതല്ലേ പരമാർത്ഥം? ഇന്ത്യൻ ഭരണഘടന തികച്ചും മതേതരം (സെക്യുലർ) ആണല്ലോ. എന്നാൽ, തങ്ങൾക്ക് ഇന്ത്യൻ ഭരണഘടനയോട് കൂറില്ലെന്ന യാഥാർത്ഥ്യം പ്രകടമായ ഭാഷയിൽ തുറന്നങ്ങു പ്രസ്താവിക്കാൻ ഈ മൌലാനയ്ക്ക് ധൈര്യമുണ്ടോ? ഇല്ലെന്നതാണ് വാസ്തവം. മാത്രമല്ല ഒരിക്കൽ ഇന്ത്യൻ പാർലിമെൻറിൽ ജമാഅത്തെ ഇസ്ലാമിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചോദ്യോത്തരം നടന്നതായി പത്രവാർത്തകൾ വന്നപ്പോൾ, ഗവർമ്മെണ്ട് തൻെറ പ്രസ്ഥാനത്തിനെതിരായി വല്ല നടപടിയും എടുത്തേക്കുമെന്ന് ശങ്കിച്ച പ്രസ്തുത മൌലാനാ ഇപ്രകാരമാണ് പ്രസ്താവന ഇറക്കിയത്:- "ജമാഅത്തെ ഇസ്ലാമിയുടെ യാതൊരു പ്രവർത്തനവും ഇന്ത്യയുടെ ഭരണഘടനയ്ക്കോ താല്പര്യത്തിനോ ഒരു വിധത്തിലും വിരുദ്ധമല്ല." (ചന്ദ്രിക 26-9-1953) ഇന്ത്യയിലെ ജമാഅത്തെ ഇസ്ലാമി നേതാവിൻെറ ഈ പ്രസ്താവനയും ഞാൻ മുകളിലുദ്ധരിച്ച അദ്ദേഹത്തിൻെറ 1952-ലെ പ്രസ്താവനയും തമ്മിൽ എത്രമാത്രം പൊരുത്തമുണ്ടെന്ന സംഗതി വായനക്കാർ തന്നെ ചിന്തിക്കട്ടെ. ആദ്യത്തെ പ്രസ്ഥാവനയിൽ പറയഞ്ഞതു സെക്യൂലറിസം ദീനിനു കടകവിരുദ്ധമാണെന്നാണ്. രണ്ടാമത്തെ പ്രസ്താവനയിൽ പറയുന്നത് ദീൻ സെക്യുലറിസത്തിനു ഒരു പ്രകാരത്തിലും വിരുദ്ധമല്ലെന്നും ഈ ദ്വിമുഖവും കാപട്യപരവുമായ നയം ഇവരെത്ര നാൾ വെച്ചുപുലർത്തും? ഇതാണോ ഇവരുടെ ഇസ്ലാമിക പ്രസ്ഥാനം ? ഇവർക്കു തങ്ങളുടെ ആദർശത്തിൽ ഉറച്ചുനില്ക്കാൻ സാധ്യമല്ലെന്നല്ലേ ഇതു തെളിയിക്കുന്നത്.?

(19) ഭരണത്തോടു കൂറു പുലർത്തുന്നത് മതത്തിൻെറ അടിസ്ഥാനത്തിനു തന്നെ കടകവിരുദ്ധമാണെ

Scanned with CamScanner

ന്നു പ്രബോധിക്കുന്ന പ്രസ്ഥാനം ആപൽക്കരമായ പരിണാമത്തിലായിരിക്കും ചെന്നെത്തുക. അതു ഒരു വിപ്ലവത്തിനു വഴിതെളിയിച്ചേക്കുമെന്നതു സ്വാഭാവികമാണ്. എന്നാൽ, ഭരണകൂടങ്ങൾക്കെതിരിൽ നാട്ടുകാർ നടത്തുന്ന വിപ്ലവങ്ങൾ അധികവും പരാജയമടയുന്നതായി നാം കാണുന്നു. അങ്ങനെ വരുമ്പോൾ അതു അനേകമാളുകളുടെ സ്വത്തിന്നും ജീവനും വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തുന്നതിനു പുറമേ അതു സമൂഹത്തിലെ നിരപരാധികളായ സ്ത്രീകളെയും കുട്ടികളെയും പ്രതികൂലമായി ബാധിക്കുകയും അതു സമുദായത്തിന്റെ അധഃപതനത്തിനും തകർച്ചയ്ക്കും കാരണമായിത്തീരുകയും ചെയ്യുന്നു. ആകയാൽ അത്തരം നാശഹേതുകവും ആത്മഹത്യാപരവുമായ കൃത്യങ്ങളിൽ ഇടപെടാതിരിക്കാൻ മുൻകരുതലുള്ളവരായിരിക്കേണ്ടതു മുസ്ലിംകളുടെ കർത്തവ്യമത്രേ. അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളുടെ കൈകളെ നാശഭാഗത്തേക്കിടരുത്" (ഖു. ശ. 2:196) ബഹുജനങ്ങളിൽ ഒരു വിഭാഗത്തിനു ഭരണത്തോടുള്ള ഉള്ളിൽ തട്ടിയ വെറുപ്പ് സർവ്വത്ര ആവേശം കൊള്ളുകയും അവരുടെ ഹൃദയങ്ങൾ ഭരണകർത്താക്കൾക്കെതിരിൽ ക്ഷോഭിച്ചു ജ്വലിക്കുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ അറിഞ്ഞോ അറിയാതെയോ അവർ കലാപത്തിൽ കുതിച്ചു ചാടിയേക്കും. 1921 ൽ തെക്കെ മലബാറിൽ നടന്ന ഖിലാഫത്തു ലഹള ഇതിനു വ്യക്തമായൊരു ഉദാഹരണമാണ്. ലഹള നടത്തണമെന്നു നേതാക്കൻമാർക്കുദ്ദേശമുണ്ടായിരുന്നില്ല. പക്ഷേ, ബഹുജനങ്ങൾക്കിടയിൽ ഗവൺമെണ്ടിനെതിരായി വളർന്നുവന്ന അമർഷം കലാപത്തിൽ ചെന്നെത്തുകയാണുണ്ടായത്. (ആ അമർഷം മതവികാരങ്ങളിൽനിന്നുടലെടുത്തതായിരുന്നു.) ഈ വികാരാഗ്നി ഊതി

Scanned with CamScanner

ക്കത്തിച്ച നേതാക്കൻമാർ, പിന്നീടു സമാധാനത്തിനു എത്ര തന്നെ ശ്രമിച്ചിട്ടും ക്ഷോഭിച്ചിളകിയ ബഹുജനങ്ങളെ അവർക്കു പിടിയിൽ കിട്ടിയില്ല. അങ്ങിനെ ആ ലഹള മാപ്പിള സമുദായത്തിനു തീർത്താൽ തീരാത്ത അപമാനത്തിനും വമ്പിച്ച നാശനഷ്ടങ്ങൾക്കും കാരണമായി. ആയിരക്കണക്കായ വിധവകളുടെയും അനാഥരുടേയും നെടുവീർപ്പുകൾക്കും കണ്ണീരിന്നും അതു ഹേതുവായി.

ഇന്ത്യയിലെ മൌദൂദികൾ ഇതേവരെ ഒരു നിയമലംഘനത്തിനും ഒരുങ്ങിയിട്ടില്ലെങ്കിലും ഈ മൌദൂദി പ്രസ്ഥാനം മേൽപറഞ്ഞ വിധം ഒരു കലാപത്തിനു കളമൊരുക്കിയേക്കുമെന്നു ശങ്കിക്കാൻ ധാരാളം കാരണങ്ങളുണ്ട്. ഇസ്ലാമേതര ഭരണത്തിനു കീഴ്പ്പെടുന്നതു ശിർക്കും (ബഹുദൈവാരാധനയും) തൌഹീദിനു വിരുദ്ധവുമാണെന്നും ആകയാൽ ഇസ്ലാമേതര രാഷ്ട്രങ്ങളെ സർവ്വ ശക്തിയുമെടുത്തു നശിപ്പിണ്ടേതാണെന്നുമുള്ള ഭീകര സിദ്ധാന്തം ബഹുജനങ്ങളിൽ പ്രചരിച്ചു കഴിഞ്ഞാൽ അവർ ബലപ്രയോഗത്തിനു മുതിരാതിരിക്കുമെന്നു വിചാരിക്കാൻ യാതൊരു ന്യായവുമില്ല. മേൽപറഞ്ഞ "ഖുത്ത്ബാത്ത്" ഒന്നാം പതിപ്പിൽ 27, 28 അദ്ധ്യായങ്ങളിൽ വ്യക്തമായ ഭാഷയിൽ വിപ്ലവത്തിനു പ്രേരിപ്പിക്കുന്നുണ്ട്. അതിൽ "സർവ്വസന്നദ്ധതയോടെ എഴുന്നേറ്റ് " ഇസ്ലാമേതര ഭരണാധികാരികളെ "ഭരണപീഠത്തിൽ നിന്ന് വലിച്ചിറക്കണമെന്നും "അധികാരം സ്വയം കൈയ്യേൽക്കണെ" മെന്നും മറ്റും ശക്തിയായി ഉപദേശിക്കുന്നുണ്ട്. എന്നാൽ ഇന്ത്യയിലെ മൌദൂദി പ്രസ്ഥാനം അത്രയൊന്നും വളർന്നിട്ടില്ലെന്നതു ഒരു വാസ്തവമാണ്. പക്ഷെ, പാക്കിസ്ഥാനിൽ ഈ പ്രസ്ഥാനത്തിനു

Scanned with CamScanner

തെല്ലൊരു പൊതുജനാനുകൂല്യം കൈവന്നതോടെ അവർ അവിടത്തെ മറ്റൊരു ഭീകരപ്രസ്ഥാനക്കാരായ അഹ്റാരി സംഘടനയോടു കൂട്ടുചേർന്നുകൊണ്ട് ഒരു വിപ്ലവം നടത്തി പരാജയപ്പെട്ടിരിക്കയാണ്. 1953 - ൽ ലാഹൂറിൽ നടന്ന കുപ്രസിദ്ധമായ അഹ്മദിയ്യാ വിരുദ്ധ കലാപവും അതിനെ തുടർന്ന് അവിടെ പട്ടാള ഭരണം പ്രഖ്യാപിക്കപ്പെട്ടതും ലഹളത്തലവൻമാരിൽ ജ. മൗദൂദി സാഹിബ് ഉൾപ്പെട്ടതും കലാപാന്വേഷണ ക്കോടതി മൗദൂദി സാഹിബിൻെറ "ജമാഅത്തെ ഇസ്ലാമി" യും ലഹള നടത്തിയതിൽ കുറ്റക്കാരാണെന്ന് വിധിച്ചതും മറ്റുമെല്ലാം അടുത്തു നടന്ന സംഭവങ്ങളാണ്. പ്രസ്തുത ലഹളയിൽ നൂറുകണക്കായ മുസ്ലിംകളുടെ ജീവനും (ഏതാനും അഹ്മദി മുസ്ലിംകളും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടും) കോടിക്കണക്കായ രൂപയുടെ സ്വത്തിനും നാശം വന്നതിനു പുറമേ പാക്കിസ്ഥാൻ ഗവൺമെണ്ടിനും മുസ്ലിംസമുദായത്തിനും വമ്പിച്ച നഷ്ടങ്ങളും അപമാനവും അതുമുഖേന അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

മൌദൂദി സംഘടനയോടു ആദർശത്തിലും സ്വഭാവത്തിലും അടുത്ത സാദൃശ്യമുള്ള പ്രസ്ഥാനങ്ങളാണ് "മുസ്ലിം ബ്രദർഹുഡ്" (ഈജിപ്തിൽ) " ദാറുൽ ഇസ്ലാം" (ഇന്തോനേഷ്യയിൽ), "ഫിദായേനെ ഇസ്ലാം" (പേർഷ്യയിൽ) എന്നീ സംഘടനകൾ. ഈ മൂന്നു പ്രസ്ഥാനങ്ങളും ജമാഅത്തെ ഇസ്ലാമിയെപ്പോലെതന്നെ ആത്യന്തിക മതരാഷ്ട്ര സിദ്ധാന്തങ്ങളിൽ അധിഷ്ടിതങ്ങളത്രേ. അവരുടെയെല്ലാം പ്രഖ്യാപിത ലക്ഷ്യം ഇസ്ലാമേതര ഭരണങ്ങളെ ബലാൽ തകർത്ത് തൽസ്ഥാനത്ത് ഇസ്ലാമികഭരണം സ്ഥാപിക്കുക തന്നെയാണ്. ഇവിട

CS Scanned with CamScanner

ത്തെ മൗദൂദികൾ പ്രസ്തുത സംഘടനകളെ വിശിഷ്യാ, മുസ്ലിം ബ്രദർഹുഡ്ഡിനെ വാനോളം പുകഴ്ത്താറുണ്ടായിരുന്നുവെന്ന വസ്തുതയും പ്രസ്താവ്യമാണ്.

ഇവയിൽ ആദ്യം പറഞ്ഞ മുസ്ലിം ബ്രദർഹുഡ്ഡ്കാർ അവരോടു അഭിപ്രായൈക്യമില്ലാത്ത ചില മുസ്ലിം നേതാക്കൻമാരേയും ചില മന്ത്രിമാരേയും വധിക്കുകയും ഈജിപ്തിൽ പല കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവസാനം അവർ ഗവർമ്മെണ്ടിനെ തകിടം മറിക്കാനായി ചില ബ്രിട്ടീഷുകാരുമായി കൂട്ടുചേർന്ന് കൊണ്ടു നടത്തിയ ഒരു ഗൂഡാലോചന കണ്ടുപിടിക്കപ്പെട്ടതിനെ തുടർന്നു ഗവർമ്മെണ്ട് ആ സംഘടനയെ നിയമവിരുദ്ധമാക്കി പിരിച്ചുവിട്ടു. അവരുടെ സ്വത്തുക്കൾ പിടിച്ചടക്കുകയും ഓഫീസുകൾ സീൽവെക്കുകയും ചെയ്തു.(പൗരശക്തി 14, 16-1-54) പിന്നിട് പ്രസിഡണ്ട് ജമാൽ അബദുന്നാസറിനെ വധിച്ചു അധികാരം പിടിച്ചുപറ്റാനും അവർ ഒരു വിഫലശ്രമം നടത്തി പരാജയപ്പെട്ടിട്ടുണ്ട്. അതിനെ തുടർന്ന് നാസിർഭരണം ഈ പ്രസ്ഥാനക്കാരെ പറ്റെ അടിച്ചമർത്തുകയുണ്ടായി.

ഇന്തോനേഷ്യയിലെ 'ദാറുൽ ഇസ്ലാം' സംഘടന ഒരു ഒളിയുദ്ധപ്രസ്ഥാനമായി രുപം പ്രാപിച്ചിരിക്കുകയാണ്. ഇന്തോനേഷ്യൻ ഗവർമ്മെണ്ട് ഈ സംഘടനയെ നിയമവിരുദ്ധമാക്കിയിരിക്കുന്നു. എന്നിട്ടും അവർ പലപ്പോഴും നുറുകണക്കിനു ആളുകൾ സംഘം ചേർന്നുകൊണ്ടു സായുധാക്രമണങ്ങൾ മുഖേന കൊള്ളയും കൊലയും നടത്തിക്കൊണ്ടിരുന്നു. സ്ത്രീകളെ ബലാൽ തട്ടിക്കൊണ്ടുപോകാനും അവർ മടിക്കുന്നില്ല. ഇസ്ലാമിൻെറ പേരിൽ നടത്തുന്ന അവരുടെ ഇത്തരം ക്രൂര

Scanned with CamScanner

കൃത്യങ്ങൾക്ക് ഇരയാകുന്നവർ അധികവും മുസ്ലിംകൾ തന്നെയാണെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. ഇന്തോനേഷ്യൻ ഗവർമ്മെണ്ടിനും ജനതയ്ക്കും ഈ പ്രസ്ഥാനം വലിയ ഒരു ശല്യമായിരുന്നു. എന്നാൽ അടുത്ത കാലത്തു ഗവർമ്മേണ്ട് ഈ ഭീകരന്മാരെ പറ്റെ കീഴ്പ്പെടുത്തിയെന്ന് പത്രറിപ്പോർട്ടുകൾ വന്നിട്ടുണ്ട്.

ഇതേപ്രകാരം തന്നെ പേർഷ്യയിലെ "ഫിദായാനെ ഇസ്ലാം" പ്രസ്ഥാനത്തെയും ഇറാൻഗവർമ്മെണ്ടു നിരോധിച്ചിരിക്കുന്നു. അവരുടെ ഭീകരകൃത്യങ്ങളാണ് ഈ നിരോധനത്തിന്നു കാരണം.

ഇവയോടെല്ലാം അടുത്ത സാദൃശ്യമുള്ള പാക്കിസ്ഥാനിലെ മൌദൂദി സംഘടനയായ "ജമാഅത്തെ ഇസ്ലാമി"യെ പാക്കിസ്ഥാൻ ഗവൺമെണ്ടും നിയമവിരുദ്ധമാക്കി നിരോധിച്ചിരിക്കുന്നു.

കുറച്ചുകാലമായി ഇന്ത്യാഗവർമ്മെണ്ടും ഇവിടത്തെ മൌദൂദി സംഘടനയായ "ജമാഅത്തെ ഇസ്ലാമിയെ സംശയദൃഷ്ട്യാ വീക്ഷിച്ചു വരികയാണ്. പക്ഷേ, നിയമത്തിൻെറ പിടിയിൽനിന്നും രക്ഷപ്പെടാനായി മൌദൂദികൾ മുമ്പേ തന്നെ ചില ടെക്നിക്ക് പ്രയോഗങ്ങൾ അഭ്യസിച്ചു ശീലിച്ചിരിക്കുന്നു. "ഹുക്കുമത്തെ ഇലാഹിയ്യ", "ഇഖാമത്തുദ്ദീൻ" "പരിപൂർണ്ണജിവിതപദ്ധതി നടപ്പിൽ വരുത്തുക" താഗൂത്തിനെ വർജ്ജിക്കുക" ഇതെല്ലാമാണ് അവരുടെ പ്രധാന ടെക്നിക്കുകൾ. ഇങ്ങനെ സ്വന്തം നിഖണ്ഡുക്കളിൽമാത്രം നിർവ്വചിക്കപ്പെടുന്ന വേറേയും ചില പ്രയോഗങ്ങളും ചില പ്രത്യേക ശൈലികളും അവർ വശമാക്കിയിട്ടുണ്ട്.

ഏതായാലും ഇവർക്ക് ജനസ്വാധീനം വർദ്ധിച്ചു

Scanned with CamScanner

വരുന്ന പക്ഷം ഇവരും മേൽപറഞ്ഞ സംഘടനകളെപോലെ ഒരു കൈ നോക്കാതിരിക്കയില്ലെന്നു ധരിക്കേണ്ടിയിരിക്കുന്നു. അതു മുസ്ലീം സമുദായത്തിനാകമാനം ആപത്തും അപമാനവും വരുത്തിവെക്കുമെന്ന് പറയേണ്ടതില്ലല്ലോ.

(20) സുസ്ഥാപിത ഭരണത്തിന്നെതിരിൽ നാട്ടുകാർ കലാപമുണ്ടാക്കുകയെന്നതു ഖുർആൻ കർശനമായി നിരോധിച്ച 'ഫസാദൻ ഫിൽ അറ്ളി' (നാട്ടിൽ കുഴപ്പമുണ്ടാക്കൽ) എന്ന ഭയങ്കര കുറ്റത്തിൻെറ ഇനത്തിൽ പെട്ടതാണെന്നതു വ്യക്തമാണ്. ഏതെങ്കിലും ഒരു ഭരണം മതസ്വാതന്ത്ര്യം വ്യക്തമായി നിഷേധിക്കുകയാണെങ്കിൽതന്നെ, ആ ഭരണത്തെ അതിനുകീഴിൽ നിവസിച്ചുകൊണ്ടു അവിടത്തെ പൊതു ജീവിതത്തിന്നു സമാധാനഭംഗമുണ്ടാക്കുന്ന വിധം എതിർക്കുന്നതു ആശാസ്യമായിരിക്കയില്ല, മറിച്ച്, അവിടെനിന്നു സ്ഥലം മാറി ഇതരദേശത്തേക്കു "ഹിജ്റത്ത്" (പാലായനം) ചെയ്യുകയാണ് വേണ്ടത്. അതിനു ശേഷം വേണ്ടിവന്നാൽ നിയമാനുസൃതമാംവിധം യുദ്ധവും ചെയ്യാവുന്നതാണ്. അതാണ് പ്രവാചക പാരമ്പര്യം. പ്രവാചകൻമാരിൽ ആരും തന്നെ സ്വരാജ്യത്തു നിവസിച്ചുകൊണ്ട് അവിടത്തെ സ്ഥാപിത ഭരണത്തിനെതിരിൽ വിപ്ലവം നടത്തിയതായി തെളിയുന്നില്ല. അവർ കഴിയുന്നത്ര നാട്ടിലെ ഭരണത്തോടു കൂറുപുലർത്തി ജീവിക്കുകയും നിവൃത്തിയില്ലാത്ത ഘട്ടം വന്നപ്പോൾ "ഹിജ്റത്ത്" ചെയ്ത് വിദേശത്തു അഭയം തേടുകയുമാണ് ചെയ്തത്. ഇബ്രാഹിം (അ) മൂസാ(അ) ഈസാ(അ) ലൂത്ത്(അ) മുഹമ്മദ്(സ) മുതലായ പ്രവാചകൻമാർ മേൽപ്പറഞ്ഞവിധം "ഹിജ്റത്ത്" ചെയ്തവരാണ്. മുമ്പുദ്ധരിച്ച ഖുർആൻ

CS Scanned with CamScanner

വാക്യം (4: 97) നമുക്കു നൽകുന്ന പാഠവും, മതസ്വാത ന്ത്ര്യമില്ലാത്തേടത്തുനിന്ന് ഹിജ്റത്ത് ചെയ്യേണമെന്നു തന്നെയാണ്. ഹസ്റത്ത് മുഹമ്മദ് (സ) മക്കാ നിവാസി കളോട് യുദ്ധം ചെയ്തതും മക്കയെ ജയിച്ചടക്കിയതുമെ ല്ലാം മക്കയിൽനിന്നു പുറത്തു പോയതിനുശേഷമാണ ല്ലോ. പ്രവാചകൻമാരുടെ ചര്യകളാണ് നമുക്കു മാതൃ കായോഗ്യമായിട്ടുള്ളത്.

ഇതിന്നെതിരിൽ, നമുക്കു മാതൃകായോഗ്യങ്ങള ല്ലാത്ത ചില അനിഷ്ടസംഭവങ്ങൾ മുമ്പ് കഴിഞ്ഞിട്ടു ണ്ട്. അതായത്, സുസ്ഥാപിതഭരണത്തിന്നെതിരായി അതിൽ നിവസിച്ചുകൊണ്ടുതന്നെ കലാപം സൃഷ്ടിച്ച ചില വിപ്ളവപ്രസ്ഥാനങ്ങൾ മുസ്ലിംലോകത്ത് ഉടലെടു ത്തിട്ടുണ്ടായിരുന്നു. അവയിൽ പ്രാമുഖ്യമർഹിക്കുന്ന തു, ഹസ്രത്ത് ഉസ്മാനുബ്നു അഫ്ഫാൻ(റ) ൻെറ ഖിലാ ഫത്ത് ഭരണത്തിന്നെതിരിൽ കലാപമുണ്ടാക്കിയ അബ് ദുല്ലാഹിബ്നുസബായുടെ ഭീകരപ്രസ്താനമാണ്. അബ് ദുല്ലാഹിബ്നുസബാ ആദ്യമായി ചെയ്തതു മുസ്ലിംസാ മ്രാജ്യത്തിൻെറ നാനാഭാഗത്തും ചെന്നു വ്യാജപ്രോപഗ ണ്ടകൾ ചെയ്തു ഹസ്രത്ത് ഉസ്മാൻെറ ഭരണത്തിനെ തിരായി ജനഹൃദയങ്ങളിൽ വെറുപ്പും വിദ്വേഷവുമുണ്ടാ ക്കുകയാണ്. ഹസ്രത്ത് ഉസ്മാൻ(റ) ഇസ്ലാമികദൃഷ് ട്യാ തെറ്റായ പലതും ചെയ്യുന്നുവെന്നും ആകയാൽ താൻ നിയിക്കുന്നതു ഒരു 'ഇസ്ലാമികപ്രസ്ഥാന' മാണെ ന്നും തെറ്റിദ്ധരിപ്പിച്ചുകൊണ്ടായിരുന്നു അയാൾ മുസ്ലിബ ഹുജനങ്ങളെ ഹസ്രത്ത് ഉസ്മാന്നെതരിൽ അണിനിര ത്തിയത്. അങ്ങനെ അയാൾ തൻെറ പ്രസ്ഥാനത്തിനു ഒരു ബഹുജനമുന്നേറ്റത്തിൻെറ രൂപം കൊടുത്തുകൊ ണ്ടു തൻെറ സൈന്യങ്ങളുമായി മദീനയെ ജയിച്ച

Scanned with CamScanner

ടക്കുകയും ഹസ്രത്ത് ഉസ്മാൻ(റ) നെ വധിക്കുകയും ചെയ്തു.

ഈ ശോകനിർഭരമായ ദൗർഭഗ്യസംഭവത്തെ മുസ്ലിംലോകം ഇന്നും നനഞ്ഞ നയനങ്ങളോടെയാണ് സ്മരിക്കുന്നത്. അബ്ദുല്ലാഹിബ്നുസബായുടെ പട്ടാള ത്തിലുണ്ടായിരുന്നവരെല്ലാം മുസ്ലിംകളായിരുന്നുവെ ന്നും ഇസ്ലാമിൻെറ പേരിലാണ് അവർ ഈ കഠിനകൃത്യ ങ്ങൾ ചെയ്തതെന്നും പ്രത്യേകം ഓർക്കേണ്ടതാണ്. മുസ്ലിംലോകത്ത് അന്തഃഛിദ്രത്തിൻെറ വിത്ത് വിതച്ച് ആയിരക്കണക്കിനു സഹാബാക്കളുൾപ്പെടെ ഒരു ലക്ഷത്തോളം വരുന്ന മുസ്ലിംകളുടെ ജീവനാശം വരു ത്തിയ അതിദാരുണമായ ആ സംഭവം വരുത്തിവെച്ച വിനകളുടെ തിക്തഫലങ്ങൾ മുസ്ലിംലോകം ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

അതിനുശേഷം ഹസ്രത്ത് അലി(റ) യുടെ കാലം മുതൽ ദശാബ്ദങ്ങളോളം നീണ്ടുനിന്ന 'ഖവാരിജ്' പ്രസ്ഥാനവും മേൽപറഞ്ഞതിനു ഒരു ഉദാഹരണമാണ്. ആ പ്രസ്ഥാനത്തെയും അതിൻെറ അനുയായികൾ ഒരു ഇസ്ലാമിക പ്രസ്ഥാനമായിട്ടാണ് നയിച്ചിരുന്നത്. മാത്ര മല്ല ഇപ്പോൾ മൌദൂദി പ്രസ്ഥാനക്കാർ ഒരു വലിയ പ്രമാ ണമായി എടുത്തുദ്ധരിക്കാറുള്ളു "ഇനിൽ ഹുക്കുമു ഇല്ലാലില്ലാ" എന്ന ഖുർആൻ വാക്യമായിരുന്നു അന്നു 'ഖവാരിജ് ' പ്രസ്ഥാനത്തിൻെറയും മുദ്രാവാക്യം ഹസ്ര ത്ത്അലി (റ) ആ നിഷ്ഠൂരന്മാരുടെ വാളിന്നിരയായി ശഹീദായി. അബ്ദുർറഹ്മാനിബ്നുൽമുൽ ജിം' എന്നാ ണ് ആദുർഭഗനായ ഘാതകൻെറ പേർ. അങ്ങനെ അനവ ധി സഹാബിമാരെയും മഹാന്മാരെയും മറ്റു ആയിരക്ക ണക്കായ മുസ്ലിംകളെയും ഇസ്ലാമിൻെറ പേരും പറ

Scanned with CamScanner

ഞ്ഞു വധിച്ചും ഒളി യുദ്ധം നടത്തിയും കൊണ്ടു മുസ്ലിം ഖിലാഫത്തു ഭരണങ്ങൾക്കെതിരായി ഒരു ദീർഘകാലം വരെ കുഴപ്പങ്ങൾ സൃഷ്ടിച്ചു കൊണ്ടേ പോന്നു. അവസാനം, ചില മുസ്ലിം ഭരണാധികാരികളുടെ സമർത്ഥമായ പ്രവർത്തനം മുഖേന ഖവാരിജുകൾ നാമാവശേഷമാക്കപ്പെട്ടു.

അതിനുശേഷവും മുസ്ലിം ലോകത്തു ഇസ്ലാമിന്റെ പേരും പറഞ്ഞു കുഴപ്പങ്ങൾ സൃഷ്ടിച്ച ചില പ്രസ്ഥാനങ്ങൾ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും, മേൽ പ്രസ്താവിച്ച "മുസ്ലിം ബ്രദർഹുഡ്ഡ", "ദാറുൽ ഇസ്ലാം", "ഫിദായാനെ ഇസ്ലാം" എന്നീ പ്രസ്ഥാനങ്ങൾ ഭീകരപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതും ഇസ്ലാമിന്റെ പേരിൽതന്നെയാണ്. മൌദൂദി സംഘടനയായ 'ജമാഅത്തെ ഇസ്ലാമി'യും മേൽ പറഞ്ഞവരുടെയെല്ലാം കാൽപാടുകളിലേക്കാണ് നീങ്ങുന്നത്. 1953-ൽ പാക്കിസ്ഥാനിലെ 'ജമാഅത്തെ ഇസലാമി' ഇസ്ലാമിന്റെ പേരിൽ കലാപം നടത്തി പരാജയപ്പെട്ടുവെന്ന വസ്തുത മുമ്പ് വിവരിച്ചുവല്ലോ. ഇന്ത്യയിൽ ഇവരെന്തുചെയ്യുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

(21) മതസ്വാതന്ത്ര്യം എന്നതിന്റെ വിവക്ഷ മതമനുസരിച്ചു ജീവിക്കുവാനുള്ള സ്വാതന്ത്ര്യമെന്നാണല്ലോ. ഈ വിവക്ഷ പ്രകാരം നമ്മുടെ ഇന്ത്യ മതസ്വാതന്ത്ര്യം അംഗീകരിച്ചിട്ടുള്ള രാഷ്ട്രമാണ്. ഇന്ത്യൻ ഭരണഘടന ആ സംഗതി വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. മതം സ്വീകരിക്കുകയുംആരാധന നടത്തുകയും മതാനുസരണം ജീവിക്കുകയും മാത്രമല്ല; മതപ്രചരണവും മതപരിവർത്തനം തന്നെയും ഇവിടെ അനുവദിക്കപ്പെട്ടിരിക്കു

CS Scanned with CamScanner

ന്നു. ആക്ഷേപമുള്ള കാര്യങ്ങളിൽ ആവലാതിപ്പെടാനും ഗവർമെണ്ടിനെ വിമർശിക്കാനും ഗവർമെണ്ടിനെതിരായി കേസ്സു കൊടുക്കാനും കൂടി ഇവിടുത്തെ പൌരന്മാർക്കവകാശമുണ്ട്. മുസ്ലിംകൾ സാമൂഹ്യമായി സംഘടിക്കുന്നതിനും അവർ തമ്മിലുണ്ടാകുന്ന സിവിൽ വഴക്കുകൾക്ക് അവർ തന്നെ പരിഹാരമുണ്ടാക്കുന്നതിനും ഈ ഭരണകൂടം എതിരല്ല. അതനുസരിച്ച് മുസ്ലിംകൾ തങ്ങളുടെ മതപരവും സാമൂഹ്യവും സാമുദായികവും ഇങ്ങേയറ്റം, രാഷ്ട്രീയവുമായ ബഹുവിധ പ്രവർത്തനങ്ങൾ ഇവിടെ നടത്തിവരുന്നു. അത്രയുമല്ല, ഈ ഭരണത്തോടു കൂറു പുലർത്തുന്നതും വോട്ടു ചെയ്യുന്നതും സ്ഥാനാർത്ഥികളെ നിയമസഭകളിലയക്കുന്നതും ഉദ്യോഗം സ്വീകരിക്കുന്നതും ഭരണത്തെ അനുസരിക്കുന്നതുമെല്ലാം ഇസ്ലാമിൻെറ അടിസ്ഥാനമായ തൌഹീദിനുതന്നെ കടകവിരുദ്ധവും ബഹുദൈവാരാധനാപരവുമാണെന്നും ആകയാൽ ഈ ഭരണം നശിപ്പിച്ചു തൽസ്ഥാനത്ത് ഇസ്ലാമിക ഭരണം സ്ഥാപിക്കേണ്ടതാണെന്നു സിദ്ധാന്തിക്കുകയും പ്രബോധിക്കുകയും ചെയ്യുന്ന മൌദൂദി ആദർശക്കാരായ 'ജമാഅത്തെ ഇസ്ലാമി'ക്കു കൂടി ഇവിടെ പ്രചരണ സ്വാതന്ത്ര്യമുണ്ട്. ഈ മൌദൂദി പ്രസ്ഥാനത്തെ പാക്കിസ്ഥാനിലെ അയ്യൂബ്ഖാൻ ഭരണം നിയമവിരുദ്ധമാക്കി പിരിച്ചുവിട്ടിട്ടും ഇന്ത്യാഗവർമ്മെണ്ടു ഇതേവരെ അത്തരം നടപടികളൊന്നും സ്വീകരിക്കാത്തതുതന്നെ ഈ രാഷ്ട്രത്തിലെ പൌരസ്വാതന്ത്ര്യത്തിനു ഒരു മകുടോദാഹരണമാണ്.

ഈ പറഞ്ഞതിനെതിരിൽ മൌദൂദികൾ ഒരു വലിയ തെളിവെന്നോണം ഒരു ന്യായം ഉന്നയിക്കാറുണ്ട്. കള്ളൻെറ കൈ മുറിക്കുക, വ്യഭിചാരിയെ നൂറു

Scanned with CamScanner

ചെമ്മട്ടിയടി അടിക്കുക ആദിയായ ശിക്ഷാകൃത്യങ്ങ ളും മറ്റ് ഇസ്ലാമികമായ ക്യമിനൽ ശിക്ഷാനടപടികളും ഇവിടെ നടപ്പിൽ വരുത്താൻ കഴിയുന്നില്ല; ആ സ്വാത ന്ത്ര്യം കൂടി മതസ്വാതന്ത്ര്യത്തിൻെറ നിർവചനത്തിൽ ഉൾപ്പെട്ടതാണ്; ആകയാൽ, അതുകൂടി സാധിതപ്രായമാ കുമാറ് നാം ഭരണം സ്വായത്തമാക്കിയാലെ നമ്മൾ പരി പൂർണ്ണ മുസ്ലിമാകയുള്ളൂ. ഇതാണ് അവരുടെ ന്യായ വാദം.

ഈ വാദം ഉന്നയിക്കുമ്പോൾ എത്രയും പ്രകട മായ ചില വസ്തുതകളുടെ നേരെ അവർ കണ്ണു ചിമ്മു കയാണു ചെയ്യുന്നത്. ഒന്നാമതായി, ഒരു നിയമത്തി ൻെറ ലംഘനമുണ്ടാകുമ്പോഴാണ് അതിന്നു ശിക്ഷ നൽകപ്പെടുന്നത് എന്നോർക്കേണ്ടതാണ്. ഉദാഹരണമാ യി, മോഷണം ചെയ്യരുത് എന്നതു ഒരു നിയമമാണ്. നേരെ മറിച്ചു, ചിലർ മോഷണം ചെയ്യണം; അവരുടെ കരഛേദം നടത്തുകയും വേണം എന്നു നിയമമില്ല. കരഛേദം അനിവാര്യഘട്ടത്തിൽ അതിൻെറ ഉപാധി കൾ പൂർത്തിയാകുമ്പോൾ ചെയ്യണമെന്നുമാത്രം. മറ്റു ക്യമിനൽ നിയമങ്ങളും അപ്രകാരംതന്നെ. ഒരു നിയമ ത്തിൻെറ ലംഘനമുണ്ടാകുമ്പോൾ മാത്രമാണ് ശിക്ഷ. എന്നാൽ ഇസ്ലാമിക നിയമങ്ങൾ ലംഘിക്കാതെ ഇവി ടെ ജീവിക്കുവാൻ നമുക്കു സ്വാതന്ത്ര്യമില്ലേ? ഉദാഹര ണമായി, വ്യഭിചരിക്കണമെന്നോ മോഷണം നടത്തണമെ ന്നോ ഗവർമ്മെണ്ടു നമ്മെ നിർബ്ബന്ധിക്കുന്നില്ല. എന്നാ ലല്ലേ അതിനുള്ള ശിക്ഷാനടപടികൾ എടുക്കാൻ കഴിയാ തെ പോയെന്നു വിലപിക്കേണ്ടു? ആകയാൽ നാം മുസ്ലിം കളാണെങ്കിൽ വ്യഭിചരിക്കരുത്, മോഷണം ചെയ്യരുത് കൊള്ളയും, കൊലയും നടത്തരുത്, ആദിയായ നിയ

CS Scanned with CamScanner

മങ്ങൾ നിഷ്കൃഷ്ടമായി നമ്മൾ പാലിക്കേണ്ടതാണ്. അതിനു നമുക്കു തികച്ചും സ്വാതന്ത്ര്യവുമുണ്ടല്ലോ. വ്യഭിചാരിയെ അടിക്കാൻ നമുക്കു സാദ്ധ്യമല്ലെന്നിരുന്നാലും നമുക്കു വ്യഭിചരിക്കാതിരിക്കാൻ കഴിയുമല്ലോ. അപ്പോൾ അടിയുടെ പ്രശ്നമേ ഉൽഭവിക്കുന്നില്ല. സത്യവിശ്വാസിയായ ഒരു മുസ്ലിം എല്ലാ പാപകൃത്യങ്ങളിൽ നിന്നും പരിശുദ്ധനായിരിക്കേണ്ടതാണ്. നബി(സ) പറയുന്നു:- "ഒരു സത്യവിശ്വാസിയും സത്യവിശ്വാസിയായിരിക്കുന്ന അവസ്ഥയിൽ വ്യഭിചരിക്കയില്ല; ഒരു സത്യവിശ്വാസിയും സത്യവിശ്വാസിയായിരിക്കുന്ന അവസ്ഥയിൽ മോഷണം ചെയ്കയുമില്ല" (ബുഖാരി) ആകയാൽ, വ്യഭിചാരിയെ അടിക്കാൻ കഴിയാത്തതിലല്ല നാം വെപ്രാളപ്പെടേണ്ടത്. പ്രത്യുത, വ്യഭിചാരവും മറ്റു പാപകർമ്മങ്ങളും പറ്റെ ഇല്ലാതാകുമാറ് ബഹുജനങ്ങളെ പ്രസ്തുത നബിവചനത്തിൽ പറഞ്ഞവിധം 'മുഅ്മിനു'കളും സാത്വികരുമാക്കിത്തീർക്കാനാണ് നാം ശ്രമിക്കേണ്ടത്. അതാണ് പ്രവാചകന്മാരുടെ പാരമ്പര്യം.

ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. മൗദൂദികൾക്ക് അവർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള ഭരണം കിട്ടിക്കഴിഞ്ഞാൽ അവരുടെ ഭാഷയിൽ ഇസ്ലാമിലെ എല്ലാ നിയമങ്ങളും നടപ്പിൽ വരുത്തണമല്ലോ. എന്നാൽ ആ ഭരണത്തിൽ ദൈവവിധിയാ ആരും വ്യഭിചരിക്കാതെ, മോഷണം ചെയ്യാതെ, മറ്റു നിയമങ്ങളൊന്നും ലംഘിക്കാതെ, എല്ലാവരും സാത്വികരായി ജീവിക്കുന്നതായാൽ മേൽ പറഞ്ഞ ശിക്ഷാനിയമങ്ങൾ അവരെങ്ങനെ നടപ്പിൽവരുത്തും? എല്ലാ നിയമങ്ങളും നടപ്പിൽ വരുത്താതെ പരിപൂർണ്ണമുസ്ലിമാവുക സാധ്യമല്ലല്ലോ. ഹസ്രത്ത് മുഹമ്മദുനബി(സ) തന്നെയും ആ

Scanned with CamScanner

തിരുമേനിയുടെ " ഹിജ്റത്ത്" വരെയുള്ള മക്കാജീവിതത്തിൽ പരിപൂർണ്ണമുസ്ലിമായിരുന്നില്ലെന്നല്ലെ മൌദൂദികളുടെ കേരള അമീറായിരുന്ന പരേതനായ മൌലവി വി. പി. മുഹമ്മദലിസാഹിബ് പ്രസ്താവിക്കുകയുണ്ടായത്. ('മൌദൂദിഅമീറിൻെറ വിഷബോമ്പ്' എന്ന പുസ്തകം നോക്കുക)

ഇവിടെ മറ്റൊരു സംഗതികൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ഇസ്ലാമിലെ ക്രിമിനൽ നിയമങ്ങൾ നടത്തണമെന്ന ശാസനതന്നെ മുസ്ലിം ഭരണാധികാരികളോടാണ്; വ്യക്തികളോടല്ല. ഭരണാധികാരമുണ്ടായിരിക്കേണ്ടതു അതിൻെറ ഉപാധിയാണെന്നു പറയേണ്ടതില്ലല്ലോ.

അതായതു, ഇസ്ലാമിലെ വിധിവിലക്കുകളിൽ ചിലതു സോപാധികമാണ്; ചിലതു നിരുപാധികവും. അപ്രകാരംതന്നെ, ചില നിയമങ്ങൾ വ്യക്തികളെ ബാധിക്കുന്നതും ചിലത് സമൂഹത്തെ ബാധിക്കുന്നതും സോപാധികവുമത്രെ? അതായത്, ഇസ്ലാമികഭരണമുള്ളേടത്ത് അതിലെ ഭരണാധികാരികൾ പ്രസ്തുത നിയമങ്ങൾ നടപ്പിൽ വരുത്തേണ്ടതാണെന്നു താല്പര്യം, നോക്കുക, കഴിവില്ലാത്തവർ ഹജ്ജ് ചെയ്യേണ്ടതില്ല, ധനമില്ലാത്തവർ സക്കാത്ത് നൽകേണ്ടതില്ല അതുപോലെ ഇസ്ലാമിക ഭരണമില്ലാത്തേടത്തു അതിലെ ക്രിമിനൽ നിയമങ്ങൾ ബാധകമല്ലെന്ന പരമാർത്ഥം എത്രയും പ്രകടമാണ്. (നമ്മുടെ ഇന്ത്യയിൽ ഇന്നു ഇസ്ലാമിക ഭരണമില്ല. അതു നടപ്പിൽ വരുത്തുന്നതിനുള്ള ന്യായമായ പരിതഃസ്ഥിതിയുമില്ല). ആകയാൽ, മേൽപറഞ്ഞ വിധം നാം പ്രവാചകന്മാരുടെയും സദ്ധർമ്മികളായ മഹാന്മാരുടേയും പാരമ്പര്യമനുസരിച്ചു ജീവിക്കേണ്ടതാണ്. അതായതു, സമാധാനപരമായ സത്യപ്രബോധനം നടത്തി

CS Scanned with CamScanner

സാത്വികരായി ജീവിക്കുക ഭൂരിപക്ഷമാളുകളും സത്യം സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ ഭരണം താനേ വന്നുകൊള്ളും. ഭരണമുണ്ടാക്കാൻ ശ്രമിക്കുകയല്ല വേണ്ടത്. മനുഷ്യരെ നന്നാക്കാനാണ് ശ്രമിക്കേണ്ടത്. അതു ഭരണമില്ലാതെതന്നെ സാദ്ധ്യമാണ്. സ്വന്തം ഭരണമില്ലാതെ യഥാർത്ഥ മുസ്ലിമാകാൻ സാദ്ധ്യമല്ലെന്നു സിദ്ധാന്തിക്കുന്ന മൗദൂദികൾക്ക് അവരെത്രതന്നെ പാടുപെട്ടിട്ടും ഇതേവരെ ഇന്ത്യയിലോ ലോകത്തെവിടെയെങ്കിലുമോ ഒരു കൊച്ചുഭരണമെങ്കിലും സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത നാം വിസ്മരിച്ചുപോകരുത്.

(22) മതസ്വാതന്ത്ര്യമുള്ള മതേതരരാഷ്ട്രത്തിൽ മുസ്ലിംകൾക്കു പരിപൂർണ്ണമുസ്ലിംകളായി ജീവിക്കുവാൻ തികച്ചും സാധിക്കുമെന്ന് ഞാൻ തെളിയിച്ചുവല്ലോ. ഇനി, ഈ പ്രശ്നത്തിന്റെ മറുവശമാണ് നാം പരിശോധിക്കേണ്ടത്. അതായതു, ഇസ്ലാമികരാഷ്ട്രം സ്ഥാപിച്ചുകഴിഞ്ഞാൽ ബലം പ്രയോഗിച്ചു ആ രാഷ്ട്രത്തിലെ സമസ്തമുസ്ലിംകളേയും സ്വാത്വികരാക്കിനിർത്താൻ സാദ്ധ്യമാണോ? എന്നതാണ് അടുത്ത ചോദ്യം. അതു തികച്ചും സാദ്ധ്യമാണെന്നാണ് മൗദൂദിസാഹിബ് സിദ്ധാന്തിക്കുന്നത്. അതായതു ഭൗതികശക്തി ആത്മീയ പരിവർത്തനത്തിന്നു നിദാനമാണെന്നു താല്പര്യം. അദ്ദേഹത്തിന്റെ ഈ സിദ്ധാന്തം അതീവ ദുർഗ്രഹമായിരിക്കുകയാണ്. ദൈവഭക്തിയും ഹൃദയപരിശുദ്ധിയുമാണല്ലോ സർവ്വനന്മയുടെയും അടിസ്ഥാനം. അതു തോക്കുകൊണ്ടും ബയനറ്റുകൊണ്ടും സാധിക്കുമെന്ന ഈ മൌദൂദിസിദ്ധാന്തം ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ കണ്ടുപിടുത്തങ്ങളിൽ ഒന്നുതന്നെ!! ഭരണദൂഷ്യമാണ് സകല ദോഷങ്ങളുടെയും

CS Scanned with CamScanner

അടിസ്ഥാനകാരണമെന്നും ഭരണം കരസ്ഥമാക്കി ബലം പ്രയോഗിച്ചല്ലാതെ മനുഷ്യരെ ഉദ്ധരിക്കുന്നയാതൊരു പ്രവർത്തനവും പ്രയോജനകരമല്ലെന്നും തന്റെ ആ വിഭാവിതഭരണമങ്ങു സ്ഥാപിച്ചുകഴിഞ്ഞാൽ, ലോകത്തു സാർവ്വത്രികവും ശാശ്വതവുമായ നന്മകൾ നിലനില്ക്കുമെന്നും മറ്റുമാണ് മൌദൂദിസാഹിബു ഉച്ചൈസ്തരം ഉൽഘോഷിക്കുന്നത്. കേരള ജമാഅത്തെ ഇസ്ലാമി പ്രസിദ്ധപ്പെടുത്തിയ, മൌദൂദിസാഹിബിന്റെ 'ഖുത്തുബാത്ത്' എന്ന പുസ്തകം 27-ാം അദ്ധ്യായം മുമ്പിൽ വെച്ചുകൊണ്ടാണ് ഞാനിതെഴുതുന്നത്. വായനക്കാരുടെ അറിവിന്നായി അതിൽനിന്നു ചില ഭാഗങ്ങൾ താഴെ ഉദ്ധരിച്ചുകൊള്ളാം. അവയിലോരോന്നിനും എനിക്കു പറയുവാനുള്ള മറുപടിയുടെ ചുരുക്കവും വഴിക്കുവഴി ചേർത്തുകൊള്ളുന്നു.

ജ: മൌദൂദിസാഹിബ്:- "ലോകത്ത് നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന സകല ദോഷങ്ങളുടേയും നാരായ വേരു വാസ്തവത്തിൽ ഭരണദൂഷ്യമാകുന്നു."

"ഇത്രയും പ്രസ്താവിച്ചതിൽനിന്നു ഭരണദൂഷ്യമാണ് സകല വിനാശങ്ങളുടെയും മൂലകാരണമെന്ന പരമാർത്ഥം നിങ്ങൾ നല്ലപോലെ ഗ്രഹിച്ചിരിക്കുമെന്നു കരുതുന്നു."

ലേഖകൻ:- നാശദോഷങ്ങളുടെ മൂലകാരണം ഭരണദൂഷ്യമാല്ല; ദൈവഭക്തിയുടേയും സന്മാർഗ്ഗബോധത്തിൻേറയും അഭാവമാണ്. അതുരണ്ടും പുനസ്ഥാപിക്കുന്നതായാൽ "സകല ദോഷങ്ങളുടെയും നാരായ വേരുതന്നെ അറുക്കപ്പെട്ടുപോകുന്നതാണ്. അത്രയുമല്ല, യഥാർത്ഥത്തിൽ ഭരണദൂഷ്യത്തിന്റെതന്നെയും മൂലകാരണം ഹൃദയദൂഷ്യമാണ്. ആ ദൂഷ്യം ദൈവഭക്തി

CS Scanned with CamScanner

കൊണ്ടുമാത്രമെ പരിഹരിക്കപ്പെടുകയുള്ളു. അങ്ങനെയുള്ള ദൈവഭക്തിയും ഹൃദപരിശുദ്ധിയും ഉണ്ടാക്കുകയാണ് പ്രവാചകന്മാരുടെയും അനുയായികളുടെയും കൃത്യം. ഖുർആനും ഹദീസും ഈ വസ്തുത നല്ലപോലെ മനസ്സിലാക്കിത്തരുന്നുണ്ട്. ഉദാഹരണമായി മൂസാനബി(അ) ഫിർഔനെ സംബോധനചെയ്തു പറഞ്ഞതായി ഖുർആൻ പറയുന്നു; "ഹല്ലക ഇലാ അൻതസക്കാ, ഒഅഹ്ദിയകളലാറബ്ബിക്ക ഫതഹ്ശാ" (ഹൃദയ പരിശുദ്ധി ആർജ്ജിക്കാനും ഞാൻ നിനക്ക് നിന്റെ നാഥങ്കലേയ്ക്ക് മാർഗ്ഗദർശനം നൽകി അതുവഴി നീ (അവനെ) ഭയപ്പെടാനും നിനക്കിഷ്ടമുണ്ടോ?) – 79:19,20

നബി(സ) ഹൃദയത്തെ ചൂണ്ടിക്കൊണ്ട് "തഖ്വാ (ഭയഭക്തി) ഇവിടെയാണ്" എന്നു പറയുകയുണ്ടായി.

ഈ ഭയഭക്തിയാണ് സർവ്വനന്മയുടെയും നാരായ വേരു എന്നു വരുമ്പോൾ അതിന്നെതിരിൽ സർവ്വതിന്മയുടെയും അടിസ്ഥാനകാരണം ഭയഭക്തിയുടെ അഭാവമാണെന്നു പറയേണ്ടതില്ലല്ലോ.

മൌ:– "ജനങ്ങൾക്ക് വ്യഭിചരിക്കുവാനുള്ള സ്വാതന്ത്ര്യം ലഭിച്ച സ്ഥലങ്ങളിൽ വ്യഭിചാരത്തിന്നെതിരായി എത്ര ഉപദേശങ്ങൾ നൽകുന്നതായാലും ആ നീചകർമ്മം നിന്നുപോകുക സാദ്ധ്യമല്ലെന്നു ഏവർക്കും ഗ്രഹിക്കാവുന്നതാണ്. എന്നാൽ, ഭരണാധികാരം കരസ്ഥമാക്കി ബലം പ്രയോഗിച്ചു അതിനെ നിർത്തുന്നതായാൽ ജനങ്ങൾ ക്രമേണ ഹറാമായ മാർഗ്ഗങ്ങൾ ഉപേക്ഷിച്ച് ഹലാലായ മാർഗ്ഗങ്ങൾ കൈകൊണ്ടു തുടങ്ങുന്നതാണ്".

ലേ:– ഈ സിദ്ധാന്തം നമുക്ക് ഗ്രഹിക്കാൻ സാദ്ധ്യമല്ല, എന്തെന്നാൽ, പ്രവാചകന്മാരുടെ പ്രധാന കർത്ത

Scanned with CamScanner

വ്യം തന്നെ ഉപദേശമാണ്. അവരാണ് പ്രധാന ഉപദേശകന്മാർ. സത്യവിശ്വാസികൾ, പരസ്പരവും അന്യരെയും ഉപദേശിക്കേണ്ടതാണ്. ഉപദേശം തീർച്ചയായും ഫലം ചെയ്യുന്നതുമാണ്. ഖുർആൻ ഈ സംഗതി ഒന്നിലധികം സ്ഥലങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, ഭരണാധികാരം കൈവന്നിട്ടില്ലാത്ത അനവധി പ്രവാചകന്മാർ മുമ്പു വന്നിട്ടുണ്ടെന്നു ഞാൻ മുകളിൽ പ്രസ്താവിച്ചുവല്ലോ. അവരുടെ ഉപദേശങ്ങൾക്ക് ഫലമൊന്നുമുണ്ടായിട്ടില്ലേ? അവർ ബലം പ്രയോഗിച്ചു നീ ചകർമ്മങ്ങളെ നിർത്താതിരുന്നതു നിമിത്തം അവരുടെ അനുയായികൾ വിഭിചാരാതിദോഷങ്ങൾ ചെയ്തു കൊണ്ടിരുന്നിട്ടുണ്ടോ? ഹസ്രത്ത് മുഹമ്മദുമുസ്തഫാ (സ) തിരുമേനിയുടെ മക്കാജീവിതത്തിൽ മുസ്ലിമായ അനുചരന്മാർ "വ്യഭിചരിക്കുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചസ്ഥലങ്ങളിൽ" ജീവിച്ചവരാണല്ലോ. വ്യഭിചാരത്തിന്നെതിരായി നബി(സ) നൽകിയ ഉപദേശങ്ങൾ പ്രസ്തുത സഹാബാക്കൾക്ക് യാതൊരു പ്രയോജനവും ചെയ്തിരുന്നില്ലേ? പുണ്യവാളന്മാരായ ആ പ്രഥമ വിശ്വാസികൾ നബി (സ) ക്ക് ഭരണാധികാരം കരസ്ഥമാകുന്നതുവരെ "ഹറാമായ മാർഗ്ഗങ്ങൾ ഉപേക്ഷിച്ചുഹലാലായ മാർഗ്ഗങ്ങൾ കൈക്കൊ"ണ്ടിട്ടില്ലെന്നു പറയാൻ ഈ മൌദൂദി സാഹിബ് ധൃഷ്ടനായേക്കുമേ? അതുപോകട്ടെ, ഇന്നു 'വ്യഭിചരിക്കുവാനുള്ള സ്വാതന്ത്ര്യം ലഭിച്ച സ്ഥലങ്ങളിൽ' നിവസിക്കുന്ന മൌദൂദികൾ ഉൾപെടെയുള്ള മുസ്ലിംകൾ എല്ലാവരും, അവരെ ആരും ബലംപ്രയോഗിച്ചു തടയാത്തതുകൊണ്ടു ആ ദുഷ്കൃത്യം ചെയ്യുന്നവരാണോ? അല്ല, ഭൂരിഭാഗവും സാത്വികരാണെന്ന പരമാർത്ഥം സമ്മതിക്കുമോ? അവർ സന്മാർഗ്ഗികളായി ജീവിക്കുന്നതു ഏതെങ്കിലും ഭൌതകശിക്ഷയെഭയന്നിട്ടാണെ

Scanned with CamScanner

ന്നു പറയാൻ നിർവ്വാഹമുണ്ടോ? ഇന്നലെവരെ ദുർമ്മാർഗ്ഗികളായിരുന്നവർ ഇന്നു മാനസാന്തരപ്പെട്ടു സന്മാർഗ്ഗികളായിത്തീരുന്നതു നാം കാണുന്നു. ഭരണമില്ലാതെതന്നെ മനുഷ്യരിൽ നല്ല പരിവർത്തനം ഉണ്ടാക്കാൻ സാദ്ധ്യമാണെന്നല്ലേ ഈ വസ്തുത നമ്മെ മനസ്സിലാക്കിത്തരുന്നത്?

നബി (സ)യുടെ അനുചരന്മാരായ പുണ്യസഹാബാക്കളുടെ ജീവിതത്തിൽ ആ തിരുമേനിയുടെ ബലപ്രയോഗരഹിതമായ ശിക്ഷണം മുഖേന എത്ര വമ്പിച്ച പരിവർത്തനമാണുണ്ടായത്. മദ്യപാനം നിരോധിച്ചതായി നബി (സ) വിളംബരപ്പെടുത്തിയതോടെ അവർ മദ്യപാനം ഉപേക്ഷിക്കുക മാത്രമല്ല ചെയ്തത്. മദ്യകുംഭങ്ങളെ തന്നെ ഉടച്ചുകളയുകയാണുണ്ടായത്. ബലപ്രയോഗമല്ല, ഭക്തി വിശ്വാസമാണതിനു കാരണം "തത്വോപദേശങ്ങൾകൊണ്ടും പ്രസംഗങ്ങൾകൊണ്ടും" ഒന്നും സാദ്ധ്യമല്ലെന്നു മൌദൂദിസാഹിബ് പറയുമ്പോൾ അതു പ്രവാചകന്മാരെ അപലപിക്കലാണെന്ന വസ്തുത അദ്ദേഹം ഓർക്കാത്തതു കഷ്ടം. 'ബലം പ്രയോഗിച്ചു' വ്യഭിചാരാദി ദോഷങ്ങളെ തടയാമെന്ന മൌദൂദി സിദ്ധാന്തം പ്രയോഗക്ഷമമല്ലെന്നു ആർക്കാണ് ഗ്രഹിക്കാൻ കഴിയാത്തതു? പരസ്യമായിചെയ്യുന്ന ദോഷങ്ങളുടെ ബാഹ്യവശം ബലം പ്രയോഗിച്ചു തടയാൻ കഴിഞ്ഞെന്നു വരാം. അതിലുപരിയായി വല്ല കഴിവും ബലപ്രയോഗത്തിനുണ്ടോ?

മൗ:- "എന്നാൽ അധികാരം കരസ്ഥമാക്കി അവരുടെ തെമ്മാടിത്തരങ്ങളെ അവസാനിപ്പിക്കുവാനായി നടപടികൾ എടുക്കുന്നതായാൽ എല്ലാ ദുർന്നടപടികളും നിലച്ച് പോകുന്നതാണ്.......

ലേ :- ഇല്ല. അതു സാദ്ധ്യമല്ല. അധികാരംമുഖേന

Scanned with CamScanner

എല്ലാ 'ദുർന്നടവടികളേയും അവസാനിപ്പിക്കണമെങ്കിൽ ഒരോ ആളുടെയും കൂടെ ഓരോ കാവൽഭടനെ നിർത്തേണ്ടതായിവരും. മാത്രമല്ല, ആ കാവൽഭടന്റെ മേൽനോട്ടത്തിന്നായി വേറൊരാളും വേണം. ആയാൾക്ക് മറ്റൊരാളും. അങ്ങനെ കാവൽക്കാരുടെ ശൃംഖലയ്ക്കവസാനമുണ്ടാവില്ല. എന്തെന്നാൽ, അവരാരും മലക്കുകളായിരിക്കയില്ലല്ലോ. ഇനി, അങ്ങനെ ഭൗതിക ശക്തി പ്രയോഗിച്ച് മനുഷ്യരെയെല്ലാം നിലയ്ക്ക് നിർത്തിയെന്നു വന്നാൽതന്നെയും അവരുടെ ശരീരങ്ങളെയല്ലാതെ ആത്മാക്കളെയും ഹൃദയങ്ങളെയും കീഴടക്കവാൻ സാദ്ധ്യമാവുകയില്ല. അതിനു സദുപദേശം തന്നെ വേണ്ടിവരും. ഉപദേശംചെയ്തു തിരുത്തുകയെന്ന കൃത്യം ഭരണമില്ലാതെയും സാദ്ധ്യമാണല്ലോ.

മൗ:- "മാനവലോകത്തെ ഉദ്ധരിക്കുവാനും പരിഷ്കരിക്കുവാനുമുള്ള യാതൊരു പദ്ധതിയും ഭരണാധികാരം കൈക്കലാക്കാതെ നടക്കുകയില്ലെന്നത് ഒരു പച്ചപ്പരമാർത്ഥം മാത്രമാണ്".

ലേ :- ഈ സിദ്ധാന്തത്തിനു ഇസ്ലാമിക ദൃഷ്ട്യായതൊരു ന്യായീകരണവുമില്ല. എന്തെന്നാൽ ഞാൻ മുകളിൽ പ്രസ്താവിച്ചതുപോലെ, തങ്ങളുടെ ജീവതാന്ത്യം വരെ ഭരണാധകാരം കൈവന്നിട്ടില്ലാത്ത അനേകം പ്രവാചകന്മാർ മുമ്പു വന്നിട്ടുണ്ടായിരുന്നു. അവർ അവതരിപ്പിച്ച 'പദ്ധതികൾ' മാനവലോകത്തെ ഉദ്ധരിക്കുവാനും പരിഷ്ക്കരിക്കുവാനും പര്യാപ്തമായില്ലെന്നോ അഥവാ ഭരണാധികാരത്തിന്റെ അഭാവം അവരുടെ നിയോഗത്തെ പരാജയപ്പെടുത്തിയെന്നോ ധരിക്കുവാൻ ഒരു മുസ്ലിമിന്നും നിർവ്വാഹമില്ല. മാത്രമല്ല, ഈ മൌദൂദി സിദ്ധാന്തത്തെ ന്യായീകരിക്കുന്നപക്ഷം. മുഹമ്മദു

Scanned with CamScanner

നബി (സ) യുടെ മക്കാ ജീവിതത്തിലെ അനുയായിക ളിൽ പരിഷ്കരണ പദ്ധതികളൊന്നും നടപ്പിൽവന്നിട്ടു ണ്ടായിരുന്നില്ലെന്നു പറയേണ്ടിവരും. അതുപോലെത ന്നെ, യഥാർത്ഥ ഇസ്ലാമികാധിഷ്ഠിത ഭരണം-ഖുലഫാ ഉർറാശിദൂൻകളുടെ ഭരണം - അവസാനിച്ചതുമുതൽ ഈ പതിമൂന്നു നൂറ്റണ്ടുകളിൽ മുസ്ലിംസമുദായത്തിനു ഇസ്ലാം മുഖേന യാതൊരു നേട്ടവും കൈവന്നിട്ടില്ലെ ന്നും സമ്മതിക്കേണ്ടതായി വരും. ആകയാൽ, ഈ നൂതന സിദ്ധാന്തം മൌദൂദിസാഹിബിനും അദ്ദേഹത്തി ൻെറ സിൽബന്ധികൾക്കും മാത്രം ഭൂഷണമായിരിക്കട്ടെ.

മൌ: "അല്ലാഹുവിൻെറ ഭൂമിയിൽ നിന്നു നാശമർ ദ്ദനങ്ങളെ എന്നെന്നേക്കുമായി വിപാടനം ചെയ്യണമെ ന്നു ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അല്ലാഹുവി ൻെറ സൃഷ്ടികൾ ഉത്തമമായ നിലയിൽ പരിഷ്ക്കരി ച്ചു അഭിവൃദ്ധി പ്രാപിക്കണമെന്നു വാസ്തവത്തിൽ വല്ലവരും ആഗ്രഹിക്കുന്നുണ്ടെങ്കിൽ വെറും ഉപദേഷ്ടാ ക്കളും പ്രാസംഗികന്മാരുമായികൊണ്ട് പ്രവർത്തിക്കുക യെന്നതു തീരെ നിഷ്ഫലവും നിഷ്പ്രയോജനവുമാകു ന്നു. സർവ്വസന്നദ്ധതയോടെ എഴുന്നേറ്റു അബദ്ധമായ അടിസ്ഥാനത്തിന്മേൽ സ്ഥാപിക്കപ്പെട്ട ഭരണത്തെ അവസാനിപ്പിക്കുകയും സ്വാർത്ഥികളും തെമ്മാടികളു മായ ജനങ്ങളുടെ പക്കൽനിന്നു ഭരണാധികാരത്തെ പിടിച്ചുപറ്റി ശരിയായ അടിസ്ഥാനമനുസരിച്ചും സുബദ്ധ മാർഗ്ഗത്തിനൊത്തുമുള്ള ഭരണം സ്ഥാപിക്കുകയും ചെയ്യേണ്ടതു അവരുടെ ഒഴിച്ചുകൂടാത്ത കർത്തവ്യ മാകുന്നു."

ലേ:- മൗദൂദി സാഹിബിൻെറ ഈ പ്രസ്താവന പ്രത്യേകം ശ്രദ്ധാർഹമാണ്. 'അല്ലാഹുവിൻെറ ഭൂമി യിൽ നിന്നു നാശമർദ്ദനങ്ങളെ എന്നെന്നേക്കുമായി

Scanned with CamScanner

വിപാടനം ചെയ്യു'ന്നതിനുള്ള ഏക ഉപാധിയാണ് താൻ വിഭാവനം ചെയ്യുന്ന ഭരണം എന്നാണല്ലോ അദ്ദേഹം സിദ്ധാന്തിക്കുന്നത്. ഭരണം-അതെത്രതന്നെ സൽഭരണ മായാലും ശരി - മനുഷ്യരെ 'എന്നെന്നേക്കുമായി' നന്നാക്കി നിലക്കുനിർത്തുവാൻ പര്യാപ്തമല്ലെന്നു ലോകചരിത്രം നമ്മെ പഠിപ്പിക്കുന്നു. ലോകത്തുനിന്നു നാശമർദ്ദനങ്ങൾ എന്നെന്നേക്കുമായി വിപാടനം ചെയ്യാൻ കെല്പുള്ള ഒരൊറ്റ ഭരണവും ഇതേവരെ ഉണ്ടായിട്ടില്ലല്ലോ. ലോകോൽഭവം മുതൽ നാളിതുവരെ ആർക്കും സാധിച്ചിട്ടില്ലാത്ത ഒരു മഹൽകൃത്യം ഇപ്പോൾ മൌദൂദി സാഹിബിന് സാധ്യമാകുമെന്നു കരുതാൻ എന്ത് ന്യായമാണ് ഉള്ളത്. അദ്ദേഹം മുൻകഴിഞ്ഞ എല്ലാ ലോകനേതാക്കളെയും സർവ്വ പ്രവാചകൻമാരുടെയും സങ്കരശക്തിയായി അവതാരമെടുത്തിരിക്കുകയാണോ? അങ്ങിനെയുള്ള ഒരഖില പ്രധാനനാണ് താനെന്നു അദ്ദേഹത്തിനു വാദമുണ്ടായിരിക്കാം? താൻ വാഗ്ദത്ത മഹദിയാണെന്ന് വ്യംഗ്യമായി സൂചിപ്പിക്കാറുള്ള മൌദൂദിസാഹിബ് ചില ഐതിഹ്യങ്ങളാൽ വഞ്ചിതനായി മേൽപ്പറഞ്ഞവിധം വ്യാമോഹിച്ചിരിക്കാൻ ഇടയുണ്ട്. മഹ്ദി വന്നാൽ സകല 'കാഫിറു'കളെയും സംഹരിച്ചു സകലലോകത്തേയും ബലാൽ മുസ്ലിമാക്കുമെന്നാണല്ലോ ഐതിഹ്യം.

മതനിയമങ്ങളുടെ അടിസ്ഥാനത്തിൽ അധിഷ്ഠിതമായ ഭരണങ്ങൾ ലോകത്തു മുൻപുണ്ടായിട്ടുണ്ട്. പക്ഷേ അവ ഒന്നും തന്നെ സ്ഥിരപ്രതിഷ്ഠിതമായിട്ടില്ല. അവയുടെ പ്രായോഗികത, തികച്ചും താല്കാലികമായിരുന്നുവെന്നു മാത്രമല്ല, അവ മുഖേന മനുഷ്യസമുദായത്തിനു 'എന്നെന്നേക്കുമുള്ള' സമാധാനമോ ക്ഷേമമോ കൈവന്നിട്ടില്ല. അത്രയുമല്ല. അത്തരം ഭരണാധി

Scanned with CamScanner

കാരം മുഖേന പല നേട്ടങ്ങളുമുണ്ടായിട്ടിണ്ടെങ്കിലും പല നാശങ്ങൾക്കും അതുതന്നെ ഹേതുവായിട്ടുമുണ്ടെന്ന വസ്തുത നാം ഓർക്കേണ്ടതാണ്. ഇതാണ് ചരിത്രം നമുക്കു നൽകുന്ന പാഠം.

ഇസ്രാഈല്യർക്ക് കുറെക്കാലംവരെ മതാധിഷ്ഠിത ഭരണമുണ്ടായിരുന്നു. ചിലപ്പോൾ പ്രവാചകൻമാർ തന്നെയും അവരുടെ ഭരണകൂടത്തിന്റെ സാരഥ്യം വഹിച്ചിട്ടുണ്ട്. എന്നിട്ടും ഭരണം അവരെ 'എന്നെന്നേക്കുമായി' രക്ഷിച്ചില്ല. മാത്രമല്ല, പ്രസ്തുതഭരണത്തിനു സ്വയം രക്ഷപ്പെടുന്നതിനുള്ള കഴിവുപോലുമുണ്ടായില്ല. മുമ്പുകഴിഞ്ഞതെല്ലാം പോകട്ടെ നമ്മുടെ മുസ്ലീം സമുദായത്തിനു സംഭവിച്ചതെന്തെന്നു ചിന്തിക്കാം. ഭരണം മനുഷ്യന് എന്തു നേട്ടമാണ് കൈവരുത്തുന്നതെന്നും ആ നേട്ടം എത്ര കാലം നിലനിൽക്കുമെന്നുമാണ് പ്രശ്നം. മുഹമ്മദുമുസ്തഫാ (സ) യുടെ ഹിജ്റത്തിനു മുമ്പു പതിമൂന്നുവർഷം മുസ്ലിംകൾ സ്വന്തം ഭരണമില്ലാതെ കഴിഞ്ഞുകൂടി. മദീനായിലെ ആദ്യത്തെ ഒന്നുരണ്ടു കൊല്ലത്തെ സ്ഥിതിയും ഏതാണ്ടു അതു തന്നെയായിരുന്നു. പിന്നീടു താമസിയാതെ, മുസ്ലിംകൾ ഒരു ഭരണാധികാര ശക്തിയായി രൂപം പ്രാപിച്ചു. അതോടെ ഇസ്ലാമിന്റെ വ്യാപ്തിയും വർദ്ധിച്ചുതുടങ്ങി. നബി (സ) യുടെ വിയോഗാനന്തരവും കുറെക്കാലം ഇസ്ലാമിന്റെ ഈ വ്യാപ്തി മേൽക്കുമേൽ ത്വരിതപ്പെട്ടുകൊണ്ടിരുന്നു. ബാഹ്യദൃഷ്ടിയിൽ അത് ഒരു വൻപിച്ച നേട്ടമായിരുന്നു. പക്ഷെ, ഈമാനിന്റേയും തഖ്‌വായുടെയും ഉരക്കല്ലിൽ വസ്തുതകളെ പരിശോധിക്കുന്നതായാൽ, പിന്നീടുണ്ടായ ആ വിജയത്തെ സാക്ഷാൽ വിജയമായി ഗണിക്കാൻ നിർവ്വാഹമില്ല. നബി(സ)ക്ക് ഭരണാ

CS Scanned with CamScanner

ധികാരം കൈവരുന്നതിന്നു മുൻപു ലഭിച്ച വിജയത്തിന്നാണ് മാറ്റു കൂടിയതായി കാണുക. അത്രയുമല്ല, അതാണ് സാക്ഷാൽ വിജയം. യഥാർത്ഥത്തിൽ പിന്നിട് കൈവന്ന വിജയങ്ങൾക്കെല്ലാം അടിസ്ഥാന കാരണവും ആ ആദ്യ വിജയം തന്നെയായിരുന്നു. വാസ്തവം ഒന്നു കൂടി തുറന്നു പറയുന്നതായാൽ, ഭരണാധികാരം മുസ്ലിം സമുദായത്തിനു ഒരു വലിയ അനുഗ്രഹമായിരുന്നുവെങ്കിലും പിന്നിടതുതന്നെ വമ്പിച്ച നാശനഷ്ടങ്ങൾക്കും ഹേതുവായിട്ടുണ്ട്. ഈ ചരിത്രവസ്തുത അല്പമൊന്നു വിശദീകരിക്കാം.

ഭൗതിശക്തി കൈവരുന്നതിനു മുൻപ് ഇസ്ലാം സ്വീകരിച്ചവർ താരതമ്യേന കൂടുതൽ ആത്മാർത്ഥതയും കൂറും ഭക്തിയുമുള്ള മുസ്ലിംകളായിരുന്നു. അതു സ്വാഭാവികവുമാണല്ലോ. പരീക്ഷണനെരിപ്പിൽ വെന്തു പാകപ്പെട്ടവരുടെ മന:സ്ഥൈര്യവും ആത്മ പരിശുദ്ധിയും പരീക്ഷണത്തിനു വിധേയരായിട്ടില്ലാത്തവർക്ക് ലഭിക്കുക സാധ്യമല്ല. ആദ്യം പറഞ്ഞവരിൽ കപടവിശ്വാസത്തിന്നിടമുണ്ടായിരിക്കുകയില്ല. രണ്ടാമത്തെ വിഭാഗത്തിന്റെ സ്ഥിതി നേരെ വിപരീതവും. നോക്കുക മദീനായിൽതന്നെ നബി(സ)യുടെ സഹചരൻമാരിൽ മുന്നൂറിൽപരം 'മുനാഫിക്കുകൾ' (കപടവിശ്വാസികൾ) ഉണ്ടായിരുന്നുവല്ലോ. പക്ഷെ, മക്കാജീവിതത്തിൽ ഒരൊറ്റ 'മുനാഫിഖു' പോലുമുണ്ടായിരുന്നില്ല. അതായതു തിരുനബി(സ)ക്കും പുണ്യ സഖാക്കൾക്കും ഭൗതികശക്തി കൈവന്നു തുടങ്ങിയതോടെ സ്വാർത്ഥികളായ പലരും മുസ്ലിംസമുദായത്തിൽ കടന്നുകൂടി. അവർ ബാഹ്യമാത്രമായി ഇസ്ലാം സ്വീകരിച്ചു. അവരാണ് മേൽപറഞ്ഞ 'മുനാഫിഖുകൾ'. അവർ അല്ലാഹുവിലും റസൂലിലും ആ-

CS Scanned with CamScanner

ത്മാർത്ഥമായിവിശ്വസിക്കാത്തവരും കുഴപ്പക്കാരുമാണെന്നും അവർ നരകത്തിൻെറ അടിത്തട്ടിലാണെന്നും മറ്റും ഖുർആൻ പ്രസ്താവിക്കുന്നു. (സൂറത്തുന്നീസാ) എന്നാൽ ഭൗതികശക്തി കൈവന്നശേഷം മുസ്ലിമായവരെല്ലാം അത്തരക്കാരാണെന്നല്ല ഞാനിപ്പറഞ്ഞതിൻെറ വിവക്ഷ. തീർച്ചയായും അനേകം ശുദ്ധാത്മാക്കൾ പിന്നീടുമുണ്ടായിട്ടുണ്ട്. ഞാൻ അവരെയൊന്നും അപലപിക്കുന്നില്ല. നേരെ മറിച്ച്, ഒരു താരതമ്യ വിവേചനം നടത്തുകയാണ്. അതായതു നബി(സ) തിരുമേനിക്ക് ഭൗതികശക്തി കൈവരുന്നതിനു മുമ്പത്തെ പതിനഞ്ചു കൊല്ലക്കാലത്ത് ഇസ്ലാം സ്വീകരിച്ചവരാണ് കൂടുതൽ നല്ല മുസ്ലിംകൾ. ഭൗതികാധികാരം കൈവന്നതിനുശേഷം ആത്മാർത്ഥ വിശ്വാസികളും ധാരാളമായി ഇസ്ലാമിൽ വന്നെങ്കിലും അനേകം അധരമാത്ര വിശ്വാസികളും നുഴഞ്ഞുകയറിയിട്ടുണ്ട്. ഈ കപടവിശ്വാസികൾക്ക് പുറമേ, ബലഹീനവിശ്വാസികളും അറിവും ആത്മാർത്ഥതയും കുറഞ്ഞവരും കൂട്ടം കൂട്ടമായി കടന്നുകൂടി. അത്തരക്കാരെല്ലാം പിന്നീട് മുസ്ലിംസമുദായത്തിനു വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തിവെച്ചു. നബി(സ)വഫാത്തായപ്പോൾ മേൽപ്പറഞ്ഞവരിൽ ഒരു ഗണ്യമായ വിഭാഗം മുർത്തദ്ദുകളായി (മതത്യാഗികൾ) വിപ്ലവത്തിനു മുതിർന്നു. ഒരു തരക്കാർ തങ്ങളുടെ 'സക്കാത്ത്' ധനം മുസ്ലീം കേന്ദ്രത്തിലേക്ക് കൊടുക്കുകയില്ലെന്ന് ശഠിച്ചു രാഷ്ട്രത്തെ എതിർത്തു. ചില ഗോത്രങ്ങൾ മുസൈലിമത്തുൽ കദ്ദാബിൻേറയും മറ്റും പക്ഷത്തുചേർന്ന് കലാപം സൃഷ്ടിച്ചു. നാനാഭാഗത്തു നിന്നും ഇത്തരം എതിർപ്പുകൾ മുസ്ലിം രാഷ്ട്രത്തിൻെറ നിലനില്പിനെ തന്നെ ഭീഷണിപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു. ഈ കുഴപ്പങ്ങളത്രയും സൃഷ്ടിച്ചത് ഇസ്ലാമിന്നു ഭൗതികശക്തി കരസ്ഥമായതിനു

Scanned with CamScanner

ശേഷം കടന്നുകൂടിയ നാമമാത്രവിശ്വാസികളായിരുന്നു വെന്ന വസ്തുത നമുക്ക് വിസ്മരിച്ചുകൂട. യഥാർത്ഥവി ശ്വാസികൾ വിശിഷ്യാ അധികാരലബ്ധിക്കുമുമ്പ് മുസ്ലി മായവർ - പ്രസ്തുതകുഴപ്പങ്ങളിൽ നിന്ന് തികച്ചും പരി ശുദ്ധരായിരുന്നു. അവരാണ് മേൽപ്പറഞ്ഞ നാമമാത്ര നവമുസ്ലിംകളാൽ ഉൽഭൂതമായ സർവ്വ കുഴപ്പങ്ങളേ യും പതറാത്ത ഹൃദയത്തോടെ ചെറുത്തുനിന്നു ഇസ്ലാ മിനെ രക്ഷിച്ചതു. അവരപ്രകാരം ചെയ്തില്ലായിരുന്നുവെ ങ്കിൽ ഭൂമുഖത്തു ഇസ്ലാമിൻെറ സൂര്യൻ അന്നു തന്നെ അസ്തമിച്ചുപോകുമായിരുന്നു. പ്രകാരന്തരേണ പറ ഞ്ഞാൽ, ഇസ്ലാമിന്നു ഭൗതികശക്തി ഇല്ലാത്ത കാല ത്തു മുസ്ലിമായവരാണ് പിന്നീട് അതിൻെറ ഭൗതികശ ക്തിയിലുണ്ടായിത്തീർന്ന നാശദോഷങ്ങളിൽനിന്നും ഇസ്ലാമിനേയും അതിൻെറ ഭൗതികശക്തിയെയും തന്നെ രക്ഷിച്ചതെന്നു താല്പര്യം. മൌദൂദി സാഹിബി നു ഈ വസ്തുതയെ നിഷേധിക്കാനാകുമോ?

കഥ ഇവിടംകൊണ്ടും അവസാനിക്കുന്നില്ല. ഭരണാ ധികാര ശക്തിയാൽ പ്രേരിതരായി മുസ്ലിമായവരെകൊ ണ്ടുള്ള ശല്യം അതിനുശേഷവും മുസ്ലിംലോകത്തെ ഭയങ്കര പരീക്ഷണങ്ങൾക്കു വിധേയമാക്കിയിട്ടുണ്ട്. ഇസ്ലാമിൻെറ മൂന്നാം ഖലീഫായ ഹസ്രത്ത് ഉസ്മാനുബി നു അഫ്ഫാൻ(റ) ന്നെതിരിൽ പൊട്ടിപ്പുറപ്പെട്ട വിപ്ലവ വും അദ്ദേഹം മുസ്ലിംകരങ്ങളാൽ ദയനീയമാം വിധം വധി ക്കപ്പെട്ടതും അനന്തരസംഭവങ്ങളും അവയിൽപെട്ടത ത്രേ. അഖിലലോകത്തിനുമുള്ള ശാശ്വതസമാധാനത്തി ൻെറ സന്ദേശവാഹകനും ലോകാനുഗ്രഹിയുമായ ഹസ്റത്ത് മുഹമ്മദുമുസ്തഫാ(സ) വഫാത്തായിട്ടു വെറും ഇരുപത്തഞ്ചുകൊല്ലം കഴിയുമ്പോഴേക്കും ആ

CS Scanned with CamScanner

തിരുമേനിയുടെ തിരുസഖാക്കളുൾപ്പെടെയുള്ള സമൂഹം രണ്ടുചേരികളായി പിരിഞ്ഞു പരസ്പരം യുദ്ധം നടത്തുന്ന പതനത്തിൽ എത്തിച്ചേർന്നു. ഈ കുഴപ്പം തുടങ്ങിയിട്ട് രണ്ടേ രണ്ട് വർഷങ്ങൾക്കുള്ളിൽ ഒരു ലക്ഷത്തിൽ പരം മുസ്ലിംകൾ മുസ്ലിംകരങ്ങളാൽ വധിക്കപ്പെടുന്ന ദുരവസ്ഥയും നേരിട്ടു. ഏറെത്താമസിയാതെ നാലാം ഖലീഫയായ ഹസ്റത്ത് അലി(റ) യും മുസ്ലിംകളാൽ വധിക്കപ്പെട്ടു. അതോടെ ഇസ്ലാമിക രാഷ്ട്രത്തിന്റെ ദൈവികസ്വഭാവവും മാറിക്കഴിഞ്ഞു. ഖിലാഫത്ത് രാജാധിപത്യമായി രൂപാന്തരപ്പെട്ടു. അതിനുശേഷവും പലവിധ ദുരന്ത സംഭവങ്ങൾ മുസ്ലിംലോകത്തെ അലട്ടിക്കൊണ്ടിരുന്നു. ഈ വിനകളെല്ലാം വരുത്തിക്കൂട്ടിയത് ഭരണാധികാരലബ്ധിക്കുശേഷം ഇസ്ലാമിൽ കടന്നുകൂടിയ ഇത്തിക്കണ്ണികളായിരുന്നുവെന്ന് നാം ഓർത്തിരിക്കേണ്ടതാണ്. പക്ഷെ ആ കുഴപ്പങ്ങളുടെ ജലപ്രവാഹത്തിൽ പല യഥാർത്ഥ മുസ്ലിംകളും പെട്ടുപോയതു ദൗർഭാഗ്യം തന്നെ. ഭരണാധികാരം ചിലപ്പോൾ എത്രയും വമ്പിച്ച നാശദോഷങ്ങൾക്കു കാരണമാകാനിടയുണ്ടെന്നു നാം ഇതിൽനിന്നു ഗ്രഹിക്കേണ്ടതാണ്. പക്ഷെ, മൌദൂദി സാഹിബ് സിദ്ധാന്തിക്കുന്നത്, താൻ വിഭാവനം ചെയ്യുന്ന ഭരണമങ്ങു സ്ഥാപിച്ചുകഴിഞ്ഞാൽ 'അല്ലാഹുവിന്റെ ഭൂമിയിൽനിന്ന് നാശമർദ്ദനങ്ങളെ എന്നെന്നേക്കുമായി വിപാടനംചെയ്യാ' മെന്നാണ്. എന്നാൽ ചരിത്രവസ്തുത എന്തുതെളിയിക്കുന്നു.? "അല്ലാഹുവിന്റെ ഭൂമിയിൽനിന്നു" എന്നും "എന്നെന്നേക്കുമായി " എന്നുമുള്ള മേന്മകളെല്ലാം അവിടെ നിൽക്കട്ടെ, ഒരു ചെറിയ ഭൂവിഭാഗത്തെങ്കിലും ഒരു കാൽനൂറ്റാണ്ടു കാലത്തേക്കുപോലും 'നാശമർദ്ദനങ്ങളെ വിപാടനം ചെയ്യാൻ' ഏറ്റവും മാതൃകായോഗ്യമായ

Scanned with CamScanner

ഖുലഫാ ഉർറാശിദുൻകളുടെ ഭരണത്തിനുപോലും സാദ്ധ്യമായില്ല. അത്രയുമല്ല, അതിനു സ്വയം നിലനിൽക്കാനും രക്ഷപ്പെടാനുമുള്ള കഴിവുപോലുമുണ്ടായില്ല. അതു "അബദ്ധമായ അടിസ്ഥാനത്തിൻമേൽ സ്ഥാപിക്കപ്പെട്ട ഭരണ" മായിരുന്നുവെന്നോ അതിൻെറ അധിപൻമാർ "സ്വാർത്ഥികളും തെമ്മാടികളുമായ ജനങ്ങളാ"യിരുന്നുവെന്നോ മൌദൂദികൾ പറയുമോ? ഇനി മൌദൂദി സാഹിബ് സ്ഥാപിക്കുവാൻ പോകുന്ന "ശരിയായ അടിസ്ഥാനമനുസരിച്ചും സുബദ്ധമാർഗ്ഗത്തിനൊത്തുള്ള ഭരണം" തികച്ചും അന്യൂനവും സ്ഥലകാല പരിമിതികൾക്കതീതവുമായിരിക്കുമെന്ന് അദ്ദേഹം അഭിലഷിക്കുന്നുണ്ടാവണം. വ്യാമോഹത്തിനു അതിരും അളവും വേണ്ടതില്ലല്ലോ.!

(23) മൗദൂദിസാഹിബിൻെറ ആ ഭരണാധികാര ഭ്രമം അദ്ദേഹത്തെ എന്തെല്ലാം തലതിരിഞ്ഞ സിദ്ധാന്തങ്ങളിലേക്കാണ് വഴി നടത്തുന്നത്.! അദ്ദേഹത്തിൻെറ 'ഖുത്തുബാത്ത്' എന്ന പുസ്തകം 27- ാം അദ്ധ്യായം ഒന്നു വായിച്ചു നോക്കുക. മുസ്ലിംകളുടെ പരമപ്രധാനമായ ലക്ഷ്യം മുഴുവൻ ലോകത്തുള്ള സമസ്തഭരണങ്ങളേയും ഉൻമൂലനം ചെയ്തു തൽസ്ഥാനത്തു ഇസ്ലാമിക ഭരണം സ്ഥാപിക്കുകയെന്നാണല്ലോ അദ്ദേഹം സിദ്ധാന്തിക്കുന്നത്. പ്രസ്തുത ലക്ഷ്യം പ്രാപിക്കുന്നതിനുള്ള മാർഗ്ഗമാണത്രേ ജിഹാദ്- അഥവാ "അല്ലാഹുവിനു വേണ്ടിയുള്ള സമരം" മാത്രമല്ല, "നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് എന്നിതുകളെല്ലാം തന്നെ ഈ മഹൽ കൃത്യത്തിനു മനുഷ്യനെ സന്നദ്ധനാക്കുവാനുള്ള" പരിശീലന മാർഗ്ഗങ്ങൾ മാത്രമാണ്പോലും . ഈ സംഗതി അദ്ദേഹം തിരിച്ചും മറിച്ചും ആവർത്തിച്ചുറപ്പിച്ചും ഉദാ

Scanned with CamScanner

ഹരണസഹിതവും വിവരിച്ചുതരുന്നുണ്ട്. അദ്ദേഹം പറയുകയാണ്:-

"നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ്, എന്നി ആരാധനാകർമ്മങ്ങൾ ഇതേ ഉദ്ദേശത്തെ മുൻനിർത്തിയാണ് നിങ്ങളുടെമേൽ നിർബന്ധമാക്കിയിരിക്കുന്നത്. ഇവിടുത്തെ ഭരണകൂടങ്ങളെല്ലാം തങ്ങളുടെ പട്ടാളം, പോലീസ്, സിവിൽ സർവ്വീസ് മുതലായ വകുപ്പുകളിലേക്ക് തെരഞ്ഞെടുക്കുവാനുദ്ദേശിക്കുന്ന ജനങ്ങൾക്ക് ആദ്യമായി ഒരു പ്രത്യേകതരം പരിശീലനം നൽകുകയും അനന്തരം അവരെ അതാതു ജോലിയിൽ നിയമിക്കുകയും ചെയ്യുന്നതുപോലെ, ഇസ്ലാമും അതിൻെറ നാനാവിധ ഉദ്യോഗങ്ങളിൽ നിയമിക്കുവാനുദ്ദേശിക്കുന്ന ജനങ്ങൾക്ക് പ്രഥമമായി ഒരു പ്രത്യേകവിധം പരിശീലനം നൽകുകയും പിന്നിട് അവരെക്കൊണ്ട് സമരത്തിനും അല്ലാഹുവിൻെറ ഭരണത്തിനുമുള്ള സേവനം ചെയ്യിക്കുവാനുദ്ദേശിക്കുകയുമാണ് ചെയ്യുന്നത്.

അത്രയുമല്ല, മേൽപറഞ്ഞവിധം ഭരണം സ്ഥാപിക്കുന്നതിനുള്ള സമരം നടത്തണമെന്ന ഉദ്ദേശം (നിയ്യത്ത്) ഹൃദയങ്ങളിൽ ഇല്ലാതെ ഒരാൾ എത്രതന്നെ ഇബാദത്തുകൾ(ആരാധന) ചെയ്യുന്നതായാലും അവയൊന്നും സ്വീകരിക്കപ്പെടുകയില്ലെന്നും മൌദൂദിസാഹിബ് പഠിപ്പിക്കുന്നു. അദ്ദേഹം പറയുന്നതു നോക്കുക:- "ഏതൊരു ഹൃദയത്തിൽ അല്ലാഹുവിനുവേണ്ടിയുള്ള സമരം ചെയ്യണമെന്ന കരുത്തില്ലയോ, ഏതൊരുത്തൻെറ ജീവിതലക്ഷ്യം അല്ലാഹുവിനുവേണ്ടിയുള്ള സമരമാകുന്നില്ലയോ അവൻെറ സകല ആരാധനാ കർമ്മങ്ങളും നിരർത്ഥകവും നിഷ്ഫലവുമാകുന്നു."

ഇവിടെ പ്രയുക്തമായ "സമരം" എന്ന വാക്കി

CS Scanned with CamScanner

ൻെറ വിവക്ഷ എന്താണെന്നു നാം മറന്നുപോകരുത്. മൌദൂദിസാഹിബിൻെറ ഭാഷയിൽ സമരം എന്നാൽ "സർവ്വശക്തിയുമുപയോഗിച്ചു" ഇതരഭരണങ്ങളെയെല്ലാം അടിച്ചുടച്ച് തൽസ്ഥാനത്തു താൻ വിഭാവനം ചെയ്യുന്ന ഭരണം സ്ഥാപിക്കുന്നതിനായുള്ള പരാക്രമം എന്നാണ് വിവക്ഷ. അദ്ദേഹം വീണ്ടും പറയുന്നു:-

"സഹോദരങ്ങളെ! നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് എന്നീ കർമ്മങ്ങളെക്കൊണ്ടുള്ള ഉദ്ദേശ്യം എന്താണെന്നു ഇപ്പോൾ നിങ്ങൾ നല്ലപോലെ ഗ്രഹിച്ചു കഴിഞ്ഞിട്ടുണ്ടായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു........................ എത്രയും മഹത്തരവും ത്യാഗസമ്പൂർണ്ണവുമായ ഒരു സേവനത്തിനുള്ള പരിശീലനമാണ് ഈ കർമ്മങ്ങളെന്ന പരമാർത്ഥം നിങ്ങളെ ഇതുവരെ ആരും പഠിപ്പിച്ചിട്ടില്ല."

അദ്ദേഹം അവസാനം പറഞ്ഞ ഈ ഒരു കാര്യം നമ്മളും സമ്മതിക്കുന്നു. അതായതു, നബി(സ) യോ സഹാബത്തോ ഇമാമീങ്ങളോ മുസ്ലീംലോകത്ത് ആരെങ്കിലുമോ നാളിതുവരെ പഠിപ്പിച്ചിട്ടില്ലാത്ത ഒരു നൂതന സിദ്ധാന്തം തന്നെയാണിതു. ഇസ്ലാമിൽ ഇല്ലാത്ത ഒരു പുതിയ തത്വം മൌദൂദിസാഹിബ് കണ്ടുപിടിച്ചിരിക്കുന്നുവെന്നു താല്പര്യം. ഈ യാഥാർത്ഥ്യം അദ്ദേഹം താൻ തന്നെ തുറന്നു പ്രസ്താവിച്ചതിൽ സന്തോഷമുണ്ട്.

"പ്രഥമമായി" നേടേണ്ടതായ ഈ "പ്രത്യേക വിധം പരിശീലനം" (നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് മുതലായവ) സിദ്ധിച്ച സന്നദ്ധ ഭടൻമാർ നിർവവഹിക്കേണ്ടതായ സമരമുറ എന്താണെന്നും അദ്ദേഹമിതാ നമുക്ക് പറഞ്ഞുതരുന്നു:-

CS Scanned with CamScanner

"ഇസ്ലാം അതിൻെറ ആളുകളെ ഇപ്രകാരം സന്നദ്ധ രാക്കിയതിനു ശേഷം അവരോടു പറയുന്നു, 'ഇതാ ഇപ്പോൾ നിങ്ങൾ ഭൂമുഖത്തു അല്ലാഹുവിൻെറ സർവ്വോ പരി ഉത്തമൻമാരായ അടിമകളായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു ഇനി മുന്നോട്ടുവന്ന് അല്ലാഹുവിനെ ധിക്കരിക്കുകയും അവൻെറ ഭൂമിയിൽ രാജ്യദ്രോഹിക ളായി വർത്തിക്കുകയും ചെയ്യുന്നവരെ ഭരണപീഠത്തിൽ നിന്നു വലിച്ചിറക്കി അല്ലാഹുവിൻെറ പ്രാതിനിധ്യമാ കുന്ന അധികാരം സ്വയം കൈയ്യേൽക്കുക!"

"സർവ്വസന്നദ്ധതയോടെ എഴുന്നേറ്റ് അബദ്ധമായ അടിസ്ഥാനത്തിന്മേൽ സ്ഥാപിക്കപ്പെട്ട ഭരണത്തെ അവസാനിപ്പിക്കുകയും സ്വാർത്ഥികളും തെമ്മാടികളു മായ ജനങ്ങളുടെ പക്കൽനിന്ന് ഭരണാധികാരത്തെ പിടി ച്ചുപറ്റി ശരിയായ അടിസ്ഥാനമനുസരിച്ചും സുബദ്ധമാർ ഗ്ഗത്തിനൊത്തുമുള്ള ഭരണം സ്ഥാപിക്കുകയും ചെയ്യേ ണ്ടതു അവരുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമാകുന്നു."

ഇതിൽപ്രയോഗിച്ച "രാജദ്രോഹികൾ" "സ്വാർത്ഥി കൾ" "തെമ്മാടികൾ" എന്നും മറ്റുമുള്ള പദങ്ങൾ മൌ ദൂദിസാഹിബിൻെറ ചില പ്രത്യേക ടെക്നിക്കുകളാണെ ന്നു നാം ധരിക്കേണ്ടതുണ്ട്. അദ്ദേഹം വിഭാവനം ചെയ്യു ന്നതല്ലാത്ത ഭരണം നടത്തുന്നവർ എന്നാണ് അവയുടെ യെല്ലാം വിവക്ഷ. ഇബ്നുസഊദും, സഊദും, ഉൾപ്പെ ടെ എല്ലാ മുസ്ലീംഭരണാധികാരികളും ഈ വിവക്ഷ യിൽ ഉൾപ്പെടും എന്തെന്നാൽ, മൌദൂദികൾ വിഭാവ നം ചെയ്യുന്ന ഒരു ഭരണം ഇന്നു ലോകത്തെവിടേയും നിലവിലില്ലല്ലോ.

മൌദൂദിസാഹിബിൻെറ മേൽ ഉദ്ധരിച്ച പ്രസ്താ

Scanned with CamScanner

വനകളിൽ പറഞ്ഞ ആ സമര സംരംഭങ്ങൾ - "സർവ്വ സന്നദ്ധതയോടെ എഴുന്നേൽക്കുക" - ഇതരഭരണാധി കാരികളെ "ഭരണപീഠത്തിൽനിന്ന് വലിച്ചിറക്കുക" അവരുടെ "ഭരണത്തെ അവസാനിപ്പിക്കുക" "ഭരണാധി കാരത്തെ പിടിച്ചുപറിക്കുക" "സ്വന്തം ഭരണം സ്ഥാപി ക്കുക" "അധികാരം സ്വയം കൈയ്യേൽക്കുക" മുത ലായ കഠിനകൃത്യങ്ങൾ ഒന്നും തന്നെ ഇതേവരെ നടത്തി യിട്ടില്ല. അഥവാ അതിനു സാധിച്ചിട്ടില്ല. 1953 ൽ പാക്കി സ്ഥാനിൽ മൌദൂദി സാഹിബും അനുയായികളും അത്തരം സാഹസകൃത്യത്തിനു മുതിർന്നെങ്കിലും ആ വിപ്ലവസംരഭം ദയനീയമായി പരാജയപ്പെടുകയാണു ണ്ടായതെന്നു മുമ്പു പറഞ്ഞുവല്ലോ അദ്ദേഹത്തിനു പറ്റിയ പലതരം പരാജയങ്ങളിൽ ഒന്നായിരുന്നു. അത്. അത്തരം അട്ടിമറി പ്രവർത്തനങ്ങൾക്ക് അദ്ദേഹം ഇനി യും വട്ടം കൂട്ടുന്നുണ്ടായിരിക്കാം അതിന്നായി അദ്ദേഹ വും അനുയായികളും നമസകാരം, നോമ്പ് മുതലായ പ്രാഥമിക പരിശീലന മാർഗ്ഗങ്ങൾ കൈക്കൊള്ളുന്നുണ്ടാ യിരിക്കണം.

ഇവിടെ ഒരു സംഗതി പ്രത്യേകം ശ്രദ്ധാർഹമാണ്. ഈ സിദ്ധാന്തപ്രകാരം, മുസ്ലീംകളുടെ സാർവ്വത്രിക മായ ആ പരമലക്ഷ്യം അവർ പ്രാപിച്ചു കഴിഞ്ഞാൽ അതാ യതു മൌദൂദി സാഹിബിൻെറ ഭാഷയിൽ "നിയമനിർ മ്മാണത്തിനും വിധികർതൃത്വത്തിനുമുള്ള അധികാരശ ക്തികളെ കൈക്കലാക്കി അല്ലാഹുവിൻെറ അടിമകളു ടെ നേതൃത്വവും നിയന്ത്രണവും സ്വയം ഏറ്റെടുത്തുകഴി ഞ്ഞാൽ - പിന്നെ, ആ ലക്ഷ്യം പ്രാപിക്കുന്നതിനായി കൈ ക്കൊണ്ട സമരമോ അതിനുവേണ്ടിയുള്ള പരിശീലനപ്ര വർത്തനങ്ങളോ തുടരേണ്ട ആവശ്യമുണ്ടായിരിക്കുക

Scanned with CamScanner

യില്ല. ലക്ഷ്യപ്രാപ്തിക്കുശേഷവും അതേ ലക്ഷ്യത്തിലേക്കുള്ള പരിശ്രമം ആവർത്തിക്കുന്നത് വ്യർത്ഥമാണല്ലോ. അതായത് മൌദൂദിസാഹിബ് വിഭാവനം ചെയ്യുന്ന ഭരണമങ്ങു സ്ഥാപിച്ചുകഴിഞ്ഞാൽ പിന്നെ, മുസ്ലിംകളാരും നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് മുതലായ ആരാധനാകർമ്മങ്ങളൊന്നും തന്നെ ചെയ്യേണ്ടിവരില്ലെന്നു സിദ്ധം. കാരണം അവയെല്ലാം ഭരണാധികാരം "പിടിച്ചുപറിക്കുന്ന" സന്നദ്ധഭടൻമാർക്കു "പ്രഥമമായി" നൽകപ്പെടുന്ന "ഒരു പ്രത്യേകവിധം പരശീലനമുറകൾ മാത്രാമാണ്. യുദ്ധം തന്നെ ആവശ്യമില്ലാതെ വരുമ്പോൾ അതിനുള്ള സന്നാഹങ്ങൾക്ക്" ഒട്ടും ആവശ്യമുണ്ടാവില്ല.

(24) മൌദൂദിസിദ്ധാന്തങ്ങളിൽ അത്യന്തം ദുർഗ്രഹമായ മറ്റൊരു സംഗതികൂടിയുണ്ട്. യാഥാസ്ഥിതിക മുസ്ലിംകൾ പലതരം ദുരാചാരങ്ങളിലും ശിർക്കിലും മുഴുകിയവരാണെന്നു മൌദൂദികൾ വിശ്വസിക്കുന്നു. മാത്രമല്ല, ഇവരുടെ ഗുരുവര്യനായ മൌദൂദിസാഹിബ് ശക്തിയുക്തം വാദിക്കുന്നതു, ഇസ്ലാമേതര ഭരണത്തെ അനുസരിക്കുന്നവർ മുനാഫിഖുകളും മുശ്രിക്കുകളുമാണെന്നുമാണ്. ഇന്നു ലോകത്തു നിലവിലുള്ള എല്ലാ രാഷ്ട്രങ്ങളുടേയും നായകന്മാരും അവരുടെ സഹായകന്മാരും "അല്ലാഹുവിൻെറ രാജദ്രോഹികളും" "സ്വാർത്ഥികളും" "തെമ്മാടികളും" മാണെന്നും അദ്ദേഹം ഉൽഘോഷിക്കുന്നു. അത്രയുമല്ല, അത്തരം ഭരണങ്ങളെ അനുസരിക്കുന്നവർ അല്ലാഹുവിൻെറ സ്ഥാനത്തു മറ്റൊരു ദൈവത്തേയും ഇസ്ലാമിനുപകരം വേറൊരു ദീനിനേയും കൈക്കൊണ്ടവരാണെന്നും അദ്ദേഹം ശക്തിയുക്തം സിദ്ധാന്തിക്കുന്നു. "ഖുത്തു

Scanned with CamScanner

ബാത്ത്" 27ഉം 28ഉം അദ്ധ്യായങ്ങൾ ഈ വസ്തുതയ്ക്കു സാക്ഷ്യമാണ്. ഞാൻ മുമ്പുദ്ധരിച്ച മൌലാനാ അബുല്ലൈസ് സാഹിബിൻെറ പ്രസ്താവനയും ഇതേപാഠംതന്നെയാണ് നൽകുന്നത്. ഇങ്ങിനെ ഇവർ ഇതര മുസ്ലിംകളെ മുശ്രിക്കെന്നും താഗ്ദൂത്ത് പൂജകരെന്നും മുനാഫിഖെന്നും മറ്റും മുദ്രകുത്തിയിട്ടും, നമസ്ക്കാരത്തിൽ അത്തരക്കാരെ ഇമാമാക്കുകയും അവരുടെ പിന്നിൽ നമസ്ക്കരിക്കുകയും ചെയ്യുന്നു. നമസ്ക്കാരമെന്നാൽ, മുഅ്മിൻ തൻെറ സ്രഷ്ടാവിൻെറ സന്നിധിയിൽ ഭക്തിവിശ്വാസങ്ങളർപ്പിക്കുന്നതിനും അവനുമായുള്ളബന്ധം ദൃഢപ്പെടുത്തുന്നതിനും നിർദ്ദിഷ്ടമായ ഒരാരാധനകർമ്മമാണല്ലോ. അതു അല്ലാഹുവിൻെറ സ്ഥാനത്ത് ഇതര ദൈവങ്ങളെ, അഥവാ, താഗൂത്തിനെ കൈക്കൊള്ളുകയും ഇസ്ലാം ദീനിനും ശരീഅത്തിനും പകരം ഇതരദീനുകളെയും ഇതര ശരീഅത്തുകളെയും പിൻപറ്റുകയും ചെയ്യുന്നവരുടെ നേതൃത്വത്തിൽ നടത്താവുന്നതെങ്ങിനെ? അല്ലാഹുവിൻെറ 'ഉലൂഹിയ്യ'ത്തിനെയും മനുഷ്യൻെറ 'ഉബൂദിയ്യ'ത്തിനെയും ഏറ്റുപറയുവാനുള്ള ഒരു സംരംഭത്തിൽ ആ ഉലൂഹിയ്യത്തും ഉബൂദിയത്തും സമ്മതിക്കാതെ ധിക്കാരിയോ കപടനോ ആയ ഒരാളിനെ നേതാവാക്കുന്നത് ആശാസ്യമാണോ? ഇതെന്തൊരു വിധിവൈപരീത്യം! എന്തൊരു യുക്ത്യാഭാസം!!

നമസ്ക്കാരത്തിൽ ഇമാമാകേണ്ടതു താരതമ്യേന കൂടുതൽ ദൈവഭക്തിയും തഖ്വായുമുള്ളവരാണെന്ന സംഗതി സർവ്വസമ്മതമായി അറിയപ്പെട്ടതാണ്. എന്നാൽ തൗഹീദിനെതന്നെ കൈവെടിഞ്ഞവരാണെന്നു മൌദൂദികളാൽ വിധിക്കപ്പെട്ടവർക്കു തഖ്വായുമായി എന്തു ബന്ധമാണുണ്ടാവുകയെന്നു അവർ തന്നെ

Scanned with CamScanner

മനസ്സിലാക്കിത്തരേണ്ടിയിരിക്കുന്നു.

പക്ഷെ, മൌദൂദികൾക്ക് വാദിക്കാൻ ഒരു ന്യായമുണ്ട്. അവരുടെ പക്കൽ ഈ ആരാധനാകർമ്മങ്ങളൊന്നും തന്നെ അല്ലാഹുവോടുള്ള ഭക്തിവിശ്വാസം പ്രകടിപ്പിക്കുവാനുള്ളതല്ല. നേരെമറിച്ചു അവയെല്ലാം വെറും പടവെട്ടുകാരുടെ പരിശീലനപ്പയറ്റുകളാണ്. അങ്ങനെ ഒരഭ്യാസം വശമാക്കി തങ്ങളുദ്ദേശിക്കുന്ന ഭരണം സ്ഥാപിക്കുന്നതിന്നായി പടവെട്ടുകയാണ് അവരുടെ ലക്ഷ്യം. ഇതായിരിക്കണം അവരുടെ ന്യായം. അല്ലാതെ "അസ്സലാത്തു മിഅ്റാജുൽ മുഅ്" 'നമസ്ക്കാരം സത്യവിശ്വാസികളുടെ മിഅ്റാജ് (ദൈവസന്നിധിയിൽ ഹാജരാകൽ) ആകുന്നു. എന്നു നബി (സ) പഠിപ്പിച്ചിരിക്കെ, ആ നമസ്ക്കാരത്തിൽ, ഇവർതന്നെ പറയുന്ന താഗ്ദുത്ത്പൂജകനായ ഒരു മുശ്രിക്കിനെ. അഥവാ, ഫിർഔനെപ്പോലെ സ്വയം ദൈവമായിചമയുന്ന ധിക്കാരിയെ ഇമാമാക്കുന്നതെങ്ങനെ? അല്ലാഹുവോടു പ്രാർത്ഥിക്കാൻ അല്ലാഹുവിനെതന്നെ ധിക്കരിക്കുന്ന ഒരാളേയാണോ നേതാവാക്കേണ്ടത്? മൌദൂദിസിദ്ധാന്തക്കാരുടെ ദൈവവിശ്വാസം അളക്കുവാൻ ഇതൊരൊന്നാംതരം മാനദണ്ഡം തന്നെയാണ്.

ഇതിനോടു അനുബന്ധിച്ചു, മറ്റൊരു സംഗതിപ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഞാൻ എൻെറ ഈ ലേഖനപരമ്പരയിൽ അധികവും "ഖുത്തുബാത്തു" എന്ന പുസ്തകത്തിൽനിന്നാണ് ഉദ്ധരണികൾ എടുത്തുചേർത്തതു. അതുജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനേതാവായ മൌദൂദീസാഹിബിൻെറ സ്വന്തം കൃതിയാണല്ലോ. മാത്രമല്ല, മലയാളത്തിൽ അതിൻെറ പരിഭാഷയും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ജമാഅത്തെ ഇസ്ലാ

CS Scanned with CamScanner

മിയുടെ വിശ്വാസിസിദ്ധാന്തങ്ങളായി ഞാനിലേഖന ത്തിൽ എടുത്തുപറഞ്ഞ സംഗതികളുടെ ശരിയും തെറ്റും പരിശോധിക്കണമെന്നാഗ്രഹമുള്ള നിഷ്പക്ഷ ചിന്തകന്മാർ പ്രസ്തുത ഗ്രന്ഥം ഒന്നാം പതിപ്പ് 27ഉം 28ഉം അദ്ധ്യായങ്ങൾ ഒന്നു സശ്രദ്ധം വായിച്ചുനോക്കണ മെന്നു ഞാൻ അവരോടഭ്യർത്ഥിക്കുന്നു. എന്നാൽ, മൌ ദൂദിസാഹിബിൻെറ കൃതികളിൽ അദ്ദേഹം പറഞ്ഞ സംഗ തികൾക്ക് തങ്ങൾ ഉത്തരാവദികളല്ലെന്നു കേരളത്തി ലെ ജമാഅത്തെ ഇസ്ലാമിക്കാർ അവസരോചിതം തട്ടിവി ടാറുണ്ട്. ഇതു വെറുമൊരു അടവാണെന്നു മനസ്സിലാ ക്കേണ്ടതാണ്. കേരള ജമാഅത്തെ ഇസ്ലാമിയുടെപ്രസി ദ്ധീകരണങ്ങളിൽ ഒരു നല്ലഭാഗം മൌദൂദിസഹിബി ൻെറ കൃതികളുടേയും ലേഖനങ്ങളുടെയും പരിഭാഷക ളാണെന്ന പരമാർത്ഥം ഇവർക്കു നിഷേധിക്കാനാവുക യില്ല. മാത്രമല്ല, മൗലാനാ അബുല്ലൈസ് സാഹിബ് ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയുടെ അമീറാണെങ്കിലും ഇന്നും ഇവരുടെ യഥാർത്ഥ ആധാരപുരുഷൻ മൌലാ നാ മൌദൂദി സാഹിബ് തന്നെയാണെന്ന വസ്തുത അത്രയൊന്നും ഗോപ്യമല്ല. മലയാളത്തിൽ തർജ്ജമ ചെയ്യപ്പെടാത്ത അദ്ദേഹത്തിൻെറ മറ്റു കൃതികളുടെ യും ലേഖനങ്ങളുടെയും കാര്യം എന്തു മാകട്ടെ, എന്നാൽ, കുറഞ്ഞപക്ഷം കേരള ജമാഅത്തെ ഇസ്ലാമി ഭാഷാന്തരം ചെയ്തു പ്രസിദ്ധീകരിച്ച കൃതികൾക്കെങ്കി ലും ഇവർ ഉത്തരവാദികളായിരിക്കേണ്ടതല്ലേ? ഒരു സംഘടനയുടെ വകയായുള്ള പ്രസിദ്ധീകരണം അതി ൻെറ നിലപാടിനെ പ്രതിനിധാനം ചെയ്യുകയില്ലെന്ന വാദം എങ്ങനെ നീതികരിക്കപ്പെടും? "ഖുത്ത്ബാത്തു" എന്ന പുസ്തകത്തെ സംബന്ധിച്ചിടത്തോളം വിശേഷി ച്ചും ഇവരുടെ ഈ ഒഴിഞ്ഞുമാറ്റം സാധൂകരിക്കപ്പെടാ

CS Scanned with CamScanner

വതല്ല. എന്തെന്നാൽ; കേരള ജമാഅത്തെ ഇസ്‌ലാമി ആ പുസ്തകത്തിൻെറ ഒന്നിലധികം പതിപ്പുകൾ പ്രസിദ്ധീകരിച്ചുവെന്നു മാത്രമല്ല, അവരുടെ കേരള അമീറായിരുന്ന പരേതനായ മൌലവി മുഹമ്മദലി സാഹിബാണ് അതിൻെറ പരിഭാഷകൻ. ഒരു ദശവൽസരക്കാലത്തിലധികമായി, പ്രസ്തുത ഗ്രന്ഥം കേരളജമാഅത്തെ ഇസ്ലാമിയുടെ പ്രധാന പ്രസിദ്ധീകരണമായി പ്രചരിക്കപ്പെട്ടുവരുന്നു. എന്നിരിക്കെ, പ്രസ്തുത ജമാഅത്തും അതിൻെറ അമീറും തങ്ങളുടെ വിശ്വാസാദർശങ്ങൾക്ക് വിരുദ്ധമായ സംഗതികളടങ്ങിയ ഒരു പുസ്തകം ഒന്നിലധികം തവണ അച്ചടിച്ചു പ്രസിദ്ധീകരിച്ചുവെന്നാണോ കരുതേണ്ടത്? മൌദൂദികളുടെ എല്ലാ വാദങ്ങൾക്കും പുതുമയുണ്ടല്ലൊ. അക്കൂട്ടത്തിൽ ഇതും ഒന്നാണെന്നു അനുമാനിക്കുകതന്നെ!

(25)മൌദൂദി ആദർശക്കാർ തങ്ങളുടെ സംഘമാണ് യഥാർത്ഥ മുസ്ലിം വിഭാഗമെന്നും അതു ഇസ്ലാമി ജമാഅത്തും ഇസലാമിക പ്രസ്ഥാനവുമാണെന്നും അവകാശപ്പെടുന്നു. അവർ തങ്ങളുടെ സംഘടനയ്ക്ക് "ജമാഅത്തെ ഇസ്ലാമി" എന്നു നാമകരണം ചെയ്തതു തന്നെ ഈ വസ്തുതയെയാണ് സൂചിപ്പിക്കുന്നത്. തങ്ങൾക്കൊരു ജമാഅത്തും നേതാവുമുണ്ടെന്നതാണ് അവർ ഈ വാദത്തിലേക്ക് തെളിവായി ഉന്നയിക്കുന്നത്. എന്നാൽ അവർക്കങ്ങനെ വാദിക്കാൻ ന്യായമായ അവകാശമുണ്ടോ? ഇല്ലെന്നതാണ് വാസ്തവം. എന്തെന്നാൽ, മൌദൂദി സിദ്ധാന്തക്കാർക്ക് ഒരു ജമാഅത്തും ഒരു ഇമാമും മാത്രമല്ല, ഒന്നിലധികം ജമാഅത്തുകളും ഒന്നിലധികം നേതാക്കളുമുണ്ട്. അത്രയുമല്ല, പരസ്പരവിരുദ്ധങ്ങളായ ഒന്നിലധികം നയപരിപാടിക

CS Scanned with CamScanner

ളും അവർക്കുണ്ട്. പാക്കിസ്ഥാൻ ജമാഅത്തെ ഇസ്ലാമിയും അവിടുത്തെ നേതാവുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നു ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിക്കാർ പറയുന്നു. അഥവാ അങ്ങനെ പറയാൻ അവർ നിർബ്ബന്ധിതരാകുന്നു. ഇസ്ലാമിജമാഅത്തിനു ഒരേ ഒരു സംഘടനയും ഒരേ ഒരു ഇമാമും ഏകികൃതമായ ഒരു നയപരിപാടിയുമല്ലാതെ ഒന്നിലധികം സംഘടനകളും നേതാക്കളും പരസ്പരവിരുദ്ധങ്ങളായ നയപരിപാടികളും വിവിധ ആദർശലക്ഷ്യങ്ങളും ഉണ്ടാവുകയില്ല. അങ്ങിനെ വന്നാൽ, അതിൻെറ അർത്ഥം പാക്കിസ്ഥാനിലെ ഇസ്ലാം ഒന്നു വേറെയും ഇന്ത്യയിലെ ഇസ്ലാം മറ്റൊന്നും ആണെന്നായിരിക്കും. മൌദൂദികളുടെ ഇതരവാദങ്ങളെപ്പോലെ ഇതും രസാവഹമായ ഒരു നൂതനവാദമാണ്. വാസ്തവത്തിൽ ഇന്ത്യൻ മൌദൂദികൾ ഇപ്പോൾ ഒരു ധർമ്മ സങ്കടത്തിലാണുള്ളത്. മൌദൂദിസാഹിബ് തങ്ങൾക്ക് നേതാവാണെന്നോ അല്ലെന്നോ തീർത്തുപറയാൻ അവർക്ക് നിർവ്വാഹമില്ല.

(26) മൌദൂദി സിദ്ധാന്തത്തിൻെറ അടിയുറപ്പില്ലായ്മയെ തെളിയിക്കുന്ന ഒരു സംഭവം ഇപ്പോഴുണ്ടായിട്ടുണ്ട്. ഇന്ത്യയിലെ മൌദൂദി ആദർശക്കാരുടെ സംഘടനയായ 'ജമാഅത്തെ ഇസ്ലാമി ' യുടെ കേന്ദ്രപ്രവർത്തക സമിതി ഇയ്യിടെ ചില പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. അതിൻെറ വിശദമായ റിപ്പോർട്ട് 1-8-'60-ൻെറ 'പ്രബോധനം' പത്രത്തിൽ ചേർത്തിട്ടുണ്ട്. "ജമാഅത്തിൻെറ നിലവിലുള്ള പോളിസിയും കർമ്മപരിപാടിയും ദുർബലപ്പെടുത്തികൊണ്ട്, ജമാഅത്തിനു വേണ്ടി ചുവടെകൊടുത്ത പോളിസി അംഗീകരിച്ചിരിക്കുന്നു." എന്ന മുഖവുരയോടുകൂടിയാണ് പുതിയ ആ പതി

CS Scanned with CamScanner

നൊന്നിന പരിപാടികൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. മേലിൽ ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി "ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ "ഗവൺമെൻറുമായും ഇതരരാഷ്ട്രിയ സംഘടനകളുമായും സഹകരിക്കുമെന്നുള്ളതാണ് ഈ പോളിസി മാറ്റത്തിൻെറ പ്രധാനഭാഗം. പ്രമാദമായ ഈ വാർത്തയുടെ സംഗ്രഹം വർത്തമാനപത്രങ്ങളിലും വന്നിട്ടുണ്ട്. 12-10-'60-ാം ന്ന ചന്ദ്രികയിൽ "ജമാഅത്തെ ഇസ്ലാമിയുടെ നിലപാടുമാറുന്നു, മറ്റു പാർട്ടികളുമായും ഗവർമ്മെണ്ടുമായും സഹകരിക്കും" എന്ന തലക്കെട്ടിലാണ് അതു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്.

മൌദൂദിസംഘനയുടെ അടിത്തറക്ക് ഇളക്കംതട്ടിയിരിക്കുന്നുവെന്നാണ് ഈ വ്യതിയാനം സൂചിപ്പിക്കുന്നത്. ഈ 'പേളിസി' മാറ്റം അവരുടെ അടിസ്ഥാന സിദ്ധാന്തത്തിലാണെന്നു നാം പ്രത്യേകം ധരിക്കേണ്ടതുണ്ട്.

1941- ലാണ് ജ: മൌദൂദിസാഹിബ് അവിഭക്ത ഇന്ത്യയിൽ ആദ്യമായി 'ജമാഅത്തെ ഇസ്ലാമി' എന്ന സംഘം സ്ഥാപിച്ചിട്ടുള്ളത്. അന്നുമുതൽ ഇന്നുവരേയുള്ള ഇക്കഴിഞ്ഞ പത്തൊമ്പതു കൊല്ലക്കാലവും ഇവർ തങ്ങളുടെ മതമെന്നോണം മുറുകെപിടിച്ചുവന്ന അടിസ്ഥാനാദർശത്തിൽ ഇപ്പോൾ മാറ്റം വരുത്തുകയാണ്. മൌദൂദിസാഹിബ് വിഭാവനംചെയ്യുന്നതരത്തിലുള്ള ഇസ്ലാമിക ഭരണമൊഴിച്ചു മറ്റൊരു ഭരണത്തോടും മുസ്ലിംകൾ യാതൊരുവിധം കൂറും പുലർത്തരുതെന്നും അങ്ങനെ ചെയ്യുന്നതു ശിർക്കും ജാഹിലിയ്യത്തും തൌഹീദിനു കടകവിരുദ്ധവുമാണെന്നും ഇതേവരെ പ്രബോധിച്ച ഇക്കൂട്ടർ തങ്ങളുടെ ഈമാനിൽ തിരുത്തുവരുത്തുകയാണെന്നു പറയേണ്ടിയിരിക്കുന്നു. ഭൌതികാദർശത്തിൽ അധിഷ്ഠിതമായ ഒരു സംഘടനയാണ് ഇങ്ങനെ

CS Scanned with CamScanner

യൊരു പോളിസിമാറ്റം അംഗീകരിക്കുന്നതെങ്കിൽ നമു ക്കതിൽ ആശ്ചര്യപ്പെടാനില്ല. എന്നാൽ മൌദൂദികളുടേ തു അത്തരത്തിലുള്ള ഒരു സംഘടനയല്ലല്ലോ അതു അവരുടെ ഭാഷയിൽ ഇസ്ലാമി ജമാഅത്തും ഇസ്ലാമികപ്ര സ്ഥാനവും "ലാഇലാഹഇല്ലല്ലാഹു മുഹമ്മദുർ റസൂലു ല്ലാഹി" എന്ന കലികയുടെ അർത്ഥത്തിൽ അധിഷ്ടിത വുമത്രെ. ആകയാൽ ഇതൊരു നയം മാറ്റമല്ല. മതം മാറ്റമാണ്.

ഇസ്ലാമേതരപാർട്ടികൾ (കോൺഗ്രസ്സ്, പി. എസ്സ്. പി. മുസ്ലിംലീഗ് മുതലായ രാഷ്ട്രീയസംഘടനകൾ) ഇസ്ലാ മേതരദീനുകളാണെന്നു ഇതുവരെ പഠിപ്പിച്ചുവന്ന ഇവർ മേലിൽ ആ 'ഇതരദീനുകളെ'യും സഹായിക്കു മെന്ന പതനത്തിലെത്തിയിരിക്കുന്നു. ഇന്ത്യയിൽ ഇതേ വരെ നടന്ന പൊതുതിരഞ്ഞെടുപ്പുകൾ, അവ അനിസ്ലാ മികമാണെന്നു പറഞ്ഞു ബഹിഷ്ക്കരിച്ചു, തങ്ങളുടെ വോട്ടുകൾ മരവിപ്പിച്ചു ഗവർമ്മെണ്ടിനോടും എല്ലാ രാഷ് ട്രീയപാർട്ടികളോടും നിസ്സഹകരണം പുലർത്തിപോന്ന ഏക സംഘടനയാണ് ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി. ഇസ്ലാമികാടിസ്ഥാനത്തിൽസ്ഥാപിതമല്ലെന്ന ഏക കാര ണത്താൽ മുസ്ലിംലീഗുപോലും അവർക്ക് വർജ്ജ്യമായി രുന്നു. അന്നവർ തങ്ങളുടെ വാദങ്ങൾക്കു തെളിവായെ ടുത്തുദ്ധരിച്ച ഖുർആൻവാക്യങ്ങൾ ഇപ്പേർ ദുർബ്ബലപ്പെ ട്ടു (മൻസൂഖ്) പോയിട്ടുണ്ടായിരിക്കാം! എന്നല്ലാതെ, ഇവിടത്തെ ഭരണത്തിനോ രാഷ്ട്രീയപാർട്ടികൾക്കോ ഇസ്ലാമികദൃഷ്ട്യാ യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. ഇന്ത്യയിൽ ഇപ്പോഴും 'സെക്കുലർ'(മതേതര) ഭരണം തന്നെയാണുള്ളത്. ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയു ടെ അമീറായ ജനാബ്, അബുലൈസ്സാഹിബ് സെക്കു

Scanned with CamScanner

ലർ ഭരണത്തെപ്പറ്റി മുമ്പ് പ്രസ്താവിച്ചത് "താത്വികമായും കർമ്മപരമായും ദീനും സെക്കുലറിസവും പരസ്പരം വിരുദ്ധങ്ങളാണ്." എന്നും അവ രണ്ടിനോടും ഒരേസമയത്തു കൂറു പുലർത്തുന്നത് "രണ്ടു ദൈവങ്ങളെ അനുസരിക്കുക"യാകുമെന്നുമാണ്. (പ്രബോധനം 1-10-1952)ജ: അബുല്ലൈസ് സാഹിബ് പിന്നീട് കൂടുതൽ പുരോഗമിച്ചിട്ടുണ്ടായിരിക്കണം! പരസ്പരം വിരുദ്ധങ്ങളായ രണ്ടു വസ്തുതകള സംയോജിപ്പിക്കാനും ഒരേ സമയത്ത് 'രണ്ടു ദൈവങ്ങളെ' അനുസരിക്കുവാനുമുള്ള വിദ്യ ഇപ്പോഴദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ടായിരിക്കാം, അദ്ദേഹം ജ: മൌദൂദി സാഹിബിൻെറ ശിഷ്യനല്ലേ ? ഗുരുവര്യൻ പുതിയ പുതിയ പല തത്വങ്ങളും കണ്ടുപിടിക്കാറുണ്ടല്ലോ?

എന്നാൽ വാസ്തവം ഇതാണ്:- ഇന്ത്യയിലെ മൗദൂദി നേതാക്കൻമാർക്കു ഇപ്പോൾ അല്പം ഔചിത്യബോധം ഉളവായിരിക്കുന്നു. ഗവൺമെൻറുമായി നിസ്സഹകരിക്കുകയെന്ന നയം അപ്രായോഗികമാണെന്ന് ഇപ്പോൾ അവർക്കു ബോധ്യമായിതുടങ്ങിയിരിക്കുന്നു. പാക്കിസ്ഥാനിലും ഇന്ത്യയിലും മൌദൂദി പ്രസ്ഥാനത്തിനു നിരന്തരമായി നേരിട്ട പരാജയാനുഭവങ്ങളാണ് അവരെ ഈ പാഠം പഠിപ്പിച്ചിട്ടുള്ളത്. കിഴക്കൻ പഞ്ചാബിലെ പഠാൻകോട്ടു എന്ന സ്ഥലത്ത് മൌദൂദി സാഹിബ് സ്ഥാപിച്ചിരുന്ന "ദാറുൽ ഇസ്ലാം" എന്ന ഇസ്ലാമിക സ്റ്റേറ്റിൻെറ പരാജയമായിരുന്നു അവരുടെ ഒന്നാമത്തെ തിക്താനുഭവം. തൻെറ അനുയായികൾ അവിടെച്ചെന്നു ഭൂമി വാങ്ങി വീടുകൾ നിർമ്മിച്ചു താമസമാക്കുകയും ക്രമേണ ആ കോളനിയെ ഒരു ഇസ്ലാമിക സ്റ്റേറ്റായി വികസിപ്പിക്കുകയും ചെയ്യണമെന്നായിരുന്നു അദ്ദേഹത്തി

Scanned with CamScanner

ന്റെ പ്രഖ്യാപിതോദ്ദേശം. ആ സംരംഭം നടന്നുകൊണ്ടിരിക്കേയാണ് ഇന്ത്യാവിഭജനമുണ്ടായത്. തുടർന്നു നടന്ന സാമുദായിക സംഘട്ടനങ്ങളുടെ ഫലമായി മൗദൂദി സാഹിബിനു തന്റെ ആ ഇസ്ലാമിക സ്റ്റേറ്റ് എന്നെന്നേക്കുമായി കയ്യൊഴിയേണ്ടിവന്നു. അദ്ദേഹത്തിനു താൻ അതുവരെ 'വിഡ്ഢികളുടെ സ്വർഗ്ഗം എന്നു ഘോഷിച്ച പാക്കിസ്ഥാനിൽ അല്ലാതെ മറ്റെവിടേയും അഭയം പ്രാപിക്കാൻ തരപ്പെട്ടില്ല. എന്നാൽ അവിടേയും അദ്ദേഹം വെറുതെയിരുന്നില്ല. പാക്കിസ്ഥാൻ ഗവൺമെണ്ടിനെ ഉടനെ 'കലീമ' ചൊല്ലിച്ചു മുസ്ലിമാക്കാനാണ് അദ്ദേഹം ഒരുമ്പെട്ടത്. അതിനായി പല സംരഭങ്ങളും നടത്തിനോക്കി എല്ലാറ്റിലും പരാജയമായിരുന്നു ഫലം. രണ്ടു പ്രാവശ്യം ജയിൽ ശിക്ഷയും അനുഭവിക്കേണ്ടി വന്നു. ഗവൺമെൻറു നടത്തുന്ന പൊതുതെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കരുതെന്നും അങ്ങനെ ചെയ്യുന്നത് താഗൂത്തുമായി സഹകരിക്കലായിരിക്കുമെന്നും പഠിപ്പിച്ചിരുന്ന അദ്ദേഹം പിന്നീടൊരു പുതിയ ന്യായീകരണമുണ്ടാക്കി സംസ്ഥാന നിയമസഭകളിലേക്ക് നടന്നതിരഞ്ഞെടുപ്പിൽ പങ്കെടുത്തു. എല്ലാ സീറ്റുകളിലും സ്ഥാനാർത്ഥികളെ നിർത്തി മത്സരിച്ചു. ഒരു നല്ല ചൂടുപിടിച്ച പ്രൊപ്പഗണ്ടാ സമരം തന്നെ നടത്തിനോക്കി. പക്ഷേ ഫലം ദയനീയ പരാജയം മാത്രമായിരുന്നു. അതിനുശേഷം അദ്ദേഹം 1953 ൽ അഹ്റാർ സംഘത്തെയും മറ്റും കൂട്ടുപിടിച്ചുകൊണ്ട് "അഹ്മദിയ്യാ വിരുദ്ധപ്രക്ഷോഭം" സംഘടിപ്പിച്ചു. അതൊരു ഭയങ്കര വിപ്ലവമായി പരിണമിച്ചു. ബലഹീന ന്യൂനപക്ഷീയരായ അഹ്മദികളെ സംഹരിക്കുകയും പാക്കിസ്ഥാൻ ഗവൺമെണ്ടിനെ മറിച്ചിട്ടു അധികാരം കരസ്ഥമാക്കുകയുമായിരുന്നു മൌദൂദി സാഹിബിൻെറ ലക്ഷ്യം. പക്വെഷ, അദ്ദേഹത്തിനു ആ

CS Scanned with CamScanner

രണ്ടു കാര്യവും സാധിച്ചില്ല. മാർഷൽ ലായിൽ പരിണമിച്ച ആ ലഹള നൂറുകണക്കായ മുസ്ലീംകളുടെ ജീവന്നും കോടിക്കണക്കായ ഉറുപ്പികയുടെ സ്വത്തിന്നും നാശം വരുത്തി. മൌദൂദിസാഹിബും ലഹളത്തലവൻമാരായ മറ്റു കൂട്ടുകാരും കുറെക്കാലത്തേക്ക് കാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ടു. ശിക്ഷ ക്ഴിഞ്ഞുപുറത്തുവന്നതിനുശേഷം അദ്ദേഹം അധികാരം കരസ്ഥമാക്കാനായി മറ്റു ചില സംരഭങ്ങളിലേർപ്പെട്ടിരിക്കുകയായിരുന്നു. അപ്പോഴാണ് പെട്ടെന്ന് ജനറൽ അയ്യൂബ്ഖാൻെറ പട്ടാളഭരണം നടപ്പായത്. അതിനെതുടർന്ന് മൌദൂദി സംഘടന നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. അതിൻെറ ഫണ്ടും സ്വത്തുക്കളുമെല്ലാം ഗവൺമെണ്ട് പിടിച്ചെടുത്തു. അങ്ങനെ പാക്കിസ്ഥാനിൽ ഇപ്പോൾ മൌദൂദി സാഹിബിൻെറ 'ഹുക്കുമത്തെ ഇലാഹിയ്യ' യോ 'ഇഖാമത്തുദ്ദീനോ' അതിനുള്ള സംരഭങ്ങളോ ഒന്നും നടക്കുന്നില്ല. അവിടെ ഇപ്പോൾ ജനഃ അയ്യുബ്ഖാൻെറ 'ഹുക്കുമത്തും' 'ദീനു' മാണ്. മൌദൂദി സാഹിബ് മൗനമായി ആ ദീനിനെ അനുസരിച്ചു വരികയുമാണ്. 1953 ലെ വിപ്ലവത്തിൽ മൌദൂദി സാഹിബിൻെറ കൂട്ടുകാരായിരുന്ന പലരും പിന്നീട് ശത്രുക്കളായിതീർന്നു. അവരുടെ പത്രങ്ങളിൽ ഇപ്പോൾ മൌദൂദി സാഹിബിൻെറ സംഘടനയെ സംജ്ഞ ചെയ്യുന്നത് "ജമാഅത്തെ ഇസ്ലാമി മർഹൂം" എന്നാണ്. ഇതാണ് പാക്കിസ്ഥാനിലെ സ്ഥിതി.

ഇനി ഇന്ത്യയിലെന്തു സംഭവിച്ചുവെന്നു നോക്കുക. മൌദൂദിസാഹിബ് പാക്കിസ്ഥാനിലേക്ക് പലായനം ചെയ്തതിന്നു ശേഷം അദ്ദേഹത്തിൻെറ ഇന്ത്യയിലെ അനുയായികൾ റാംപൂരിൽ (യു.പി) തങ്ങൾക്കായി ഒരു കേന്ദ്ര ഓഫീസും മറ്റും സ്ഥാപിച്ചു പ്രവർ

Scanned with CamScanner

ത്തനം തുടർന്നു. അവർ തങ്ങളുടെ സംഘടനക്ക് "ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി" എന്നു നാമകരണം ചെയ്തുവെങ്കിലും തങ്ങളുടെ ഗുരുവര്യനായ മൌദൂദി സാഹിബ് പഠിപ്പിച്ച ആദർശങ്ങളിൽനിന്ന് അണുവോളം വ്യതിചലിച്ചില്ല. മാത്രമല്ല, ഈ ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി അംഗീകരിച്ച അവരുടെ പ്രസിദ്ധീകരണങ്ങളിൽ ഗജഭാഗവും മൌദൂദിസാഹിബിൻെറ കൃതികൾ തന്നെയാണ്. അവയിൽ പലതും ഇംഗ്ലീഷ് , ഹിന്ദി, മലയാളം ആദിയായ ഭാഷകളിലും വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുകയുണ്ടായി. ഉദാഹരണമായി, മൌദൂദിസാഹിബിൻെറ പ്രധാനകൃതികളായ "ഖുത്തുബാത്ത്" 'ഇസ്ലാമിൻെറ രാഷ്ട്രീയസിദ്ധാന്തം' 'രക്ഷാസരണി' 'ഇസ്ലാമിൻെറ ജീവിതവ്യവസ്ഥ' 'നിർമ്മാണവും സംഹാരവും' 'ഇസ്ലാമിക പ്രസ്ഥാനവും അതിൻെറ കർമ്മ പരിപാടിയും' 'ജമാഅത്തെ ഇസ്ലാമിയുടെ പ്രബോധനം' 'ഇസ്ലാമും ജാഹിലീയത്തും' 'മൌലാനാ മൌദൂദിയുടെ സ്റ്റേറ്റ്മെൻറ്' മുതലായ പല പുസ്തകങ്ങളും കേരള ജമാഅത്തെ ഇസ്ലാമി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയെല്ലാം മലയാളത്തിൽ ഭാഷാന്തരം ചെയ്തു പ്രസിദ്ധീകരിച്ചതു വിഭജനത്തിനു ശേഷമാണെന്ന വസ്തുത പ്രത്യേകം ഓർക്കേണ്ടതാണ്. ഇതിനു പുറമേ കേരളത്തിലെ അവരുടെ മുഖപത്രമായ 'പ്രബോധനം' 1949 മുതൽ ഇതുവരെ മൌദൂദി സാഹിബിൻെറ ലേഖനങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിച്ചുവരുന്നു. ഇങ്ങനെയെല്ലാമാണെങ്കിലും മൌദൂദി സാഹിബും തങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നു അവസരോചിതം പറയാൻ ഇവർ മടിക്കുന്നുമില്ല.

ഈ ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയുടെ, ഗവൺ

Scanned with CamScanner

മെണ്ടുമായുള്ള നിസ്സഹകരണനയത്തിൽ ഇതുവരെ യാതൊരു വ്യതിയാനവും ഉണ്ടായിരുന്നില്ല. ഇവർ പാക്കിസ്ഥാനിൽ മൌദൂദി സാഹിബ് 'ഭരണം പിടിച്ചു പറ്റുന്ന' അവസരം പാർത്തുകൊണ്ടിരിക്കയായിരുന്നു. അദ്ദേഹം തൻെറ വികസന പ്രവർത്തനം തുടരുമ്പോൾ തങ്ങളും ഒന്നു സഹായിച്ചുകൊടുക്കാമെന്ന് ഇവർ വ്യാമോഹിച്ചിട്ടുണ്ടായിരിക്കണം. മൌദൂദിസാഹിബിൻെറ അവിടത്തെ സംരംഭങ്ങളെ ഇവർ ഇവിടെ എടുത്തുപറയാറുണ്ടായിരുന്നു. പക്ഷെ, പിന്നീടു പാക്കിസ്ഥാനിൽ നേരിട്ട നിരന്തരമായ പരാജയങ്ങൾ ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയെ നിരാശപ്പെടുത്തി. മാത്രമല്ല, ഇന്ത്യാ ഗവർമ്മെണ്ടിനു ഇവരുടെ സമരസന്നാഹങ്ങൾ കണ്ടു സംശയം തോന്നിതുടങ്ങി. ചില നേതാക്കന്മാരെ പിടിച്ചു ജയിലിലിട്ടു. യു. പി. സംസ്ഥാന ഗവർമ്മെണ്ടു അവിടത്തെ ജമാഅത്തെ ഇസ്ലാമിയുടെ നേരെ ചില ശിക്ഷണ നടപടികൾ കൈകൊണ്ടു. പണ്ഡിറ്റ് നെഹ്റു ജമാഅത്തെ ഇസ്ലാമിയുടെ രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളിൽ ആശങ്ക പ്രകടിപ്പിച്ചു പ്രസ്താവനകളിറക്കി. ഇങ്ങിനെ നാന ഭാഗത്തുനിന്നും പരാജയം പറ്റിയപ്പോഴാണ് ഇപ്പോഴത്തെ ഈ പോളിസി മാറ്റമുണ്ടായത്. അതായതു, 'പതിനെട്ടിലും നല്ലതു പാച്ചലാണെ'ന്ന സിദ്ധാന്തം സ്വായത്തമാക്കിയിരിക്കയാണ്.

എന്നാൽ ഈ 'പോളിസി' മാറ്റത്തിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. മേലിൽ "ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ"ൽ ഗവമ്മെണ്ടുമായി സഹകരിക്കുമെന്നാണല്ലോ ഇപ്പോൾ ഇവർ പാസ്സാക്കിയിരിക്കുന്നത്. ഇതിലെ ഉപാധി പ്രത്യേകം ശ്രദ്ധേയമാണ്. "ജനക്ഷേമകരം" ഏതെ

Scanned with CamScanner

ല്ലാമെന്നു തീരുമാനിക്കുന്നതു ജമാഅത്തെ ഇസ്‌ലാമി തന്നെയായിരിക്കും. മാത്രമല്ല, ഒരു റിപ്പോർട്ടിൽ "യഥാർത്ഥ ജനക്ഷേമത്തിന്നുള്ളതു" എന്നും കാണുന്നു. അതായതു ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി ഗവർമ്മെണ്ടിൻെറ ഏതെങ്കിലും ഒരു പ്രവർത്തിയിൽ സഹകരിക്കണമെങ്കിൽ ആ പ്രവൃത്തി "യാഥാർത്ഥത്തിൽ ജനക്ഷേമത്തിനുള്ള" താണെന്നു അവർക്കു ബോദ്ധ്യമാകണമെന്നു താപ്പര്യം, "ജനക്ഷേമകരം" എന്നും "യഥാർത്ഥം" എന്നുമുള്ള ഈ പദങ്ങളുടെ സമർത്ഥരായ പ്രയോക്താക്കൾ തന്നെയായിരിക്കും അവയുടെ വ്യാഖ്യാതാക്കളുമെന്നു പറയേണ്ടതില്ലല്ലോ. മൌദൂദിസംഘക്കാർ 'ടെക്ക് നിക്ക് ' വിദഗ്ധന്മാരാണെന്നു ഞാൻ മുമ്പ് പ്രസ്താവിച്ചതോർക്കണം. പദങ്ങളുടെ പലതരം കസറത്തുകളും അവർ വശമാക്കിയിട്ടുണ്ടു. അക്കൂട്ടത്തിൽ പുതിയൊരുടെക്ക് നിക്കാണിതെന്നു പറയേണ്ടിയിരിക്കുന്നു. തങ്ങളുടെ പക്കൽ ഏതെല്ലാമാണ് "യഥാർത്ഥ ജനക്ഷേമകരം" ആ ഇനത്തിൽ പെടാത്തതു എന്ന സംഗതി ഈ ജമാഅത്തുകാർ അവരുട്ടെ പ്രസിദ്ധീകരണങ്ങളിൽ വിവരിക്കുമോ? അതല്ല, അവരുടെ സ്റ്റഡീക്ലാസ്സുകളിൽമാത്രം വിശദീകരിക്കുമോ എന്നറിയില്ല. നിർബ്ബന്ധിതാവസ്ഥയിൽ എന്തും ചെയ്യാമെന്ന വിധിയനുസരിച്ചാണ് തങ്ങൾ ഇപ്പോൾ താഗൂത്ത് ഗവമ്മെർമ്മെണ്ടിനെ അനുസരിക്കുന്നതെന്നു പറയുന്നവർക്ക് ഈ 'പൊളിസി'മാറ്റവും ആ വകുപ്പിൽപെട്ട താണെന്നു പറഞ്ഞൊഴിയാൻ പ്രയാസമുണ്ടാവില്ല!

ഒരു സംഗതി പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഇനിയും ഇന്ത്യാ ഗവർമ്മെണ്ടിനോടു കൂറു പ്രഖ്യാപിച്ചിട്ടില്ല. എന്നിരുന്നാലും, മേലിൽ,

CS Scanned with CamScanner

ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ ഗവർമ്മെണ്ടുമായി സഹകരിക്കുമെന്നു ഒരു "പോളിസി" പ്രഖ്യാപിക്കാനെങ്കിലും ഈ പത്തൊമ്പതു കൊല്ലങ്ങൾക്കു ശേഷം അവർക്ക് സന്മനസ്സുണ്ടായതു ശുഭസൂചകമാണ്. പ്രകാരാന്തരേണ പറഞ്ഞാൽ, മൌദൂദികൾ ഇപ്പോൾ ആ നിഷിദ്ധമായ മാംസക്കറിയുടെ ചാറ് വിഹിതവും കഷണം അഹിതവുമാണെന്ന നിഗമനത്തിലെത്തിയിരിക്കുന്നു. കാലാന്തരത്തിൽ, അനുഭവജ്ഞാനം വർദ്ധിക്കുമ്പോൾ, അതിൻെറ കഷണവും വിഹിതമാണെന്നു അവർക്ക് മനസ്സിലാകുമെന്നു നമുക്ക് പ്രത്യാശിക്കാം. ഇൻശാഅല്ലാഹ്!

CS Scanned with CamScanner

## *Islam and Jamaat-e-Islami*

*Here is a modest but sincere attempt to analyse the doctrines and deeds of a Movement that claims to be the true Islamic militant organization, all set to conquer the world for the Islamic rule.*

*Moulavi Muhammad Abdul Wafa, the learned author, examines the main tenets of the Jamaat-e-Islami at its own sources and sets them against the teachings of the Holy Quran.*

*Placed as we are in the lurid scenario of escalating violence and religious terrorism, the treatise proves its own relevance.*

**-The Publishers**

Scanned with CamScanner